ബിൽ ഇവിടെ ചർച്ചചെയ്തപ്പോഴും ചർച്ച ചെയ്യപ്പെടുകയും ചെയ്തതാണ്. അതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പറഞ്ഞിരിക്കുന്നത്, അവർ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികളും നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾക്കൊള്ളിച്ചെങ്കിൽ മാത്രമേ അവർക്ക് ആ കാര്യത്തിൽ അനന്തര നടപടികളും സ്വീകരിക്കുവാൻ കഴിയൂ എന്നാണ്. പുതുതായി ആരംഭിക്കുന്ന യൂണിവേഴ്സിറ്റികൾക്ക് ഇപ്പോൾ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളും ബാധകമാക്കുകയും കാലക്രമത്തിൽ ഇപ്പോൾ നിലവിലുള്ള യൂണിവേഴ്സിറ്റി നിയമത്തിൽ ആ ഭേദഗതി വരുത്തുകയും ചെയ്യണമെന്നാണ് യു.ജി.സി. യുടെ നിർദ്ദേശം. ഈ സഭയിൽ ചർച്ചചെയ്യപ്പെട്ടപ്പോൾ ഉയർന്നുവന്ന അഭിപ്രായങ്ങളും ഞാൻ യു.ജി.സി. ചെയർമാനേയും കേന്ദ്ര വിദ്യാഭ്യാസ വകുപ്പു മന്ത്രിയേയും അറിയിക്കുകയുണ്ടായി. ഈ സെപ്റ്റംബറിൽ തന്നെ കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി യു.ജി.സി. ചെയർമാനുമായി ചർച്ച നടത്താമെന്നും ആ സന്ദർഭത്തിൽ സംസ്ഥാന ഗവൺമെൻറിനെക്കൂടി അറിയിക്കാം എന്നും എന്നെ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഡൽഹിയിൽ ഈ കാര്യത്തിനുവേണ്ടി മാത്രമായി ചർച്ചനടത്തുന്നുണ്ട്. യു.ജി.സി.യുടെ അംഗീകാരം കിട്ടിയിട്ടില്ലെന്നുള്ള കാരണത്താൽ അവിടത്തെ ഡിഗ്രിയ്ക്കോ മറ്റുള്ള കാര്യങ്ങൾക്കോ യാതൊരു കുഴപ്പവും ഇല്ല. ഇവിടെ ശ്രീ. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ നമുക്കു കിട്ടുന്ന ഗ്രാന്റ്സിനെ സംബന്ധിച്ച് ചില ബുദ്ധിമുട്ടുകളുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് കഴിയുന്നിടത്തോളം യു.ജി.സി. യുടെ ഗ്രാന്റ് ലഭ്യമാക്കാനുമുള്ള ശ്രമം നടത്തിവരികയാണ്. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകൾക്ക് യു.ജി.സി. യുടെ ഗ്രാന്റ് കിട്ടുന്നുണ്ട്. അതുകൊണ്ട് കോളേജുകളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല. യൂണിവേഴ്സിറ്റിക്ക് കിട്ടാനുള്ള കുറച്ചു ഗ്രാന്റ് ലഭ്യമാകാതെ വരുന്നത് എങ്ങനെയെങ്കിലും ലഭ്യമാക്കാനുള്ള ശ്രമം നടത്തിവരികയാണ്. ഡൽഹിയിൽ നടക്കുന്ന ചർച്ചയിൽവച്ച് ഇതിന് ഒരു അന്തിമരൂപം കൊടുക്കാനും കഴിയുന്നതും വേഗം ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് അംഗീകാരം കിട്ടുകയും ചെയ്യും എന്നാണ് എന്റെ പ്രതീക്ഷ.

IV. നിയമനിർമ്മാണ കാര്യം

1985-ലെ കേരള കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ഭേദഗതി ബിൽ

Minister for Industries (**Shri E. Ahammed**): Sir, I move that the Kerala Cashew Factories (Requisitioning) Amendment Bill, 1985 be referred to Subject Committee IV—Industry and Minerals.

Deputy Chief Minister (**Shri K. Avukaderkutty Naha**): Sir, I second it.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഇത് വളരെ ചെറിയ ഒരു ഭേദഗതി നിയമമാണ്. 1979-ൽ നിയമസഭ പാസ്സാക്കിയ കേരളാ കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ആക്ടിലെ മൂന്നാം വകുപ്പിനു ള്ള ഒരു ഭേദഗതിമാത്രമാണ് ഇത്. 1970-കളിൽ കശുവണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായത്തിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കുവാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് കശുവണ്ടി വികസന കോർപ്പറേഷൻ രൂപീകരിച്ചു. കശുവണ്ടി വികസന കോർപ്പറേഷന് സ്വന്തമായി 9 ഫാക്ടറികളുണ്ട്: ബാക്കി 25 ലീസിന് എടുത്തിട്ടുള്ളവയാണ്. അതും കോർപ്പറേഷന്റെ അധീനതയിലാണ്. കശുവണ്ടി വ്യവസായത്തിൽ പ്രതിസന്ധി ഉണ്ടായപ്പോഴും പല ഫാക്ടറികളുടേയും ഉടമകളും അവ ലീസിന് കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനു വട്ടംകൂട്ടി. അതിനുവേണ്ടി ചില സ്ഥലങ്ങളിൽ തൊഴിലാളികളെക്കൊണ്ടുതന്നെ ഘോഷയാത്ര നടത്തിക്കുകയും ചെയ്യുകയുണ്ടായി. അങ്ങനെ ഈ ഫാക്ടറികളും കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശം വന്നു. ലീസ് പീരിയഡ് അഞ്ചുവർഷം ആയിരുന്നു. ആ അഞ്ചുവർഷക്കാലത്തിനിടയ്ക്ക് പൊതുമേഖലാസ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ അവിടെ തൊഴിലാളികൾക്ക് അനുകൂലമായ സാഹചര്യങ്ങളുണ്ടാക്കുകയും അവർക്ക് തൊഴിൽ ലഭ്യമാക്കുകയും ആ ഫാക്ടറികൾ നല്ലനിലയിൽ നടത്തുകയും ചെയ്തു. ലീസിന്റെ വ്യവസ്ഥയനുസരിച്ച് അഞ്ചു വർഷം കഴിഞ്ഞാൽ ഫാക്ടറികൾ അതിന്റെ ഉടമകൾക്ക് തിരികെ കൊടുക്കണം. അതനുസരിച്ച് പല ഫാക്ടറി ഉടമകളും ഫാക്ടറികൾ തിരികെ കിട്ടാൻ ശ്രമിച്ചു. അങ്ങനെ അവർക്ക് ഫാക്ടറികൾ തിരികെ കൊടുക്കുമ്പോൾ ഉണ്ടാകാവുന്ന ചില വിഷമതകളുണ്ട്. അതുവരെ തൊഴിലുണ്ടായിരുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുക, അതുവരെ നല്ലനിലയിൽ നടന്നിരുന്ന ഫാക്ടറി മറ്റുള്ളവരെ ഏൽപ്പിക്കുക തുടങ്ങിയവയാണ് അവ. വീണ്ടും കശുവണ്ടി വ്യവസായ രംഗത്ത് ഒട്ടേറെ പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമെന്നനിലയിൽ വന്നപ്പോഴാണ് 1979—ലെ റികവിസിഷൻ ആക്ട് നിയമസഭ പാസ്സാക്കിയത്. ആ ആക്ടിലെ മൂന്നാം വകുപ്പ് അനുസരിച്ച് അഞ്ചു വർഷംവരെ വീണ്ടും റികവിസിഷൻ നടത്തി കോർപ്പറേഷനെ അത് ഏൽപ്പിക്കാനുള്ള വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ഇതിന്റെ പ്രധാനമായ കാരണങ്ങളിൽ ഒന്ന്, കോർപ്പറേഷൻ ലീസിന് എടുത്തിരുന്ന രണ്ടു ഫാക്ടറികൾ തിരികെ കിട്ടാൻവേണ്ടി അതിന്റെ ഉടമകൾ കോടതിയെ സമീപിച്ചതാണ്. അങ്ങനെ കോടതിയെ സമീപിച്ചപ്പോൾ കോടതി വിട്ടുകൊടുക്കണമെന്നു പറഞ്ഞു. അഞ്ചു കൊല്ലത്തിനു ശേഷം ഫാക്ടറികൾ അതാതുടമകൾക്ക് വിട്ടുകൊടുക്കാനുള്ള വ്യവസ്ഥയാണ് നിയമത്തിൽ ഉണ്ടായിരുന്നത്. എന്നാൽ നിരവധി ഫാക്ടറി ഉടമകൾ അവ വീണ്ടും കോർപ്പറേഷനെത്തന്നെ അവ ഏൽപ്പിച്ചു എങ്കിലും രണ്ടു ഫാക്ടറി ഉടമകൾ അതിനു വഴങ്ങിയില്ല. അതു പ്രകാരം രണ്ടു ഫാക്ടറികളുടേയും ലീസ് അവധി 11—4—1982, 26—2—1982 എന്നീ തീയതികളിൽ അവസാനിച്ച ഘട്ടത്തിൽ വീണ്ടും നിയമത്തിൽ ഭേദഗതി വരുത്തുവാനും ഗവൺമെന്റ് നടപടിയെടുത്തു. മൂല നിയമത്തിൽ, 1979—ലെ നിയമത്തിൽ വെറും അഞ്ചു വർഷം മാത്രമാണ് കാലാവധിയുണ്ടായിരുന്നത്. ഈ പുതിയ ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് അയ്യഞ്ചുവർഷക്കാലം നീട്ടിക്കൊടുക്കാം എന്നാണ്. അയ്യഞ്ചു വർഷം നീട്ടിക്കൊടുക്കാൻ നിയമത്തിൽ ഇങ്ങനെ ഒരു വ്യവസ്ഥ വയ്ക്കാത്തപക്ഷം കോർപ്പറേഷൻ ഏറ്റെടുത്തു നടത്തിയ ഫാക്ടറികൾ തിരിച്ചു കൊടുക്കേണ്ടിവരും. തൊഴിലാളികൾക്ക് ചില പ്രത്യേക ആനുകൂല്യങ്ങൾ നൽകി, നല്ല നിലയിൽ നടത്തുന്ന ഫാക്ടറികൾ ഉടമകൾക്ക് തിരിച്ച് കൊടുക്കുന്നതു വഴി തൊഴിൽ രംഗത്തും കശുവണ്ടിവ്യവസായ രംഗത്തും, വിശിഷ്യാ തൊഴിലാളികൾക്കും നിരവധി വിഷമതകൾ ഉണ്ടാകുമെന്നു മനസ്സിലാക്കിയതിനെത്തുടർന്നാണ് ഈ ഭേദഗതി നിയമം ഗവൺമെന്റ് കൊണ്ടുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭേഗതി നിയമം വന്നതിനുശേഷം തിരിച്ചുകൊടുക്കുവാൻ വേണ്ടി കീഴ്ക്കോടതി പാസ്സാക്കിയിരുന്ന ഓർഡറുകളും ഹൈക്കോടതി
10 a.m.] ദുർബ്ബലപ്പെടുത്തുകയും ആ ഫാക്ടറികളും കോർപ്പറേഷനെത്തന്നെ ഏൽപ്പിക്കണമെന്നും, കോർപ്പറേഷൻ, നിയമത്തിൽ ചെയ്തിട്ടുള്ള വ്യവസ്ഥയനുസരിച്ചുതന്നെ പാട്ടം കൊടുക്കണമെന്നും ഉത്തരവായി. ആദ്യമായി ഈ നിയമം ഒരു ഓർഡിനൻസായി നടപ്പാക്കി. പകരമുള്ള ബില്ലാണ് ഇത്. ഒരു വ്യവസ്ഥ മാത്രമാണ് ഈ ബില്ലിലുള്ളത്. 1979—ലെ കേരള കശുവണ്ടി ഫാക്ടറികളും (ആവശ്യപ്പെടൽ) ആക്ട് മൂന്നാം വകുപ്പ് ഒന്നാം ഉപവകുപ്പിൽ പറയുന്നത് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് വഴി ഉത്തരവിൽ പ്രത്യേകം പറയാവുന്ന അഞ്ചുവർഷത്തിൽ കവിയാത്ത കാലത്തേക്ക് ആ കശുവണ്ടി ഫാക്ടറി ആവശ്യപ്പെടാവുന്നതും ആവശ്യപ്പെടൽ സംബന്ധിച്ച് ആവശ്യമെന്നോ യുക്തമെന്നോ അവർക്ക് തോന്നുന്ന കൂടുതൽ ഉത്തരവുകളും പുറപ്പെടുവിക്കാവുന്നതുമാണ് എന്നാണ്. ഇതിനുപകരം താഴെ പറയുന്നതു ചേർക്കുക എന്നതാണ് ഭേഗതിയുടെ ഉദ്ദേശം. ''ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി (എ) ഉത്തരവിൽ പ്രത്യേകം പറയാവുന്ന അഞ്ചുവർഷത്തിൽ കവിയാതെയുള്ള അത്രയും കാലത്തേക്ക് ആ കശുവണ്ടി ഫാക്ടറി ആവശ്യപ്പെടാവുന്നതും (ബി) ആവശ്യപ്പെടലിന്റെ കാലയളവ് ഒരു സമയം അഞ്ചുവർഷംകണ്ട് നീട്ടാവുന്നതും'' ആയാൽ ആവശ്യപ്പെടലിന്റെ കാലയളവ് ഒരു സമയം 5 വർഷം കണ്ട് നീട്ടാനുള്ള അധികാരം ഗവൺമെന്റിന് നൽകുന്ന ഒരു ചെറിയ നിയമമാണ്. കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രത്യാശയുടേയും പ്രതീക്ഷയുടേയും ഒരു പ്രതീകമായിത്തീർന്നിട്ടുണ്ട്. കശുവണ്ടിവികസന കോർപ്പറേഷന്റെ കൈവശമുള്ളതും വളരെക്കാലമായി നല്ലനിലയിൽ അത് നടത്തിക്കൊണ്ടുപോകുന്നതുമായ ഫാക്ടറികളും, മാറിയ പരിതഃസ്ഥിതിയിൽ തങ്ങൾക്ക് തിരിച്ചെടുക്കാമെന്നുള്ള ആ ഫാക്ടറി ഉടമകളുടെ വ്യാമോഹം പൊതുജനങ്ങളെ സംബന്ധിച്ചും തൊഴിലാളികളെ സംബന്ധിച്ചും വ്യവസായത്തെ സംബന്ധിച്ചും ദോഷകരമാകുന്നതുകൊണ്ട് അത് തടയുവാനും ആ ഫാക്ടറികളും പാട്ടവ്യവസ്ഥയനുസരിച്ചുതന്നെ കോർപ്പറേഷന്റെ അധീനതയിൽ തുടരുവാനും ആവശ്യമായ അധികാരം ഗവൺമെന്റിന് നൽകുന്ന ഒരു ചെറിയ ബില്ലാണ്. ഈ ബിൽ കഴിയുന്നത്രവേഗം സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാവരും ചർച്ചയിൽ സഹകരിച്ചാൽ അത് നമുക്ക് ഇന്നുതന്നെ റഫർ ചെയ്യാവുന്നതാണ്. ഇനി വല്ല വിശദവിവരങ്ങളുമുണ്ടെങ്കിൽ മറുപടി പ്രസംഗത്തിൽ ഞാൻ പറഞ്ഞുകൊള്ളാം.

മി. സ്പീക്കർ: ഈ ബിൽ നമുക്ക് ഇന്നുതന്നെ തീർക്കേണ്ടതാണ്. ഇപ്പോൾ 51—ാളം ബഹുമാനപ്പെട്ട അംഗങ്ങളാണ് സംസാരിക്കേണ്ടതായിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സമയം ഏറ്റവും ചുരുക്കിയെടുത്ത് പ്രധാന പോയിന്റുകൾ പറയുന്നതിന് ശ്രദ്ധിക്കണമെന്നാണ് ചെയറിന്റെ ഭാഗത്തുനിന്നുമുള്ള അഭ്യർത്ഥന.

Sri K. Sankaranarayana Pillai: Sir, I move that the Kerala Cashew Factories (Requisitioning) Amendment Bill, 1985, be circulated for eliciting public opinion till 1.10.1985.

ഈ ബിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ 1979—ലെ മൂലനിയമത്തിൽ ഒരു ഭേഗതി കൊണ്ടുവരുന്നതിനുവേണ്ടിയുള്ളതാണ്. ഈ ബില്ലിലെ വ്യവസ്ഥയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്നാൽ നമ്മുടെ കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധിയും അതിന്റെ ഫലമായി ഈ മേഖലയിൽ പണിയെടുക്കുന്ന ഒന്നരലക്ഷത്തോളം വരുന്ന പരമ്പരാഗത തൊഴിലാളികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പരിഗണിച്ച് പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി സമഗ്രമായ ഒരു ചർച്ച വേണമെന്നുതന്നെയാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കുവാനുള്ളത്. കശുവണ്ടി വ്യവസായം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു പരമ്പരാഗത വ്യവസായമാണ്. എന്നാൽ മറ്റു പരമ്പരാഗത വ്യവസായങ്ങളിൽനിന്നും വ്യത്യസ്തമായി ഇത് ഫാക്ടറിയടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഫാക്ടറി നിയമങ്ങൾക്കനുസൃതമായി സേവനവേതന വ്യവസ്ഥകളുണ്ടാക്കി അതിന്റെ ഫലമായി ഉൽപ്പാദനം നടത്തി കശുവണ്ടിപ്പരിപ്പ് വിദേശരാജ്യങ്ങളിൽ കയറ്റി അയച്ച് വിദേശനാണ്യം നേടുന്ന സംവിധാനമുള്ള ഒരു വ്യവസായമാണ്. പക്ഷേ ഇന്ന് മറ്റു പരമ്പരാഗത വ്യവസായങ്ങളെ അനുഭവിക്കുന്നതുപോലെയുള്ള ബുദ്ധിമുട്ടുകളും പരാധീനതയും കശുവണ്ടി വ്യവസായവും അഭിമുഖീകരിക്കുന്നുണ്ട്. ഇതിന് അൽപ്പം പരിഹാരം കാണുന്നതിനുവേണ്ടിയാണ് 1979—ൽ നാം ഇതിന്റെ മൂലനിയമം കൊണ്ടുവന്നത്. എന്നാൽ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 65 പക്കാ ഫാക്ടറികളും പൂട്ടിക്കിടക്കുകയാണ്. അപ്പോൾ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു മൂലനിയമത്തിന്റെ ഉപയോഗം ഈ കാലഘട്ടത്തിനിടയ്ക്ക് പരിപൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇന്ന് 65 പക്കാ ഫാക്ടറികളും ഇവിടെ പൂട്ടിക്കിടക്കുന്ന സ്ഥിതി ഉണ്ടാകുമായിരുന്നില്ല. ഏതാണ്ട് 240 ഫാക്ടറികളും നമ്മുടെ സംസ്ഥാനത്തുണ്ടെന്നോണ് കണക്ക്. അതിൽ ഗവൺമെൻറ് നേരിട്ട് നടത്തുന്ന കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ 34 ഫാക്ടറികളും കാപ്പക്സ് എന്നു പറയുന്ന പുതുതായി രൂപീകരിച്ച അപ്പക്സ് സഹകരണ സംഘം ഏഴ് ഫാക്ടറികളുമാണ് നടത്തുന്നത്. മറ്റെല്ലാം തന്നെ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്.

ഈ കശുവണ്ടി മേഖലയിൽ എന്തുകൊണ്ടാണ് പ്രതിസന്ധിയുണ്ടായത്? കശുവണ്ടിവ്യവസായം തകർന്നതാണോ കാരണം? കശുവണ്ടി വ്യവസായം തകർന്നതാണെന്ന് നമുക്ക് വിശ്വസിക്കാൻ കഴിയുകയില്ല. കാരണം ഏതെങ്കിലും വ്യവസായം തകർന്നാൽ തൊഴിലാളികളും മാത്രമല്ല, മുതലാളിമാരും തകരണം. പക്ഷേ നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കശുവണ്ടി മേഖലയിലെ തൊഴിലാളികളും തകരുകയും എന്നാൽ മുതലാളിമാർ തകരാതിരിക്കുകയും ചെയ്തു എന്നു കാണാൻ കഴിയും. ഏറ്റവും മൂലധനച്ചെലവ് കുറഞ്ഞ ഒരു വ്യവസായശാലയാണ് കശുവണ്ടി വ്യവസായശാല. അതിനാവശ്യമുള്ള ഷെഡ്ഡുകളും ബോർമയും കഴിഞ്ഞാൽ പരമാവധി മനുഷ്യ പ്രയത്നം ഉപയോഗിക്കുന്ന ഒരു വ്യവസായമെന്ന നിലയിൽ വളരെ തുച്ഛമായ യന്ത്രസാമഗ്രികളും ആവശ്യമുള്ള ഒരു വ്യവസായമാണിത്. ഇതിന്റെ മൂലധനച്ചെലവിനേക്കാൾ എത്രയോ ഇരട്ടി ലാഭം ഈ വ്യവസായം നടത്തിയതിലൂടെ കശുവണ്ടിമുതലാളിമാർക്ക് ഈ വ്യവസായത്തിന്റെ നല്ല കാലഘട്ടങ്ങളിൽ കിട്ടിയിട്ടുണ്ട്. നമ്മുടെ ഇന്ത്യൻ മുതലാളിത്തത്തിന്റെ ഒരു പൊതുവായ സ്വഭാവം, മുടക്കുന്ന കാശിന് പരമാവധി ഗുണമുണ്ടായിക്കഴിഞ്ഞാൽ ആ വ്യവസായം തകർത്തിട്ടുപോവുക അല്ലെങ്കിൽ പിന്നീട് അത് കള്ളപ്പണം പെരുപ്പിക്കാനുള്ള ഒരു മേഖലയാക്കിമാറ്റുക എന്ന ഒരു സമീപനം തന്നെ നമ്മുടെ കശുവണ്ടി മുതലാളിമാർ നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചു എന്നതിന്റെ ഫലമായിട്ടാണ് ഇത് സംഭവിച്ചതെന്നാണ് എനിക്ക് പറയാനു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. ഇതിനെ സംബന്ധിച്ചിടത്തോളം ഇതിന് സഹായകരമായ നില പാട് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി എന്നുള്ളതാണ് വളരെ ദുഃഖകരമായ ഒരു വസ്തുത.

സർ, 1972 മുതൽ ഒരു കാനലൈസേഷൻ പോളിസിയുണ്ടായിരുന്നു. ആഫ്രിക്കയിൽനിന്നും കൊണ്ടുവരുന്ന തോട്ടണ്ടി ഗവൺമെന്റ് കൊണ്ടു വന്നിട്ട് വ്യാപാരികൾക്ക് വീതിച്ചു കൊടുക്കുമായിരുന്നു. അത് കാഷ്യൂ കോർപ്പറേഷനുണ്ടായിരുന്നപ്പോൾ കാഷ്യൂകോർപ്പറേഷനും അതുപോലെ മറ്റു സ്വകാര്യ വ്യവസായികൾക്കുമായി വീതിച്ചുകൊടുക്കുമായിരുന്നു. പക്ഷേ 1980-ൽ മതിയായ ന്യായീകരണം കൂടാതെ അത് നിറുത്തി. ആഫ്രിക്കൻതോട്ടണ്ടി കിട്ടാനില്ലെന്ന ന്യായീകരണം ആരെങ്കിലും പറയുമെന്നു എനിക്ക് തോന്നുന്നില്ല. ഇന്ന് ലോകത്തിൽ നമ്മുടെ സംസ്ഥാനത്തുള്ളതു പോലെ കശുവണ്ടിപ്പരിപ്പ് തല്ലിയെടുക്കുന്നതിനുള്ള വിദഗ്ദ്ധ തൊഴിലാളികൾ മറ്റൊരു രാജ്യത്തുമില്ല. പക്ഷേ ചിലരുടെ സ്വാർത്ഥ താൽപ്പര്യം നിമിത്തം ആഫ്രിക്കൻ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്ന സംവിധാനം നിറുത്തിയതോടുകൂടി ഒരു പ്രതിസന്ധി ഉണ്ടായി. അതിന് തൊട്ടുമുമ്പ് 1979-ൽ നാം ഈ വ്യവസായശാലകൾ, സ്വകാര്യ മാനേജുമെന്റുകൾ അടച്ചിടുന്ന വ്യവസായ ശാലകൾ ഏറ്റെടുക്കുന്നതിന് വേണ്ടിയാണ് ഈ റിക്യൂസിഷനിംഗ് ആക്ട് പാസ്സാക്കിയത്. അതിനുശേഷമാണ് 1980-ൽ കാനലൈസേഷൻ പോളിസി വേണ്ടെന്നുവച്ചത്. അപ്പോൾ ഒരു പുതിയ സാഹചര്യം 1980-ൽ ഉണ്ടായി. അതിനുശേഷം ഈ സംസ്ഥാനത്തുള്ള കശുവണ്ടി തൊഴിലാളികൾ എങ്ങനെ ജീവിക്കുന്നു, ഈ ഫാക്ടറികൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നു കണക്കെടുത്തുകൊണ്ട് പടിപടിയായി ഈ മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ നൽകുന്നതിനുള്ള ഒരു സംവിധാനം, (അത് മുഴുവൻ ദേശവൽക്കരിക്കണമെന്ന അഭിപ്രായമല്ല), ഉണ്ടാകേണ്ടത് ആവശ്യമായിരുന്നു. കാഷ്യൂ കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നു പറയുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഒരു സ്ഥാപനമാണ് ആഫ്രിക്കൻ തോട്ടണ്ടി ഇറക്കുമതി ചെയ്തുകൊണ്ടിരുന്നത്.

അതേസമയം ക്യാനലൈസേഷൻ പോളിസി നിറുത്തിയതിനുശേഷം സ്വകാര്യമുതലാളിമാർക്ക് വെളിയിൽനിന്ന് തോട്ടണ്ടികൊണ്ടുവന്ന് വറുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുമെന്ന് പറഞ്ഞ് ചില മുതലാളിമാർക്ക് അത് ഇറക്കുമതി ചെയ്യാൻ ലൈസൻസ് കൊടുത്തു. അപ്പോഴും കൊണ്ടുവരുന്നതിന്റെ 50 ശതമാനം തോട്ടണ്ടി ഗവൺമെന്റിൽ നൽകണമെന്ന ഒരു വ്യവസ്ഥ വച്ചിരുന്നു. പക്ഷേ കിട്ടിയിട്ടില്ല. അങ്ങനെ വ്യവസ്ഥ വച്ചുവെങ്കിലും അതിൽ ആത്മാർത്ഥതയില്ലായിരുന്നു. വ്യവസായികൾ ആഫ്രിക്കയിൽ ടാൻസാനിയായിലും മറ്റും പോയാൽ തോട്ടണ്ടി കിട്ടുകയും ഗവൺമെന്റ് പോയാൽ കിട്ടാതിരിക്കുകയും ചെയ്യുന്ന ദുരൂഹമായ ഒരു സാഹചര്യമുണ്ടായി. അങ്ങനെ ഇവിടെ കൊണ്ടുവന്നാൽ സ്വകാര്യമുതലാളിമാരുടെ കൈയിൽ നിന്നും 50 ശതമാനം ഗവൺമെന്റിന് നൽകണമെന്ന വ്യവസ്ഥയിൽ രക്ഷപ്പെടുന്നതിനുവേണ്ടി ഒരു ഇരട്ട വില സമ്പ്രദായം അവർ സ്വീകരിച്ചുവെന്നത് നമുക്കറിയാം. ആഫ്രിക്കയിൽ നിന്നു വാങ്ങുന്ന തോട്ടണ്ടി അവിടെ ഒരു വിലയ്ക്ക് വാങ്ങുകയും എന്നിട്ട് നാട്ടിൽ എത്തിക്കുന്നതിനുമുമ്പ് ഏതെങ്കിലും ഒരു ബന്ധുവിന്റേയോ മകന്റേയോ പേരിൽ വേറെ ഏതെങ്കിലും ഒരു കമ്പനി ഉണ്ടാക്കി അവരിലൂടെ കൊണ്ടുവരുകയുമാണുണ്ടായത്. 10,000 രൂപയാണ് വാങ്ങുന്നതെങ്കിലും കേരളത്തിൽ കൊണ്ടുവരുമ്പോൾ സിങ്കപ്പൂരിലോ മലേഷ്യയിലോ ഏവിടെയെങ്കിലും ഒരു ഏജൻസിയുണ്ടാക്കിവച്ച് അവരിൽ നിന്ന് വാങ്ങുന്ന ഒരു വ്യവസ്ഥ ഉണ്ടാക്കിവച്ച് അതിന്റെ വില 14,000 രൂപ ആക്കുക— അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവികമായും അവർ തരാമെന്നു പറഞ്ഞാൽപോലും ഗവൺമെന്റിന് വാങ്ങാൻ കഴിയാത്ത ഒരു ദുഃസ്ഥിതി ഉണ്ടായി. ഞാൻ ഇത് സൂചിപ്പിക്കുവാൻ കാരണം ബോധപൂർവ്വമായ ഒരു ശ്രമം കേന്ദ്ര ഗവൺമെന്റിന്റേയും മുതലാളിമാരുടേയും ഭാഗത്തുനിന്ന് ഉണ്ടായതിന്റെ ഭാഗമായിട്ടാണ് ഈ വ്യവസായങ്ങൾ തകർന്നതെന്നതുകൊണ്ടാണ്. അല്ലാതെ ഇത് സ്വാഭാവികമല്ല.

സർ, തോട്ടണ്ടിയുടെ വില കശുവണ്ടിപ്പരിപ്പിന്റെ അന്തർദേശീയവിലയുമായി ബന്ധപ്പെട്ടാണിരിക്കുന്നത് എന്ന് നമുക്കറിയാം. അത് പരിപ്പിന്റെ വില കൂടുമ്പോൾ കൂടും, കുറയുമ്പോൾ കുറയും. താൽക്കാലികമായ പ്രതിസന്ധികളും ഉണ്ടാകാറുണ്ട്. ഒന്നരലക്ഷം തൊഴിലാളികൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുന്ന ഒരു വ്യവസായമെന്ന നിലയിൽ, രാജ്യത്തിന് വിശേഷനാണ്യമുണ്ടാക്കിത്തരുന്ന ഒരു വ്യവസായമെന്ന നിലയിൽ ഒരു ഏറാക്കുറച്ചിൽ ഉണ്ടായിയെങ്കിലും അതിനെ നിലനിറുത്തുവാൻ കേന്ദ്ര ഗവൺമെന്റിന് കഴിയുമായിരുന്നു. അവർ അത് ചെയ്തില്ല. മാത്രമല്ല ആ സാഹചര്യം ദുരുപയോഗപ്പെടുത്തിക്കൊണ്ട് സ്വകാര്യ മുതലാളിമാർക്ക് തോട്ടണ്ടി കൊണ്ടുവരുവാനുള്ള വ്യവസ്ഥ ഉണ്ടാക്കിക്കൊടുക്കുകയുമാണ് ചെയ്തത്. അതിന്റെ ദുരന്തഫലം എന്തായിരുന്നു? കയറുമതി—ഇറക്കുമതി ലൈസൻസുള്ള ഫാക്ടറികൾ അടഞ്ഞുകിടന്നപ്പോൾ കേരളത്തിലെ കശുവണ്ടി ഫാക്ടറികളെല്ലാം അതിർത്തി കടന്നുപോയി. കർണ്ണാടകത്തിലേക്കും തിമഴ്നാട്ടിലേക്കും പോയി. നമുക്കറിയാം ആ പ്രദേശങ്ങളിലൊന്നും കശുവണ്ടി കൃഷിയില്ല. അവിടെ കശുവണ്ടി കിട്ടാനില്ല. ആഫ്രിക്കയിൽ നിന്ന് കശുവണ്ടി വരുന്നില്ലായെന്ന് പറഞ്ഞു. പിന്നെ എങ്ങനെയാണ് കളിയിക്കവിളയ്ക്കും കാസർകോഡിനും അപ്പുറത്തുള്ള ഈ വ്യവസായശാലകളിൽ വറുപ്പ് നടക്കുന്നത്? തീർച്ചയായും അത് വ്യക്തമാണ്. ഈ സംസ്ഥാനത്തുള്ള കശുവണ്ടി അവിടേക്ക് കടത്തിക്കൊണ്ടുപോകുകയാണ്. ആ സാഹചര്യം മനസ്സിൽ കണ്ടപ്പോൾ നമ്മൾ ഒരു സംവിധാനം സ്വീകരിച്ചു. അതാണ് കശുവണ്ടിയുടെ കുത്തകസംഭരണം. ഒരേസമയം കൃഷിക്കാരന് ന്യായവില ഉറപ്പുനൽകുകയും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി അസംസ്കൃത വസ്തുക്കൾ സ്വകാര്യ മേഖലയിലായാലും പൊതുമേഖലയിലായാലും നൽകുന്ന ആ ഒരു സംവിധാനത്തിന്റെ ഫലമായി ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി, ഡി.എ. തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുവാനും അവർക്ക് കഴിയുമായിരുന്നു. നിർഭാഗ്യവശാൽ അത് നിറുത്തി. അത് നിറുത്തിയപ്പോൾ അതിന് ഗവൺമെന്റ് പറഞ്ഞ ന്യായീകരണം കശുവണ്ടി വ്യവസായത്തിന് പ്രതിസന്ധിയില്ലയെന്നാണ്. 34 കശുവണ്ടി ഫാക്ടറികൾ കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നടത്തിയതുകൊണ്ടുമാത്രം അല്ലെങ്കിൽ ഏഴ് ഫാക്ടറികൾ കാപ്പക്സ് നടത്തിയതുകൊണ്ടുമാത്രം ഈ പ്രതിസന്ധി തീർന്നുവെന്ന് പറയുവാൻ കഴിയില്ല. കാരണം നിരവധി അടഞ്ഞു കിടക്കുന്ന സ്വകാര്യ വ്യവസായശാലകളുണ്ട്. അവിടെ കശുവണ്ടിത്തൊഴിലാളികൾ പണിയെടുക്കുന്നില്ല. എന്നാൽ മുതലാളിമാരെല്ലാം കശുവണ്ടി വാങ്ങുന്നുമുണ്ട്. പക്ഷേ ആ കശുവണ്ടിയെല്ലാം നമ്മുടെ സംസ്ഥാനത്തിനു പുറത്തുപോകുകയും അവിടെയുള്ള കുടിവറുപ്പുശാലകളിൽ നമ്മുടെ സംസ്ഥാനത്തുള്ളതുപോലെയുള്ള സേവന വേതന വ്യവസ്ഥകളും റജിസ്ട്രേഷനും മറ്റു നിയമപരമായ സംരക്ഷണങ്ങളുമൊന്നുമില്ലാത്തതുകൊണ്ട് ഫാക്ടറികളിൽ കുടിവറുപ്പുശാലകൾ നടത്തി നമ്മുടെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന ഒരവസ്ഥയാണ് ഇന്നുണ്ടായിരിക്കുന്നത്. അതിന് എന്തുപരിഹാരം കാണാൻ കഴിയുമെന്നുള്ളതാണ് പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

സർ, നാളെ ഒരു ബിൽ വരുന്നുണ്ട്. അത് കാപ്പെക്സിന്റെ കാര്യമാണ്. കാപ്പെക്സ് വളരെയേറെ കൊട്ടിഘോഷിച്ചതാണ്. ഏഴു ഫാക്ടറികൾമാത്രം ഏറെറടുക്കുവാൻ കഴിഞ്ഞു. ഇപ്പോൾ അവസാനമായി ഭരണമുന്നണിയിലെ ആഭ്യന്തര തർക്കം നിമിത്തം അതിന്റെ ബോർഡ് പിരിച്ചുവിട്ടുകൊണ്ട് കോൺഗ്രസ്സ് (ഐ.)യിലെ കൃഷ്ണകുമാറിനെ അതിന്റെ ചെയർമാൻ സ്ഥാനത്തുനിന്നും കളഞ്ഞിരിക്കുന്നു. അതും ഒരു രാഷ്ട്രീയവേദിയാക്കിയെന്നുള്ളതല്ലാതെ ഈ അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ ഏറെറടുക്കുവാൻ ഈ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല. 1984 ജൂൺ 30-ന് ബഹുമാനപ്പെട്ട ഇരവിപുരം മെമ്പർ ഈ സഭയിൽ കശുവണ്ടിവ്യവസായത്തെ സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നു. അന്ന് മന്ത്രി പറഞ്ഞത് കശുവണ്ടിയുടെ അന്തർദേശീയവിൽപ്പനവില താണുകൊണ്ടിരിക്കുന്നുവെന്നാണ്. 1984 ഒക്ടോബറിൽ ഉണ്ടായിരുന്ന ഏതാണ്ട് 230 സെൻറ് വില 1985 ഫെബ്രുവരിയിൽ 180 സെൻറായി കുറഞ്ഞുവെന്ന് വ്യവസായവകുപ്പു മന്ത്രി പറഞ്ഞു. പക്ഷേ ഇന്ന് എന്താണ് സ്ഥിതി? ഇന്ന് അന്തർദേശീയവിൽപ്പന വില കൂടിയിരിക്കുന്നു. 220 സെൻറോളം കശുവണ്ടിപ്പരിപ്പിനിന്ന് അന്തർദ്ദേശീയ വിലയുണ്ട്. എന്നാൽ അതിന്റെ ഫലം ഉണ്ടാകുന്നുണ്ടോ? അതിന്റെ ഫലം കിട്ടുന്നില്ല. അന്തർദ്ദേശീയ കമ്പോളത്തിൽ വിലയിടിഞ്ഞതുകൊണ്ടാണ് ഇവിടെ പ്രതിസന്ധിയുണ്ടാകുന്നതെന്ന് പറയുന്നതിൽ ന്യായീകരണമില്ല. അപ്പോൾ അന്തർദ്ദേശീയ കമ്പോളത്തിൽ നാം ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിപ്പരിപ്പിന് വിലയുള്ളപ്പോൾ സ്വാഭാവികമായി ഇന്ന് ഉണ്ട് എന്നുപറയുന്ന പ്രതിസന്ധി പരിഹരിക്കുവാൻ നമുക്ക് കഴിയും. മുതലാളിമാരെല്ലാം രക്ഷപ്പെടുകയും തൊഴിലാളികൾ കഷ്ടപ്പെടുകയും ചെയ്യുന്ന ഒരു ദുരവസ്ഥ—അതിന് പരിഹാരം കാണാൻ ഈ ഗവൺമെൻറ് തയ്യാറുണ്ടോ? ഇന്ന് എന്താണ് നടക്കുന്നത്? അടുത്തകാലത്ത് 80-ഓളം കുടിവറുപ്പുശാലകൾ ഈ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. 195 കശുവണ്ടി ഫാക്ടറികൾ മാത്രമാണ് കേന്ദ്ര ഗവൺമെൻറ് യോഗ്യതയുള്ള, നടത്താൻ പററാവുന്ന ഫാക്ടറികൾ എന്ന് നിശ്ചയിച്ചിട്ടുള്ളത്. അംഗീകാരം ലഭിക്കാൻ യാതൊരുവിധത്തിലും യോഗ്യതയില്ലാത്ത 80-ഓളം കുടിവറുപ്പുശാലകൾക്ക് നമ്മുടെ തൊഴിൽവകുപ്പ്, ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഡിപ്പാർട്ടുമെൻറ് അംഗീകാരം കൊടുത്തിരിക്കുന്നു. അപ്പോൾ കുടിവറുപ്പ് നടക്കുന്നുണ്ടോ? ഈ വ്യവസായ ശാലകൾക്ക് ഏറെവും വലിയ ഭീഷണിയായി അന്നും ഇന്നും നിലവിലുള്ള സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കുടിവറുപ്പിൽ നേരത്തെയുണ്ടായിരുന്ന പുരോഗമനനയങ്ങൾ ഉൾക്കൊള്ളുന്ന ഗവൺമെൻറുകൾ തടഞ്ഞുവച്ചതിന്റെ ഫലമായിട്ടാണ് ചില വ്യവസായശാലകളെല്ലാം പൂട്ടി അയൽസംസ്ഥാനങ്ങളിലേക്ക് മുതലാളിമാർ പോയത്. എന്നാൽ ഇന്ന് ഈ സംസ്ഥാനത്തുതന്നെ നിയമത്തെ മറികടന്നുകൊണ്ട് തൊഴിലാളികൾക്ക് ന്യായമായ ആനുകൂല്യങ്ങൾ നൽകാതെ കുടിവറുപ്പുശാലകൾ ഉയർന്നുവന്നിരിക്കുന്നു.

നമ്മുടെ തൊഴിൽ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഈ വ്യവസായശാലകളിലെ തൊഴിലാളികൾക്ക് ന്യായമായ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുവാനുള്ള ഒരു ബാദ്ധ്യതയുണ്ട്. അത് നൽകാറുണ്ടോ? ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത് നിങ്ങൾ ഡി.എ. വേണ്ടെന്നുവയ്ക്കൂ, ആനുകൂല്യങ്ങൾ വേണ്ടെന്നു വയ്ക്കൂ ഞാൻ വ്യവസായശാലകൾ തുറന്നുതരാമെന്നാണ്. ഇതെല്ലാം വേണ്ടെന്നുവയ്ക്കാനാണെങ്കിൽ മന്ത്രിയുടെയോ ഒരു ഗവൺമെൻറിന്റെയോ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടോ? മുതലാളിമാർ മതി. തൊഴിലാളികളും വളരെയേറെ ത്യാഗം സഹിച്ച് നേടിയെടുക്കുന്ന നേട്ടങ്ങളും വേണ്ടെന്നു വയ്ക്കാൻ ആരുടേയും ഔദാര്യം ആവശ്യമില്ല. മുതലാളിമാർ തയ്യാറാണ്. അപ്പോഴും ഈ ആവശ്യങ്ങളും, തൊഴിൽനിയമങ്ങളും നൽകുന്ന ആനുകൂല്യങ്ങളും നേടിക്കൊടുക്കുകയെന്നുള്ളതാണ് ഒരു ഗവൺമെൻറിന്റെ ഉത്തരവാദിത്വം. അക്കാര്യത്തെ സംബന്ധിച്ചിടത്തോളം റികവിസിഷൻ ആക്ട് പാസ്സായാലും അകവിസിഷൻ ആക്ട് പാസ്സായാലും ഫലത്തിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള ആനുകൂല്യങ്ങളും മിനിമം കൂലിയും ബത്തയും മറ്റ് ആനുകൂല്യങ്ങളുമെല്ലാം നൽകണമെന്നുള്ളതാണ് നമ്മുടെ താൽപ്പര്യം. അത് നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ല, ഉണ്ടാക്കിക്കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പ്രസക്തിയില്ലാതെ വരുന്നു. അതുകൊണ്ട് സമഗ്രമായി ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഈ വ്യവസായത്തിന്റെ നാനാമുഖമായ പ്രശ്നം, ഇതിന്റെ അസംസ്കൃത വസ്തുക്കളും ഇവയെക്കുറിച്ചൊക്കെ ചർച്ചവേണം. അതിൽ കേന്ദ്ര ഗവൺമെൻറ് സഹായം നൽകണമെങ്കിൽ ആ സഹായം തരണം. തൊഴിലാളികളുടെ ആനുകൂല്യങ്ങൾക്ക് ഉറപ്പുവരുത്തണം. ഇവിടെ മുതലാളിമാർ സർക്കാരിനെയായാലും തൊഴിലാളിയെയായാലും വെട്ടിച്ചുകൊണ്ട് നടത്തുന്ന നടപടികളും നിറുത്തണം. അതിനുവേണ്ടിയുള്ള ഫലവത്തായ നടപടികളും ഈ വ്യവസായ രംഗത്ത് ഉണ്ടായിട്ടില്ല. നമ്മുടെ വ്യവസായങ്ങളും ഇന്നും തകർച്ചയിലേക്ക് പോകുന്നുവെന്നുള്ളതാണ് സത്യം. അതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

Sri V. K. Rajan: Sir, I move that the Kerala Cashew Factories (Requisitioning) Amendment Bill, 1985, be referred to a Select Committee.

ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബില്ലിന്റെ പൊതുതത്വത്തോടു ഞാൻ യോജിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായത്തിൽ ഒന്നായ കശുവണ്ടി വ്യവസായം ഈ ഗവൺമെൻറിന്റെ പക്കൽ സുരക്ഷിതമല്ലായെന്ന് നമുക്കെല്ലാവർക്കുമറിയാം. മാത്രമല്ല പരമ്പരാഗത വ്യവസായങ്ങളും ഒന്നൊന്നായി തകർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞദിവസം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് കശുവണ്ടി വ്യവസായം ഈ ഗവൺമെൻറിന്റെ കാലത്ത് മിക്കവാറും അവസാനിക്കാറായിയെന്നാണ്. അതുപോലെതന്നെ കൈത്തറിവ്യവസായത്തിന്റെ അവസ്ഥ ഇന്ന് ശോചനീയമാണ്. എന്നാൽ ഈ പരമ്പരാഗതവ്യവസായങ്ങളെല്ലാം ഒരു വ്യവസായ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ പുനഃസംഘടിപ്പിക്കുവാൻ 1970 മുതൽ 1980 വരെ നമ്മുടെ സംസ്ഥാനത്ത് തീവ്രമായ ഒരു ശ്രമം നടന്നു. അതിന്റെ ഫലമായി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ദശലക്ഷക്കണക്കിന് തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകളും തൊഴിൽ സുരക്ഷിതത്വം തുടങ്ങിയ കാര്യങ്ങളെല്ലാം മുമ്പത്തെക്കാളും മെച്ചപ്പെട്ട ഒരവസ്ഥയിലാണ് നീങ്ങിക്കൊണ്ടിരുന്നത്. ഇന്ന് അതൊന്നും നടക്കുന്നില്ല.

ഇപ്പോഴും ഈ ബില്ലിനെപ്പറ്റി ഇവിടെ ചർച്ച ചെയ്യുന്ന അവസരത്തിൽ ബിൽ പാസ്സാക്കി മുന്നോട്ട് കൊണ്ടുപോകാൻ ആളുണ്ടോ എന്നുള്ളതു സംശയമാണ്. അങ്ങനെ നീങ്ങിക്കൊണ്ടിരിക്കുന്ന, വളരെയേറെ പ്രതിസന്ധിയിൽ നിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. ഈ ബിൽ അവതരിപ്പിക്കുന്ന സമയം എന്നുള്ളതു മാത്രമല്ല നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി ഇവിടെ വന്നു ചില

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു. കേരളത്തേയും ഈ സഭയേയും പലപ്പോഴും തെറ്റിദ്ധരിപ്പിക്കാറുള്ളതുപോലെതന്നെ നമ്മുടെ മുഖ്യമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ മുമ്പിൽ ചെന്ന് നുണ പറഞ്ഞു നിന്ന കാഴ്ച നമ്മൾ കണ്ടതല്ലേ? ഞാൻ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കഴിഞ്ഞ ദിവസം പ്രധാനമന്ത്രി വന്ന കാര്യം പറഞ്ഞത് ഞങ്ങൾക്കും ആവശ്യമുള്ള കാര്യമായിരുന്നു എന്നതിനാലാണ്. അക്കാര്യം ശ്രീ. കരുണാകരൻ ഞങ്ങളെ ആരേയും അറിയിച്ചില്ല. അത് വേറെ കാര്യം. ഒരു പ്രധാനമന്ത്രി നമ്മുടെ സംസ്ഥാനത്ത് വന്ന് പണം ചെലവാക്കി അദ്ദേഹം തിരിച്ചുപോയി എങ്കിലും എം.എൽ.എ. മാരെ അദ്ദേഹം വന്നു എന്നുള്ള വിവരം അറിയിച്ചില്ല. മന്ത്രിമാരെ അറിയിച്ചിട്ടുണ്ടാകും; മറ്റ് പലരേയും അറിയിച്ചിട്ടുണ്ടാവില്ല. ശ്രീ. രാജീവ്ഗാന്ധിയുടെ കമാൻറോകൾ അദ്ദേഹത്തെ സൂക്ഷിച്ചു വച്ചിരിക്കുന്നതുപോലെ ശ്രീ. ബാലകൃഷ്ണപിള്ളയേയും കേരളാ കോൺഗ്രസ്സുകാർ സൂക്ഷിച്ചു വച്ചിരിക്കുകയല്ലേ? ഞാൻ പറയുന്നത് അങ്ങ് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഒരു നിയമസഭ.....

ശ്രീ. എ.വി. താമരാക്ഷൻ: അങ്ങേക്കറിയാം, പ്രധാനമന്ത്രി കേരളത്തിൽ വന്നിരുന്നു. പ്രധാനപ്പെട്ട പല ജില്ലകളിലും വന്നു, അങ്ങനെ ജില്ലകളിൽ വന്ന അവസരത്തിൽ ആ ജില്ലകളിലുള്ള എം.എൽ.എ.മാരെ പോലും അറിയിക്കാതെ, അവരെപ്പോലും വിളിക്കാതെ ഒരു പാർട്ടിയുടെ നേതാക്കൻമാരെ മാത്രം വിളിച്ചത് ശരിയാണോ?

ശ്രീ. വി.കെ. രാജൻ: ശ്രീ. താമരാക്ഷൻ പറഞ്ഞതുപോലെ നിയമസാംഗങ്ങളുടെ ജില്ലകളിൽ വരുമ്പോഴെങ്കിലും അറിയിക്കാനുള്ള പ്രാഥമിക മര്യാദ അങ്ങനെതന്നെ ശ്രദ്ധിക്കേണ്ടതാണ്, അത് അറിയിച്ചിട്ടില്ല.

മി. സ്പീക്കർ: പ്രധാനമന്ത്രി വരുമ്പോൾ അതാത് പ്രദേശത്തെ ബഹുമാനപ്പെട്ട എം.എൽ.എ. മാരേയും മറ്റ് ജനപ്രതിനിധികളേയും അറിയിക്കുകയെന്നുള്ളത് ന്യായമായ ഒരു സംഗതിയാണ്. അതിൽ സംശയമൊന്നുമില്ല. ആ വിഷയത്തിലേക്ക് പോകേണ്ട. അങ്ങ് ഇപ്പോൾ പറഞ്ഞത് ശരിയല്ല. പ്രധാനമന്ത്രി വരുമ്പോൾ അവിടെ ബഹുമാനപ്പെട്ട എം.എൽ.എ. മാർക്ക് പ്രവേശനം ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല.

ശ്രീ. സി.വി. പത്മരാജൻ: നമ്മുടെ സംസ്ഥാനത്ത് പ്രധാനമന്ത്രി പോയ എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രതിപക്ഷ ഭേദമില്ലാതെ എം.എൽ.എ. മാർ എല്ലാം പങ്കെടുക്കുകയും ഒരൊറ്റ സ്ഥലത്തു പോലും ആരെയെങ്കിലും ഒഴിവാക്കിയതായി ഉള്ള പരാതിക്കിടയാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. .....(ബഹളം).....

മി. സ്പീക്കർ: ശ്രീ. രാജൻ, ദയവായി അങ്ങ് ഈ ബില്ലിനകത്ത് നിന്നു സംസാരിക്കുന്നത് നന്നായിരിക്കും.

ശ്രീ. ജി. കാർത്തികേയൻ: എല്ലാ എം.എൽ.എ. മാർക്കും പാസ് കൊടുത്തിരുന്നു.

ശ്രീ. വി.കെ. രാജൻ: ബഹുമാനപ്പെട്ട കോൺഗ്രസ്സ് ഐ.യുടെ പ്രസിഡൻറ്, ബഹുമാന്യനായ നിയമസഭാ സാമാജികൻ ശ്രീ. പത്മരാജന്റെ അവസ്ഥയെപ്പറ്റി അങ്ങ് കേട്ടറിഞ്ഞു. ഈ

LIBRARY ARCHIVES Kerala Legislative Assembly

കമാന്റോസ് അദ്ദേഹത്തെ വെട്ടി. ശ്രീ. വക്കം പുരുഷോത്തമനേയും ഇദ്ദേഹത്തേയും ആലപ്പുഴ റിക്രിയേഷൻ ക്ലബ് മൈതാനത്തിൽ കമാന്റോസ് തള്ളിയിട്ടു.....(ബഹളം).....

മി. സ്പീക്കർ: ശ്രീ. രാജൻ, അങ്ങേയ്ക്ക് ഈ ബില്ലിനെക്കുറിച്ച് എന്തെങ്കിലും പറയാൻ ഉണ്ടെങ്കിൽ പറയണം. അല്ലെങ്കിൽ ഇരിക്കണം. ദയവായി ഒരു വിവാദത്തിലേക്ക് പോകേണ്ട കാര്യമില്ല. അങ്ങ് പറഞ്ഞു വന്നത് കശുവണ്ടിയെക്കുറിച്ചാണ്.

ശ്രീ. വി.കെ. രാജൻ: ഞാൻ ആദ്യമേ പറഞ്ഞുവന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....(ബഹളം)..... മുൻകാല ഗവൺമെൻറുകളും ഈ കശുവണ്ടിവ്യവസായത്തെ രക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു. പുനഃസംഘടനാ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ സഖാവ് ടി. വി. തോമസ്, സഖാവ് രവീന്ദ്രൻ എന്നിവരുടെയൊക്കെ കാലത്ത് ഈ കശുവണ്ടിവ്യവസായത്തിനു ശക്തമായ ഒരു അടിത്തറ കെട്ടിപ്പടുക്കാനാണ് ശ്രമം നടത്തിയത്. എന്നാൽ ഇപ്പോഴും അങ്ങനെയാണോ? ഈ കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒന്നരലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് എത്ര ദിവസം ജോലി നൽകി എന്നു കഴിഞ്ഞ ദിവസം ഇവിടെ ചോദിച്ച ചോദ്യത്തിന് മറുപടിയായി കിട്ടിയത് 19 ദിവസം ജോലി കൊടുത്തു എന്നാണ്. അവർക്ക് ഡി.എ. കൊടുക്കുന്നില്ല, മിനിമം വേജസ് കൊടുക്കുന്നില്ല, 10 വർഷത്തിനു മുമ്പ് നിശ്ചയിക്കപ്പെട്ട മിനിമം വേജസ് ഇന്നും കൊടുപ്പിക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല, എന്താണ് അതിനു കാരണം?

മി. സ്പീക്കർ: ചെയറിനു സമയം കൊടുക്കുന്നതിൽ യാതൊരു പ്രശ്നവുമില്ല. ഭേദഗതി കൊടുത്ത് സംസാരിക്കേണ്ട അൻപത്തിയാന്നോളം മെമ്പർമാർ ഉണ്ട്. ഇത് ഇന്നുതന്നെ തീർക്കണമെന്നുള്ളതാണ് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം. അതുകൊണ്ട് എല്ലാ മെമ്പർമാരോടും നീതി പുലർത്തണമെന്ന് താൽപ്പര്യമുള്ളതുകൊണ്ടാണ് ഈ കാര്യത്തിൽ ഒരു നിയന്ത്രണം വയ്ക്കുന്നത്. അതുകൊണ്ട് അംഗങ്ങൾ പരസ്പരം ചോദ്യങ്ങളും ഉത്തരങ്ങളുമായി പോയാൽ സമയം വളരെയധികം നഷ്ടപ്പെടാനിടയുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: മിനിമം വേജസ് കൊടുത്തിട്ടില്ല, ആനുകൂല്യം കൊടുത്തിട്ടില്ല, എന്നു പറഞ്ഞു. ഇതിനു ഏറ്റവും വലിയ തെളിവ് നമ്മുടെ പ്രധാനമന്ത്രി ഇവിടെ സന്ദർശിച്ചപ്പോൾ കശുവണ്ടി ഫാക്ടറികളിൽ കയറി, അവിടെ പുതിയ ആനുകൂല്യങ്ങളും ഡ്രസ്സുകളും കൊടുത്തത് തൽക്കാലം നിർത്തി എന്നുള്ളത് പ്രധാനമന്ത്രിക്കുപോലും ബോദ്ധ്യമായത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. വി.കെ. രാജൻ: ഞാൻ ആദ്യം സൂചിപ്പിച്ചത് അതുതന്നെയാണ്. മുഖ്യമന്ത്രി ഇങ്ങനെ അദ്ദേഹത്തെ എല്ലാ കാര്യങ്ങളിലും തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു, നുണ പറഞ്ഞിരിക്കുന്നു. അത് പത്രങ്ങളിൽ വന്നതുമാണ്. നമ്മുടെ കശുവണ്ടി വ്യവസായത്തിൽ ഉണ്ടായിരുന്ന കുത്തക തോട്ടണ്ടി സംഭരണനയം ഈ ഗവൺമെൻറ് എടുത്തു കളഞ്ഞു. അത് ആർക്കുവേണ്ടി? നമ്മുടെ രാജ്യത്തെ 140–ഓളം വരുന്ന ഫാക്ടറി ഉടമകൾക്കുവേണ്ടി കേരളത്തിലെ ഒന്നരലക്ഷം വരുന്ന കശുവണ്ടി തൊഴിലാളികളെ പാപ്പരീകരിക്കുന്ന ഒരു നയത്തിന്റെ ഭാഗമായിട്ടാണ് കുത്തക

LIBRARY ARCHIVES Kerala Legislative Assembly

സംഭരണം എടുത്തുകളഞ്ഞത്. ഈ തോട്ടണ്ടിയുടെ കുത്തക സംഭരണ നയം എടുത്തിട്ട് കാഷ്യൂ കോർപ്പറേഷനിൽ നിന്ന്, സി.സി.ഐ.യിൽ നിന്ന് നമ്മുടെ സംസ്ഥാനത്ത് അവർ സംഭരിക്കുന്ന തോട്ടണ്ടി ഇവിടെ ലഭിച്ചാൽ തൊഴിലാളികളുടെ തല എണ്ണി അത് തൊഴിലാളികൾക്ക് കൊടുക്കുന്ന ഒരു നയമാണ് കേരളത്തിൽ നില നിന്നിരുന്നത്. ഈ ഗവൺമെൻറ് വന്നതിനുശേഷം അതിനോടെല്ലാം ഉള്ള സമീപനം എന്താണ്? അത് എടുത്തുകളഞ്ഞു. ഇവിടെ കശുവണ്ടിയുടെ കുത്തക സംഭരണം എടുത്തു കളഞ്ഞതിന്റെ ഫലമായി കശുമാവ് കൃഷിക്കാരുടെ അവസ്ഥ എന്താണ്? ഒരു കിലോ കശുവണ്ടിക്ക് പത്തും പതിനാറും രൂപ ഉണ്ടായിരുന്നപ്പോൾ ഇവർക്ക് കിട്ടിയിരുന്നത് വെറും നാലുരൂപ മാത്രമായിരുന്നു. കേരളത്തിലെ കശുമാവ് കൃഷിക്കാരെ പാപ്പരീകരിക്കുന്ന ഒരു നയവും അതിന്റെ ഫലമായി സ്വീകരിച്ചു. അങ്ങനെ കൃഷിക്കാർക്കും തൊഴിലാളികൾക്കും സ്വതന്ത്രമായ ഒരു നയം സ്വീകരിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞില്ല. എന്നാൽ കശുവണ്ടി തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുക്കാത്ത മുതലാളിക്കെതിരായി നടപടി എടുക്കാൻ നിങ്ങൾക്ക് സാധിക്കുമോ? കൊല്ലം ജില്ലയിലുള്ള പല കശുവണ്ടി ഫാക്ടറി ഉടമകളും രേണകക്ഷിക്കകത്തുള്ള അവരുടെ താളത്തിന് തുള്ളുന്ന വർഗ്ഗീയ കോമരങ്ങളായ പ്രതിനിധികളുടെ സ്ഥാപനങ്ങളായാണ് നടക്കുന്നത്. സാമൂഹ്യിക പ്രമാണിമാരാണ് കൊല്ലത്തെ കശുവണ്ടി ഫാക്ടറികളുടെ ഉടമകൾ. ആ പ്രമാണികളായ ആളുകളുടെ മുമ്പിൽ ഒരു വർഗ്ഗീയ പാർട്ടിയായ മുസ്ലീംലീഗിന്റെ പ്രതിനിധിയായ ശ്രീ. ഇ. അഹമ്മദിന് ഇവിടെ കാര്യങ്ങൾ നേരേചൊവ്വേ തുടങ്ങിക്കാൻ സാദ്ധ്യമല്ലാത്ത ഒരവസ്ഥയാണുള്ളത്.

സർ, ഇവിടെ കശുവണ്ടിവ്യവസായത്തിന്റെ കാര്യം പറയുമ്പോഴും കൊട്ടാരക്കരയിലെ കാര്യമാണല്ലോ. കേരളാ കോൺഗ്രസ്സിന് ഈ ബില്ലെടുക്കുന്നതിൽ വിരോധമില്ല. ശ്രീ. ബാലകൃഷ്ണപിള്ള ഒഴികെയുള്ള കേരളാ കോൺഗ്രസ്സിനെ ഏറെറടുക്കാൻ മുഖ്യമന്ത്രി തയ്യാറാണെന്നാണ് ഇപ്പോൾ പറയുന്നത്. അഹമ്മദ് സാഹിബിന്റെ പാർട്ടിയും ബാലകൃഷ്ണപിള്ളയെ എടുക്കണമെന്ന് മുഖ്യമന്ത്രിയോട് നിർദ്ദേശിച്ചുകൊണ്ടിരിക്കുകയാണ്. അഹമ്മദ് സാഹിബ്ബും മുഖ്യമന്ത്രിയും എഴുന്നേറ്റു പോയതിന് ശേഷമാണ് സൽപ്പുദ്ധി വന്നത്. ബാലകൃഷ്ണപിള്ളയ്ക്കും കശുവണ്ടിയെപ്പോലെ കാനഡായിൽ മാർക്കറ്റുള്ളതാണ്.

സർ, നമ്മുടെ സംസ്ഥാനത്തുനിന്ന് അയൽ സംസ്ഥാനങ്ങളിലേക്ക് കശുവണ്ടി കടത്തിക്കൊണ്ടുപോകുകയാണ്. ഇത് നമ്മുടെ ഗവൺമെൻറിന്റെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ്. അഹമ്മദ് സാഹിബ്ബിനോട് ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്. കശുവണ്ടി വ്യവസായത്തിലെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് 1979—ലെ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവരുമെന്നാണ് പറഞ്ഞത്. അഞ്ചുവർഷം കൂടുമ്പോൾ ഏറെറടുക്കുമെന്നു പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. എന്നാൽ കശുവണ്ടി ഫാക്ടറികളിൽ ജോലി, സേവന വേതന വ്യവസ്ഥകൾ, മുതലായവയിൽ സമൂലമായ മാറ്റങ്ങൾ വരുത്തണം. സ്ഥിരമായി അവർക്ക് ജോലി കിട്ടാനുള്ള സംവിധാനം കൂടി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കണം. സഖാവ് ടി.വി. തോമസിനെ അനുസ്മരിക്കുന്ന ഒരു അംഗമാണ് ബഹുമാനപ്പെട്ട മന്ത്രി. ടി.വി. തോമസ് പിൻതുടർന്ന വ്യവസായ പുനഃസംഘടനാ പരിപാടി മുന്നോട്ടു കൊണ്ടുപോകാൻ ശ്രീ. അഹമ്മദ് തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായമാണ് കശുവണ്ടി വ്യവസായം. കാലാകാലങ്ങളിൽ കശുവണ്ടി വ്യവസായരംഗത്ത് വന്നുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ തരണം ചെയ്യാൻവേണ്ടി ഈ സഭതന്നെ ഇതിനു മുൻപ് രണ്ട് നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. അതിൽ ഒന്ന് 1974—ലെ അകാസിഷൻ നിയമമാണ്. രണ്ടാമത്തേത് ഇന്നു ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന, 1979—ൽ പാസ്സാക്കിയ റികാസിഷൻ നിയമമാണ്. ഈ രണ്ട് നിയമങ്ങളും പാസ്സാക്കുന്നതോടൊപ്പംതന്നെ അവയോട് അനുബന്ധമായി അന്ന് വന്ന ഒരു കാര്യം കശുവണ്ടിവ്യവസായ രംഗത്ത് ഒരു പുതിയ സംവിധാനം ഏർപ്പെടുത്തുകയെന്നതായിരുന്നു. അതിലൊന്നാണ് കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷൻ. ഈ നിയമത്തിന്റെ സന്തതിയായി നിലവിൽ വന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷൻ. എന്നാൽ ഈ അടുത്തകാലത്തായി ഈ വ്യവസായത്തിൽ സഹകരണ മേഖലയിൽ പണിയെടുക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രൈമറി സഹകരണസംഘങ്ങളും അപ്പെക്സ് സഹകരണ സംഘവും സംഘടിപ്പിച്ചു. അങ്ങനെ സംഘടിപ്പിച്ച ഒന്നാണ് കാപ്പെക്സ് എന്ന പേരിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായ രംഗത്ത് വരുത്തിയ മാറ്റങ്ങൾ ഇതൊക്കെയാണ്. എന്നാൽ ഈ നിയമങ്ങളിലെല്ലാം മൗലികമായ തകരാറുണ്ട്. ഉദാഹരണമായി 1979—ൽ പാസ്സാക്കിയ നിയമത്തിൽ കാപ്പെക്സ് എന്നു പറയുന്ന പ്രൈമറി സംഘവും തൊഴിലാളികളേയും എല്ലാം ഉൾപ്പെടുത്തി ഒരുസംഘം ഉണ്ടാക്കി. ആ സംഘത്തിന് ഏഴെട്ടു ഫാക്ടറികളുണ്ട്. ആ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളെല്ലാം പണിമുടക്കിലും നിരാഹാര സത്യാഗ്രഹത്തിലുമാണ്. ഇതിൽ വന്ന പ്രധാനപ്പെട്ട കാര്യം ഈ കാപ്പെക്സ് രൂപീകരിച്ചതിനുശേഷം ഒരു ഡയറക്ടർ ബോർഡ് നിലവിൽ വന്നു എന്നതാണ്. ആ ഡയറക്ടർ ബോർഡ് ഈ രാജ്യത്ത് കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും നേതാക്കൻമാരും ഉൾപ്പെട്ടതാണ്. അതിന്റെ ചെയർമാൻ ഇപ്പോൾ കൊല്ലത്തെ എം.പി. ആയിരിക്കുന്ന ശ്രീ. എസ്. കൃഷ്ണകുമാറാണ്. ശ്രീ. കൃഷ്ണകുമാർ ചെയർമാനായി പ്രതിപക്ഷപാർട്ടിയിലെ മെമ്പർമാരും ഭരണകക്ഷിയിലെ മെമ്പർമാരും അംഗങ്ങളായിട്ടുള്ള കാപ്പെക്സിന്റെ ഒരു ഡയറക്ടർ ബോർഡ് ഗവൺമെന്റ് രൂപീകരിച്ചു. ആ ഡയറക്ടർ ബോർഡ് ഈ ഓണക്കാലത്ത് കശുവണ്ടിത്തൊഴിലാളികൾക്ക് നൽകേണ്ട ബോണസിനെ സംബന്ധിച്ച് ഒരു ചർച്ച നടത്തി. ആ ഡയറക്ടർ ബോർഡിലെ ഭൂരിപക്ഷം അംഗങ്ങളും തൊഴിലാളികൾക്ക് ബോണസ് കൊടുക്കാൻ തീരുമാനമെടുത്തു.

രണ്ടു രീതിയിലാണ് കശുവണ്ടിവ്യവസായം പ്രവർത്തിക്കുന്നത്. തൊഴിലാളികളും, സ്റ്റാഫും ഉണ്ട്. തൊഴിലാളികൾക്കും സ്റ്റാഫിനും ബോണസ് കൊടുക്കാനുള്ള തീരുമാനം കാപ്പെക്സിന്റെ ഡയറക്ടർ ബോർഡ് എടുത്തു. സംഭവിച്ചത് എന്താണെന്ന് അറിയാമോ? ഡയറക്ടർ ബോർഡിന്റെ തീരുമാനത്തെ ശ്രീ. അഹമ്മദിന്റെ പാർട്ടിക്കാർ എതിർത്തു. ശ്രീ. അഹമ്മദിന്റെ പാർട്ടിയോടുകൂടി ശ്രീ. ശിവദാസന്റെ പാർട്ടിയുടെ ആളുകളും യോജിച്ചു. ശ്രീ. ശിവദാസനും അഹമ്മദിന്റെ ആളുകളും തമ്മിൽ ചേർന്നുകൊണ്ടാണ് തൊഴിലാളികൾക്ക് ബോണസ് കൊടുക്കാൻ പാടില്ല എന്നുള്ള തീരുമാനമെടുത്തത്. ശ്രീ. എസ്. കൃഷ്ണകുമാറാണ് ഇതിന്റെ ചെയർമാർ. ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ആർ.എസ്.പി.

LIBRARY ARCHIVES Kerala Legislative Assembly

മുതലായവയിലെ സുഹൃത്തുക്കളെല്ലാം ചേർന്ന് പ്രതിപക്ഷ തീരുമാന പ്രകാരം തൊഴിലാളികൾക്ക് ബോണസ് കൊടുക്കാൻ തീരുമാനിച്ചു. 260 രൂപയോ ആകെ പ്രവൃത്തി ദിവസങ്ങളുടെ 75 ശതമാനമോ ഏതാണ് കൂടുതൽ അത് കൊടുക്കാൻ തീരുമാനിച്ചു. 260 രൂപ തൊഴിലാളികൾക്ക് ബോണസ്സായിട്ട് കൊടുക്കണമെന്ന് അപ്പെക്സ് സംഘം തീരുമാനിച്ചു. ആ തീരുമാനം എടുത്തതിനുശേഷം 50 രൂപ വീതം ഓരോ തൊഴിലാളിക്കും ഓണം അഡ്വാൻസായി കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ 310 രൂപ തൊഴിലാളികൾക്ക് കൊടുക്കേണ്ടതാണ്. ഓണം അഡ്വാൻസ് 50 രൂപയും ബോണസ് 260 രൂപയും കൂടി 310 രൂപ തൊഴിലാളികൾക്ക് കൊടുക്കാൻ തീരുമാനിച്ചു. അപ്പെക്സ് സംഘം നടത്തുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ബോണസ് വിതരണം ചെയ്യുകയും ചെയ്തു. ഇത് കൊടുക്കാൻ ഓർഡർ കൊടുത്തതിന്റെ പിറ്റേദിവസം അതിന്റെ ഡയറക്ടർ ബോർഡിനെ, ശ്രീ. കൃഷ്ണകുമാർ എം.പി. അടക്കമുള്ള ആളുകളെ ശ്രീ. അഹമ്മദ് പിരിച്ചുവിട്ടു. ഇവിടെ ബാലകൃഷ്ണപിള്ളയെ കൂട്ടുപിടിക്കുകയാണ്. ഇവിടെ ബാലകൃഷ്ണപിള്ളയെ നിരുത്താൻ നിർദ്ദേശിക്കുന്ന ശ്രീ. അഹമ്മദ് അവിടെ ചെയ്തത് ഇതാണ്. അവിടെ നടന്നതെന്താണെന്നു ചോദിച്ചാൽ ആ തീരുമാനത്തെ തുരങ്കം വച്ചു. തൊഴിലാളികൾക്ക് കൂലി കൂട്ടി, ബോണസ് കൊടുത്തു—ഇങ്ങനെയുള്ള ഒറക്കാരണം കൊണ്ട് വളരെ പ്രതീക്ഷയോടുകൂടി രൂപീകരിക്കപ്പെട്ട കാപ്പെക്സ് ഇന്ന് പിരിച്ചു വിട്ടിരിക്കുകയാണ്. അവിടെ ഉദ്യോഗസ്ഥരെണമാണ്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): വളരെ പ്രതീക്ഷയോടുകൂടിയാണ് രൂപീകരിച്ചത് എന്നു പറഞ്ഞതിൽ എനിക്ക് വളരെ നന്ദിയുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അത് മാത്രമല്ല, മറ്റൊന്ന് ചെയ്തത് സ്റ്റാഫിന് രണ്ടുമൂക്കാൽ മാസത്തെ ശമ്പളം ബോണസ്സായിട്ട് കൊടുക്കണമെന്ന് തീരുമാനിച്ചു. ഒടുവിൽ ഡയറക്ടർ ബോർഡ് തീരുമാനിച്ചു മിനിമം ബോണസ് കൊടുത്താൽ മതിയെന്ന്.

കശുവണ്ടി ഫാക്ടറിയിലെ സ്റ്റാഫിൽ ആരും ഈ ഓണത്തിന് ശമ്പളം വാങ്ങിച്ചിട്ടില്ല. ഇന്ന് കാപ്പെക്സിന്റെ ചുമതലയിലുള്ള എല്ലാ ഫാക്ടറികളിലും പണിമുടക്കാണ്. അവിടെ ഫാക്ടറികളും പ്രവർത്തനശൂന്യമായി. ഞാൻ ചോദിക്കട്ടെ, എന്തിനാണ് ഡയറക്ടർ ബോർഡ് ഉണ്ടാക്കിയത്. സഹകരണമേഖലയല്ലേ? അവർ അപ്പെക്സ് സംഘമല്ലേ രൂപീകരിച്ചത്? ആ അപ്പെക്സ് സംഘത്തെ പൊളിക്കാൻ വേണ്ടിയല്ലേ ഈ തീരുമാനം എടുത്തത്? അങ്ങേയ്ക്ക് വിഷമം തോന്നരുത്. എന്താണ് ഈ നിയമത്തിൽ എഴുതിവച്ചിരിക്കുന്നത്? ഈ നിയമത്തിൽ, 1979—ലെ നിയമം എടുക്കാം. 1979—ലെ നിയമത്തിന്റെ പ്രിയാമ്പിളിൽ ഒരു കാര്യം എഴുതിയിട്ടുണ്ട്. And whereas in the interest of the workers of the cashew factories it is considered necessary to enable the said corporation to continue in possession and management of such of those cashew factories which is given back to the owners thereof could not be run properly and in accordance with law and would either be sold or leased out to private individuals. തൊഴിലാളിയെ സഹായിക്കാനാണ് ഈ നിയമമെന്നാണ് ഗവൺമെന്റ് ഒരു ഭാഗത്ത് പറയുന്നത്. ഇന്ന് കേരളത്തിലെ സ്ഥിതി എന്താണ്? അങ്ങേയ്ക്ക് അറിയാമല്ലോ? Truth is the major casualty. പ്രധാനമന്ത്രി ഇവിടെ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിനും സത്യം അറിയാം ഞാൻ ഇവിടെനിന്ന് പോകുന്നതിന് മുൻപ് സത്യം പറയണമെന്നു പറഞ്ഞു. ശ്രീ. കരുണാകരനോട് ചോദിച്ചപ്പോഴും അദ്ദേഹം വഴുതി മാറിക്കളഞ്ഞു. അത് റെഫർ ചെയ്തതാണ് വളരെ രസം. നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ച് സാധാരണ ചില സരസൻമാർ പറയാറുണ്ട്. Truth is the major casualty എന്ന് ഈ ബില്ലിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ഞാൻ സംസാരിക്കുന്നത്. അങ്ങ് വിഷമിക്കരുത്.

മി. സ്പീക്കർ: എനിക്ക് യാതൊരു വിഷമവുമില്ല. അങ്ങയെപ്പോലെ മറ്റുള്ളവർക്കും അവസരം കൊടുക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, അതുകൊണ്ടാണ് ഞാൻ പറയുന്നത് ആരു ഭരിച്ചാലും സത്യസന്ധത പാലിക്കണം. നമ്മുടെ മുഖ്യമന്ത്രി അക്കാര്യത്തിൽ ചെയ്യുന്നതെന്താണെന്ന് സരസൻമാർ പറയാറുണ്ട്. അദ്ദേഹം മൂന്നു തവണയാണ് ജീവിതത്തിൽ സത്യം പറയാൻ വായ് തുറക്കുന്നത്. ഒന്ന് ഗുരുവായൂരപ്പനെ വിളിക്കാൻ. രണ്ട്.....

മി. സ്പീക്കർ: അങ്ങ് ഇത്തരം കാര്യങ്ങൾ പറയാൻ പോയാൽ വളരെ സമയം എടുക്കും. അതുകൊണ്ട് ദയവായി അങ്ങ് ബില്ലിനെക്കുറിച്ച് പറയണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ബില്ലിനെക്കുറിച്ചാണ് പറയുന്നത്. തൊഴിലാളികളെ സഹായിക്കാൻ വേണ്ടി ചെയ്യുന്ന നിയമനിർമ്മാണമെന്ന പൊതുലേബലിലാണ് ഇത് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ സത്യവുമായി അതിനൊരു ബന്ധവുമില്ല. ഇവിടെ മുഖ്യമന്ത്രി തന്നെ സത്യം പറയാനില്ലല്ലോ. അദ്ദേഹം ഗുരുവായൂരപ്പനെ വിളിക്കാൻ.....

മി. സ്പീക്കർ: അങ്ങ് വീണ്ടും ബില്ലിൽ നിന്നും വഴുതിപ്പോകുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ശ്രീ. രാജീവ് ഗാന്ധി ഇവിടെ വന്നപ്പോഴും അദ്ദേഹം സത്യം എന്താണെന്ന് ആൻറണിയോടു ചോദിച്ചു. കായംകുളം കൊച്ചുണ്ണി പറഞ്ഞത് ശരിയാണോയെന്ന് വെള്ളായണിപരമുവിനോടു ചോദിക്കുക!

മി. സ്പീക്കർ: ഈ പ്രശ്നങ്ങളെല്ലാം ഈ ബില്ലിന്റെ ചർച്ചയിൽ തന്നെ വേണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, നമുക്കു സത്യം അറിയേണ്ടേ? അതിനെന്താണൊരു മാർഗ്ഗം?

മി. സ്പീക്കർ: ശ്രീ. രാധാകൃഷ്ണന്റെ സത്യാന്വേഷണ പരീക്ഷണം മുഴുവൻ ഈ ബില്ലിന്റെ ചർച്ചയിൽ തന്നെ വേണോ? അങ്ങ് ചുരുക്കി സംസാരിക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, നമ്മുടെ രാഷ്ട്രപിതാവിന്റെ ജീവിതം തന്നെ ഒരു സത്യാന്വേഷണ പരീക്ഷണമായിരുന്നു.

മി. സ്പീക്കർ: അതു ജീവിതം മുഴുവനുമായിരുന്നു. അങ്ങ് ഉദ്ദേശിക്കുന്നത് സഭയുടെ ഒരു ദിവസം മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. നമ്മുടെ രാഷ്ട്രപിതാവിന്റെ പടം തൊട്ടുപിറകിലിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ സത്യാന്വേഷണ പരീക്ഷണമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനെന്നവകാശപ്പെടുന്ന ശ്രീ. കരുണാകരൻ അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ സത്യവിരുദ്ധമായ അന്വേഷണങ്ങളിലാണ് ഇടപെടുന്നത്. വായ് തുറന്നാൽ എപ്പോഴെങ്കിലും ഒരു സത്യം പറയേണ്ടേ സർ?

മി. സ്പീക്കർ: ശ്രീ. രാധാകൃഷ്ണൻ ദയവായി ബില്ലിലേക്ക് വരൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ശ്രീ. രാജീവ്ഗാന്ധി വന്നപ്പോഴും കേരളത്തിന്റെ സത്യം അറിയാൻ അദ്ദേഹം പെട്ട പാട് നമ്മൾ കണ്ടില്ലേ? എന്നിട്ട് വെള്ളായണിക്കാരൻ പരമു പറഞ്ഞത് ശരിയാണോ എന്നറിയാൻ കായംകുളത്തുകാരൻ കൊച്ചുണ്ണിയോടു ചോദിക്കുന്ന സ്ഥിതിയാണുണ്ടായത്. നമ്മുടെ രാജ്യത്ത് സത്യത്തിന് യാതൊരു വിലയുമില്ലേ? എന്താണ് ഈ നിയമത്തിൽ പറയുന്നത്?

ശ്രീ. എം.എം. ഹസ്സൻ: സർ, കായംകുളം കൊച്ചുണ്ണിയോടും വെള്ളായണി പരമുവിനോടും ചോദിച്ചാൽ സത്യം പറയുമോ എന്ന് മുളമൂട്ടിൽ അടിമ അന്വേഷിക്കുന്നത് ശരിയാണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാനിതിനു മറുപടി പറയാം.

മി. സ്പീക്കർ: വേണ്ട വേണ്ട, അങ്ങ് മറുപടി പറയേണ്ട. (ബഹളം) അനാവശ്യമായി ചോദ്യങ്ങൾ ചോദിച്ച് വെറുതെ സമയം കളയരുത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞുവന്നത് ഈ നിയമത്തിൽ 6, 7, 8 എന്നു 3 വകുപ്പുകളുണ്ട്. ആരെ സഹായിക്കാനാണ് ഈ നിയമം? മുതലാളിമാരെ. ഒന്ന്, എന്തു പ്രതിഫലം കൊടുക്കണമെന്നു തീരുമാനിക്കാൻ ട്രൈബ്യൂണലിനെ വയ്ക്കണം. രണ്ട്, ട്രൈബ്യൂണലിന്റെ തീരുമാനത്തിൻമേൽ ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കാൻ മുതലാളിമാർക്ക് അധികാരമുണ്ട്. അതാണ് 7-ാം വകുപ്പ്. 8-ാം വകുപ്പനുസരിച്ച് കൊടുക്കുന്ന പ്രതിഫലം ചെക്കായിട്ട് കൊടുത്തുകൊള്ളണമെന്നാണ്. ഈ രാജ്യത്ത് മുതലാളിമാർ മാത്രമേയുള്ളോ? ഒരു കാര്യം ഞാൻ പറയാം. മദ്ധ്യതിരുവിതാംകൂറിലാകെ വ്യാപിച്ചുകിടക്കുന്ന ഈ കശുവണ്ടി വ്യവസായത്തിൽ ആയിരക്കണക്കിനു തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ആ തൊഴിലാളികൾക്ക് ന്യായമായി കിട്ടേണ്ട ചില അവകാശങ്ങളുണ്ട്. ലീവ് വിത്ത് വേജസ്, മെറ്റേണിറ്റി വേജസ്, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയവയെല്ലാം മുതലാളിമാർ തൊഴിലാളികൾക്ക് കൊടുക്കണം. മുതലാളിമാർ അതിനു കോൺട്രിബ്യൂഷൻ കൊടുക്കണം. വളരെ നിർബന്ധമായി തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കൊടുക്കാതെ തിരിമറി നടത്തുന്നവരാണ് കശുവണ്ടി വ്യവസായത്തിലെ ബഹുഭൂരിപക്ഷം ആളുകളും. തൊഴിലാളികൾക്ക് ലീവ് വിത്ത് വേജസും, മെറ്റേണിറ്റി വേജസും, പ്രോവിഡന്റ് ഫണ്ടും, ഗ്രാറ്റുവിറ്റിയും കൊടുക്കാതെ തിരിമറി നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ വർഷങ്ങളായി തൊഴിലാളികൾക്ക് നിർബന്ധമായും കിട്ടേണ്ട അവകാശങ്ങൾ കിട്ടാതിരുന്ന ഒരു സാഹചര്യത്തിലാണ് പ്രവർത്തനരഹിതമായിരുന്ന കശുവണ്ടി ഫാക്ടറികൾ നിയമപ്രകാരം അന്ന് ഏറ്റെടുത്തത്. ഈ നിയമത്തിന്റെ ഉദ്ദേശം എന്താണ്? ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്റ്റനുസരിച്ച് തൊഴിലാളികൾക്ക് ന്യായമായി കിട്ടേണ്ട അവകാശങ്ങൾ കൊടുക്കാതിരിക്കുന്ന ഫാക്ടറി ഉടമകളെ സഹായിക്കാനാണ് ഈ നിയമം. It is a blessing in disguise. അവരെ സഹായിക്കാൻ മാത്രമാണ് ഈ നിയമം കൊണ്ടു വന്നത്. എന്നിട്ട് നിയമത്തിൽ എഴുതിവച്ചിട്ടുണ്ട് ട്രൈബ്യൂണലിന് ഇതൊക്കെ തീരുമാനിക്കാമെന്ന്. തൊഴിലാളികൾക്ക് കിട്ടേണ്ടതായ ന്യായമായ അവകാശങ്ങളെ സംബന്ധിച്ച് ഈ നിയമത്തിൽ വ്യവസ്ഥയില്ല. മാത്രവുമല്ല ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിന്റെ 25–ാം വകുപ്പനുസരിച്ച് തൊഴിലാളികളുടെ മാഗ്നാകാർട്ടയായിട്ടുള്ള ഈ നിയമത്തെ സംരക്ഷിക്കാൻ വ്യവസ്ഥയില്ല. നമ്മൾ ഒരു ഫാക്ടറി ഏറ്റെടുക്കുമ്പോൾ മുതലാളിക്ക് കൊടുക്കുന്നതുക, അതിന്റെ ഫസ്റ്റ് ചാർജ് ന്യായമായി തൊഴിലാളിക്ക് കിട്ടേണ്ട അവകാശമാണ്. ഈ മുതലാളിക്ക് നഷ്ടപരിഹാരം ചെക്കായിട്ട് കൊടുക്കുമ്പോൾ തൊഴിലാളികൾക്ക് കൊടുക്കേണ്ടതായിട്ടുള്ള ന്യായമായ അവകാശങ്ങൾ കൂടി അംഗീകരിച്ച് അതിനൊരു സെറ്റപ് വരുത്തിക്കൂടേ? എന്റെ സുഹൃത്ത് ശ്രീ. അഹമ്മദിന് ഇതൊന്നും പച്ചമരുന്നോ അങ്ങാടിമരുന്നോ എന്നറിഞ്ഞുകൂടാ. ഈ നിയമത്തിന് ഈ ഭേദഗതിയുമായി വന്ന ശ്രീ. അഹമ്മദ് ഒരു കാര്യം കൂടി ചെയ്യേണ്ടിയിരുന്നു. അരിയർ വേജസ്സും, ബെനിഫിറ്റ്സും റിക്കവർ ചെയ്യുന്നതിനുള്ള വ്യവസ്ഥകൂടി ഈ മുതലാളിമാർക്കു കൊടുക്കുന്ന നഷ്ടപരിഹാരത്തിൽനിന്ന് ഈടാക്കാനുള്ള ഏർപ്പാട് ചെയ്യണമായിരുന്നു. ബഹുമാനപ്പെട്ട ഇ. അഹമ്മദ് കൊണ്ടുവന്നിരിക്കുന്ന ഈ നിയമത്തിന്റെ ഉദ്ദേശം, അതൊരു വാലിഡേഷനാണ്. ഫാക്ടറികൾ തിരിച്ചുകൊടുക്കുകയും പ്രൈവറ്റ് ഏജൻസികൾ വളരുകയും ചെയ്യുന്ന ഒരു സാഹചര്യം ഒഴിവാക്കാൻ മാത്രമാണ് 5 കൊല്ലത്തിനു ശേഷം പുതിയ നിയമം കൊണ്ടുവന്നത്. അങ്ങനെ ഈ നിയമം കൊണ്ടുവന്നപ്പോൾ ചെയ്യേണ്ടിയിരുന്ന ഒരു നടപടിക്രമം മുതലാളിമാരെ സഹായിക്കുക എന്നുള്ളതല്ല, ഫലത്തിൽ അങ്ങനെയാണ് വന്നിരിക്കുന്നത്, തൊഴിലാളികൾക്ക് ന്യായമായി കിട്ടേണ്ട അവകാശങ്ങൾ കൊടുക്കുകയില്ല. മിനിമം വേജസ് നൽകുകയില്ല. കശുവണ്ടിത്തൊഴിലാളികൾക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങൾ കൊടുക്കുകയില്ല. ഇതൊന്നും നൽകാതെ വളരെക്കാലമായി പ്രവർത്തനരഹിതമായിരുന്ന ഫാക്ടറികൾ സർക്കാർ ചെന്ന് ഏറ്റെടുത്താൽ അതിന്റെ ഫലം ആർക്കാണ്? അതേസമയം മുതലാളിമാർക്ക് ഹൈക്കോടതിയിൽ പോയി നഷ്ടപരിഹാരം വാങ്ങാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ട്രൈബ്യൂണലുണ്ട്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, നഷ്ടപരിഹാരം കൊടുക്കാനുള്ള നിയമത്തിലെ വ്യവസ്ഥ ഒന്നു ചൂണ്ടിക്കാണിച്ചു തരാമോ? (ബഹളം)

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, 5–ാം വകുപ്പിൽ 5. Payment of amount (i) Where any cashew factory is requisitioned under this Act there shall be paid rent.....) റെന്റ് കൊടുക്കണമെന്നുണ്ട്. ഈ റെന്റെന്നു പറഞ്ഞാൽ മാസാമാസം കൊടുക്കുന്ന തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: റെൻറും നഷ്ടപരിഹാരവും ഒന്നാണോ? സഭയെ തെറ്റിദ്ധരിപ്പിക്കരുത്. നിങ്ങൾ ഒരു ലായർ ആണല്ലോ. പാട്ടത്തിനു കൊടുക്കുക എന്നു പറയുമ്പോൾ നഷ്ടപരിഹാരം കൊടുക്കുന്നു എന്നു പറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതു ശരിയല്ല.

മി. സ്പീക്കർ: അങ്ങയ്ക്ക് റിപ്ലൈ പറയുമ്പോൾ പറയാമല്ലോ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, റെൻറ് ഡിറ്റർമിൻ ചെയ്യുന്നതാണ്. ട്രൈബ്യൂണൽ റെൻറ് തീരുമാനിക്കുന്നതിനുള്ള വകുപ്പാണ് 5-ാം വകുപ്പ്. ആ റെൻറ് എങ്ങനെ കൊടുക്കണം എന്ന് തീരുമാനിക്കുന്നതിനുള്ളതാണ് ട്രൈബ്യൂണൽ. റെൻറ് എന്ന് പറഞ്ഞാൽ മാസാമാസം കൊടുക്കുന്ന തുകയാണ്. ഇത് വാങ്ങിക്കൊണ്ട് പോകുന്നയാൾ തൊഴിലാളികൾക്ക് കൊടുക്കേണ്ടതായിട്ടുള്ള യാതൊന്നും കൊടുക്കുകയില്ല. റെൻറ് കൊടുക്കുമ്പോൾ അത് ചാർജായിട്ട് വച്ചുകൂടേ? തൊഴിലാളികൾക്ക് ന്യായമായി കിട്ടേണ്ടിയിരിക്കുന്ന, മുൻകാലത്ത് കൊടുക്കാനുള്ള കുടിശ്ശിക, അവകാശങ്ങൾ, ഇവ കൊടുക്കുന്നതിന് വ്യവസ്ഥയില്ല. അക്വിസിഷൻ എന്ന് പറയുന്നത് നഷ്ടപരിഹാരമാണ്. അതിനും വ്യവസ്ഥയില്ല. ഇപ്പോൾ ചെയ്യേണ്ടിയിരിക്കുന്നത് ഈ 5-ാം ഉപവകുപ്പിൽ പ്രൊവൈഡഡ് തൊഴിലാളികൾക്ക് കൊടുക്കേണ്ടതായിട്ടുള്ള അവകാശങ്ങൾ, limited arrears recoverable from rent മുതലാളിക്ക് കൊടുക്കുന്ന റെൻറിൽ നിന്നും തൊഴിലാളിക്ക് ന്യായമായി കിട്ടേണ്ട അവകാശങ്ങൾ റിക്കവറബിൾ ആണെന്ന് എഴുതിവച്ചാൽ മുതലാളിക്കു കിട്ടേണ്ട തുകയിൽ നിന്നും ഇത് റിക്കവർ ചെയ്യണം. ഒരു സെറ്റ് ഓഫ് വച്ചുകൂടേ. നിങ്ങൾ അതുകൂടി ചെയ്തിട്ട് കൊണ്ടുവരണമായിരുന്നു ഭേദഗതി. സപ്പോർട്ട് ചെയ്യാം. ഇത് തൊഴിലാളികൾക്ക് വേണ്ടിയാണെന്നാണ് അവകാശം. ഫലത്തിൽ തൊഴിലാളി ദ്രോഹമാണ്. തൊഴിലാളിക്ക് ന്യായമായ കൂലി കിട്ടുകയില്ല. അരിയർ വേജസ് കിട്ടുകയില്ല. എന്നുമാത്രമല്ല ഈ രണ്ട് നിയമങ്ങളിലും എഴുതി വച്ചിരിക്കുന്നത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിൻറെ പ്രൊവിഷനിൽനിന്നും എക്സംപ്ട് ചെയ്തിരിക്കുന്നു എന്നാണ്. ഇത് തൊഴിലാളിയെ അനുകൂലിക്കാനാണോ? ഇത് തൊഴിലാളിയെ സഹായിക്കാനാണോ?

ഈ ഗവൺമെൻറിന് തൊഴിലാളികളെ സഹായിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ അത് പറയുന്ന സ്ഥിതിക്ക് ചെയ്യേണ്ടിയിരിക്കുന്ന ഒരു നടപടിക്രമം മുതലാളിക്ക് കൊടുക്കുന്ന സംഖ്യയിൽനിന്ന് തൊഴിലാളിക്ക് തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള അരിയർ വേജസ് ഈടാക്കണം എന്ന് എഴുതി വയ്ക്കാമോ? അത് ചെയ്താൽ ഈ നിയമത്തിന് പ്രസക്തിയുണ്ട്. എന്നാൽ ഈ നിയമം അതുപോലെ നടപ്പിലാക്കിയാൽ സാമൂഹ്യദ്രോഹം ചെയ്തിട്ടുള്ള, തൊഴിൽദ്രോഹം ചെയ്തിട്ടുള്ള, കൂലി കൊടുക്കാത്ത മുതലാളിമാരെ സഹായിക്കാൻമാത്രമേ ഈ നിയമം ഉപയോഗപ്പെടൂ. അതുകൊണ്ട് തൊഴിലാളിക്ക് കിട്ടേണ്ട ന്യായമായ അവകാശങ്ങൾ കിട്ടാൻ ഭേദഗതി കൊണ്ടുവരണം. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യണം. അതനുസരിച്ച് തൊഴിലാളികളുടെ അവകാശം അംഗീകരിക്കുന്ന, അത് സംഖ്യയിൽനിന്നും ഈടാക്കുന്ന വ്യക്തമായ വ്യവസ്ഥകൾ നിയമത്തിൽ വരുത്തണമെന്ന് വ്യവസായ മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ല് പബ്ലിക് ഒപ്പീനിയൻ വിടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. രാഘവൻ പൊഴക്കടവിൽ)

ശ്രീ. എസ്.ആർ. തങ്കരാജ്: സർ, ഞാൻ ഈ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ അനുകൂലിക്കുന്നു. ഈ നിയമം കൊണ്ടുവരാനുണ്ടായ പ്രത്യേക സാഹചര്യങ്ങളെക്കുറിച്ച് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏതെങ്കിലും ഫാക്ടറി ഉടമകളും ആ ഫാക്ടറികളും മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യുമ്പോഴോ, അല്ലെങ്കിൽ ആ ഫാക്ടറി അടച്ചിടുമ്പോഴോ ഉണ്ടാകുന്ന പ്രത്യേക സാഹചര്യത്തിൽ തൊഴിലാളികൾക്ക് പരിഗണന കൊടുത്തുകൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി ചെയ്യുന്ന ഒരു നടപടി എന്നുള്ള നിലയിലാണ് ഇതു കൊണ്ടുവന്നിട്ടുള്ളത്. 1977 ലാണ് ഇതിന്റെ തുടക്കം കുറിച്ചത്. അതിനു ശേഷം 1982–ൽ ആ നിയമം ലാപ്സായി. ഇത്രയും ദീർഘമായ രണ്ടു വർഷക്കാലം ഇതിനുവേണ്ടി കാത്തിരിക്കണമായിരുന്നോ, അല്ലെങ്കിൽ എന്തിനുവേണ്ടി ഇത്രയും കാലം ഇതിനുവേണ്ടി കാത്തിരുന്നുവെന്നുള്ളത് ചിന്താവിഷയമാണ്. മുതലാളിമാരെ സഹായിക്കുന്ന ഒരു സർക്കാരാണ് ഇവിടെയുള്ളത് എന്ന് ഞാൻ പറയുമ്പോൾ, സർക്കാർ നടപടികണക്കിലെടുത്താൽ ഞാൻ പറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

ഈ സർക്കാരിന്റെ നയം മൊത്തത്തിൽ പരിശോധിച്ചുനോക്കിയാൽ തൊഴിലാളി വിരുദ്ധ നയമാണ് കഴിഞ്ഞ മൂന്നുകൊല്ലമായി തുടർന്നു വരുന്നത് എന്ന് കാണാൻ കഴിയും. അതിന്റെ ഭാഗമായിട്ടാണ് ഈ നിയമവും അതിന് കാലാനുസൃതമായ നിയമനിർമ്മാണവും കൊണ്ടുവരുവാൻ ഇടയായിട്ടുള്ളത്. ഈ രണ്ടു വർഷക്കാലം നിയമം ഇല്ലാതെതന്നെ ഇതിനെ കൈയിൽ വച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതുതന്നെ സർക്കാർ ചെയ്തിട്ടുള്ള ഏറ്റവും വലിയ അപരാധമാണ്. തൊഴിലാളികളെ സഹായിക്കാനെന്നു പറയുമ്പോൾ ഇത്രയും വികലമായ ഒരു നയം കൈക്കൊണ്ടിട്ടുള്ള ഒരു സർക്കാർ ഈ രാജ്യം ഭരിച്ചിട്ടുണ്ടോയെന്നുള്ളത് നാം പരിശോധിക്കേണ്ട ഒരു കാര്യമാണ്.

സർ, കയർ, കൈത്തറി രംഗത്തൊക്കെ തൊഴിലാളികൾ അനുഭവിക്കുന്ന വേദനകളെക്കുറിച്ചൊക്കെ വ്യവസായവകുപ്പു മന്ത്രി ഇവിടെ സംസാരിക്കുമ്പോൾ മുതലക്കണ്ണീർ ഒഴുക്കുന്നതു കണ്ടിട്ടുണ്ട്. അവർക്കുവേണ്ടി എടുത്തിട്ടുള്ള നടപടികളെക്കുറിച്ചൊക്കെ വാതോരാതെ സംസാരിക്കുന്നതു കേട്ടിട്ടുണ്ട്. അവർക്കുവേണ്ടിയുള്ള ആശ്വാസ നടപടികൾ എത്രമാത്രം നടപ്പിലാക്കിയെന്ന് ചോദിച്ചാൽ ഏതെങ്കിലുമൊരു രംഗത്ത് തൊഴിലാളികളുടെ ആവശ്യത്തിന് അനുസൃതമായി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് നമ്മൾ ആലോചിക്കേണ്ട കാര്യമാണ്. തൊഴിലാളിക്ക് ആനുകൂല്യം കണ്ടെത്തുന്ന കാര്യത്തിൽ മാത്രമാണ് ഈ സർക്കാരിന് നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടായിക്കൊണ്ടിരിന്നത്. ഇവിടെ സംസ്ഥാന സർക്കാരിന്റെ കാര്യം മാത്രമല്ല, കേന്ദ്ര സർക്കാരായിരുന്നാലും തൊഴിലാളികളെ എങ്ങനെ കഴുത്തുഞെരുക്കിക്കൊല്ലാമെന്നുള്ള ഒരു ആലോചനയുടെ ഭാഗം മാത്രമാണിത്. സാങ്കേതിക പരിജ്ഞാനത്തെക്കുറിച്ചായിരുന്നാലും മറ്റ് കാര്യങ്ങളെക്കുറിച്ചായിരുന്നാലും കേന്ദ്രസർക്കാർ തുടർന്നുവരുന്ന നയം തന്നെയാണ് സംസ്ഥാന സർക്കാർ പിന്തുടരുന്നത്. തൊഴിലാളികൾക്കു വേണ്ടി ഇതുപോലുള്ള നിയമനിർമ്മാണം നടത്തുമ്പോൾ ഇത്രയും വലിയ കൃത്യവിലോപം കാണിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കശുവണ്ടി രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്കു കിട്ടുന്ന തൊഴിൽദിവസങ്ങളെക്കുറിച്ച് നമുക്കറിയാം. ഒരു വർഷത്തിൽ അവർക്ക് കിട്ടുന്നത് അൻപതോ അറുപതോ ദിവസങ്ങളായിരിക്കും. ഇവിടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി, അല്ലെങ്കിൽ ജനങ്ങളുടെ മുമ്പിൽ തൊഴിലാളികൾക്കുവേണ്ടി ചില നിയമനിർമ്മാണങ്ങളൊക്കെ നടത്തുന്നുവെന്ന് ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു നിയമനിർമ്മാണം ആണെന്നു മാത്രമേ ഇതിനെ കാണേണ്ടതായിട്ടുള്ളൂ. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിന്റെ ലക്ഷ്യങ്ങൾ നടപ്പിൽ വരുത്തണമെന്നും ഇതിനെ ഫലപ്രാപ്തിയിൽ എത്തിക്കണമെന്നുമുള്ള ആഗ്രഹം ഉണ്ടായിരുന്നുവെങ്കിൽ രണ്ട് വർഷങ്ങൾക്കു മുമ്പുതന്നെ ഇത് ഈ സഭയിലവതരിപ്പിച്ച് അത് പാസ്സാക്കുമായിരുന്നു. അതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ഈ കരട് ബിൽ നമ്മൾ വായിച്ച് നോക്കുകയാണെങ്കിൽ ആദ്യം മുതൽ അവസാനംവരെയും ഇതിന് യാതൊരു നിയമപരമായ തടസ്സവും ഉള്ളതായിട്ട് പറഞ്ഞു കാണുന്നില്ല. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഇത് നടപ്പിലാക്കണമെന്നല്ലാതെ എന്തുകൊണ്ട് രണ്ട് വർഷക്കാലം ഇതിനെക്കുറിച്ച് ഒരു നടപടിയും എടുക്കാതെ നോക്കിയിരുന്നുവെന്നുള്ളതിന് യാതൊരു വിശദീകരണവും നൽകുന്നില്ല. പല കാലഘട്ടങ്ങളിലും എല്ലാ ആളുകളും പറഞ്ഞിട്ടുണ്ട് വെറും ഓർഡിനൻസ് മന്ത്രിസഭയായിട്ട് തുടർന്നു പോകുന്ന ഒരു സർക്കാരാണ് ഈ കൊച്ചു സംസ്ഥാനത്തുള്ളതെന്ന്. അതിനെ അന്വർത്ഥമാക്കുന്ന നടപടികളാണ് കാലാകാലങ്ങളിൽ തുടർന്നു വരുന്നത്. ഈ രാജ്യത്തെ ജനങ്ങളിൽ 60/80 ശതമാനം വീക്കർ സെക്ഷനിൽപ്പെട്ടവരാണ്. അതിലൊരു വിഭാഗം ആളുകളാണ് ഈ രംഗത്ത് ജോലിചെയ്യുന്നത്. ഏറ്റവും കുറച്ച് വരുമാനം ഉണ്ടാക്കുന്ന ഒരു വിഭാഗം ആളുകളാണ്. ഇതിനെക്കുറിച്ചല്ലെങ്കിലും ചോദ്യോത്തരത്തിൽ ഖാദി രംഗത്തു പ്രവർത്തിക്കുന്ന ആളുകളെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ളതാണെന്നും പറഞ്ഞ് ഒഴിഞ്ഞു മാറുകയാണുണ്ടായത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ളതായിരുന്നാലും സംസ്ഥാന സർക്കാരിന്റെ കീഴിലുള്ളതായിരുന്നാലും ഏറ്റവും കുറഞ്ഞ വരുമാനം കിട്ടുന്ന ആളുകളെക്കുറിച്ച് അന്വേഷിക്കുവാനും ആലോചിക്കുവാനും അവർക്കുവേണ്ടിയുള്ള നിയമനിർമ്മാണ നടപടികൾ ഏറ്റെടുക്കുവാനും വേണ്ടിയാണ് ഈ രാജ്യത്ത് ഒരു സർക്കാരുള്ളത്. ആ സർക്കാർ അതിന്റെ നടപടികൾ എത്രകണ്ട് മുന്നോട്ട് കൊണ്ടുപോകുന്നുവെന്നുള്ളതാണ് പ്രശ്നം. ഈ സർക്കാർ തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് രണ്ടുവർഷക്കാലം അങ്ങനെയൊരു നിയമനിർമ്മാണം ഈ സഭയിൽ കൊണ്ടുവരുന്നതിനു കാലതാമസം ഉണ്ടാക്കിയിട്ടുള്ളതെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ കാലതാമസം ഉണ്ടായതുപോകട്ടെ ഇനിയിപ്പോൾ കൊണ്ടുവന്നത് ഫലപ്രദമായി നടപ്പിലാക്കണമെന്ന് ഈ സർക്കാരിന് ആഗ്രഹമുണ്ടോ? ഈ സർക്കാരിനു ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ ആഗ്രഹമുള്ളൂ. ഈ രാജ്യത്തുള്ള കുത്തകമുതലാളിമാരുടേയും സമ്പന്നൻമാരുടേയും അവകാശങ്ങൾ സംരക്ഷിക്കുക. എന്നാൽ പാവപ്പെട്ടവന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നാഗ്രഹമുണ്ടെങ്കിൽ ഈ ബില്ല് അടിയന്തിരമായി പൊതുജനാഭിപ്രായത്തിനു വിടുകയും അവരുടെ അഭിപ്രായങ്ങൾ കൂടെ ചേർത്ത് ഈ നിയമം നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അഞ്ച് വർഷത്തേയ്ക്കുവേണ്ടി ഇങ്ങനെ ബാധകമാക്കി ക്കഴിഞ്ഞാൽ വീണ്ടും ഇതിലും രൂക്ഷമായ പ്രതിസന്ധികൾ ആയിരിക്കും ഉണ്ടാകുന്നത്. ഇതിനൊരു ശാശ്വതമായ പരിഹാരം എങ്ങ

11 A.M.] നെയുണ്ടാക്കാമെന്നുള്ളതിനെക്കുറിച്ച് ഈ സന്ദർഭത്തിൽ ആലോചിക്കുന്നതിനുവേണ്ടി ഇതിൽ പൊതുജനാഭിപ്രായം തേടേണ്ടതാവശ്യമാണ്. അങ്ങനെ പൊതുജനാഭിപ്രായം തേടിയാൽ മാത്രമേ ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ; തൊഴിലാളി വിരുദ്ധ സർക്കാരല്ലായെന്ന് തെളിയിക്കാൻ സാധിക്കുകയുള്ളൂ. ദിവസവും ഒന്നരയോ രണ്ടോ രൂപ ശമ്പളം കിട്ടുന്ന പാവപ്പെട്ട കുട്ടികളും സ്ത്രീതൊഴിലാളികളും ജോലി ചെയ്യുന്നത് ഈ കശുവണ്ടിമേഖല യിലാണ്. ഈ മേഖലകളെ ഫലപ്രദമായി പ്രവർത്തിപ്പിക്കാത്തതുകൊ ണ്ടാണ് കേരളത്തിലുള്ള കശുവണ്ടി മുഴുവനും അയൽ സംസ്ഥാനങ്ങ ളിലേയ്ക്ക് കടത്തിക്കൊണ്ടു പോകുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നത്. കേരളത്തിലുള്ള ആളുകൾക്ക് തൊഴിൽ കിട്ടേണ്ട സന്ദർഭങ്ങൾ ഇതു മൂലം നഷ്ടപ്പെടുന്നുണ്ട്. ഇതുപോലുള്ള നിയമ നിർമ്മാണങ്ങൾ കാലാനുസൃതമായി നടപ്പിലാക്കാൻ സർക്കാരിന്റെ ഭാഗത്ത് വൈമുഖ്യം ഉണ്ടാകുന്നുവെന്ന കാരണം കൊണ്ടാണ്. നമ്മുടെ നാട്ടിലെ അസംസ്കൃത സാധനങ്ങൾ നമ്മുടെ സംസ്ഥാനത്തു നിന്ന് മറ്റു സംസ്ഥാനങ്ങളി ലേയ്ക്ക് പോകുന്നത്. നാട്ടിൽ അൽപ്പമെങ്കിലും ശേഷിയുള്ള ആളുകൾ, തൊഴിലവസരങ്ങൾ സാധാരണക്കാർക്ക് ഉണ്ടാക്കിക്കൊടുക്കേണ്ട ആളുകൾ, അതിനുതക്ക കഴിവുള്ള ആളുകൾ ഈ സംസ്ഥാനത്തിനകത്ത് ഒതുങ്ങി നിൽക്കാതെ അവരുടെ വ്യവസായ സംരംഭങ്ങൾ അടുത്ത സംസ്ഥാന ങ്ങളിലേയ്ക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ സമയം ചുരുക്കണം.

ശ്രീ. എസ്.ആർ. തങ്കരാജ്: ഈ വസ്തുതകളെല്ലാം ചെയറുപ്പെടെയുള്ള ആളുകൾ മനസ്സിലാക്കേണ്ട കാര്യമാണ്. ഇവിടെ രണ്ടേമുക്കാൽ കോടി ജനങ്ങളുണ്ട്. 25 ലക്ഷത്തിൽപ്പരം ആളുകൾ ഇന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തതിനുശേഷം തൊഴിലന്വേഷിച്ച് നടക്കുകയാണ്. ഈ സന്ദർഭത്തിൽ ഇതുപോലൊരു നിയമം വരുമ്പോൾ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുമ്പോൾ ബഹുമാനപ്പെട്ട ചെയർ സമയം ചുരുക്കണമെന്ന് പറയുന്നത് ഭംഗിയല്ല. ഈ സഭയുടെ അന്തസ്സ് നിലനിറുത്തിക്കൊണ്ട് ഈ സഭയിലെ മന്ത്രിമാർ ഇത് ഭംഗിയായി കൈകാര്യം ചെയ്യുന്നതിനുവേണ്ടി വിദഗ്ദ്ധരും സമ്പന്നരുമായ ധാരാളം ആളുകളെ ഈ രംഗത്തേയ്ക്കു കൊണ്ടുവരണം. ഏത് മാന്യതയുള്ള ജോലിയും ചെയ്യുന്നതിന് ഇഷ്ടമുള്ള ആളുകളുള്ള ഈ സംസ്ഥാനത്തിൽ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ഇത്രയും കൂടുതലാളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ പേര് രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യത്തെക്കുറിച്ചാലോ ചിക്കണം. എന്തുകൊണ്ട് നമ്മുടെ ആളുകളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു എന്നുള്ളതിനെക്കുറിച്ച് നമ്മൾ പഠിക്കണം. നമ്മുടെ നാട്ടിൽ എന്തുകൊണ്ട് പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നി ല്ലായെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. വർഷങ്ങൾക്കുമുമ്പ് വിദേ ശരാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തുകൊണ്ടിരു ന്നത് ഇപ്പോൾ കിട്ടുന്നില്ല. മന്ത്രിമാരൊക്കെ ഭാവനാ സമ്പന്നൻ മാരായിരിക്കണമെന്നാണ് നമ്മൾ ആഗ്രഹിക്കാറുള്ളത്. ഭാവനാ സമ്പ ന്നൻമാരായ മന്ത്രിമാർ ഒരു രാജ്യത്തുണ്ടെങ്കിൽ മാത്രമേ പുതിയ വ്യവസായ സംരംഭങ്ങളും മേഖലകളും ഉണ്ടാക്കി ഈ രാജ്യത്തെ ജനങ്ങൾക്ക് തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി ആലോചിക്കാൻ സാധിക്കൂ. ഇതുപോലെ ഏതെങ്കിലും പരിമിതമായ ഫാക്ടറികൾ ഏറെടുക്കുന്നതിനെ സംബന്ധിച്ചും അത് തുടർന്നുകൊണ്ടുപോകുന്നതിനെ സംബന്ധിച്ചും മാത്രം ആലോചിച്ചാൽ പോരാ. പുതിയ പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടാകണം. നമ്മുടെ തൊഴിലാളികളുടെ തൊഴിലില്ലായ്മക്ക് ശാശ്വതമായ പരിഹാരമുണ്ടാകണം. ഇതൊക്കെ നടപ്പിലാക്കുന്നതിനുവേണ്ടി, ഇതിനെ വിശാലമാക്കിയെടുക്കുന്നതിനുവേണ്ടി പൊതു ജനാഭിപ്രായം തേടുന്നതിനായയ്ക്കണമെന്നുള്ള ഭേദഗതിയെ പിൻതാങ്ങിക്കൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. എം.എം. ഹസ്സൻ: സർ, വളരെയേറെ പുരോഗമനപരമായ ഒരു നിയമമാണ് ഈ സഭയുടെ പരിഗണനയ്ക്ക് നമ്മുടെ വ്യവസായ വകുപ്പു മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മാർക്സിസ്റ്റ് പാർട്ടിയംഗമായ ശ്രീ. വർക്കല രാധാകൃഷ്ണൻ പ്രസംഗിക്കുന്നത് കേട്ടപ്പോൾ എനിക്ക് അൽഭുതം തോന്നി. നിയമനിർമ്മാണ പ്രക്രിയയിൽ നിലാവത്തിറക്കിവിട്ട ഒരു കോഴിയെപ്പോലെയാണ് എപ്പോഴും ശ്രീ. വർക്കല രാധാകൃഷ്ണൻ സംസാരിച്ചു കാണുന്നത്. നിലാവത്തിറക്കിവിട്ട കോഴിക്ക് അന്തവും കുന്തവുമുണ്ടോ സർ? ശ്രീ. വർക്കല ഈ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ പ്രസംഗിച്ചതു കേട്ടപ്പോൾ അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമാണോ അതോ മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായമാണോ എന്നെനിക്ക് സംശയം തോന്നി. കശുവണ്ടി ഫാക്ടറികൾ സ്വകാര്യ മുതലാളിമാരുടെ വാശിയും ദുർവ്വാശിയും കാരണമായി അടച്ചു പൂട്ടേണ്ടതായി വന്നു. ഇവിടെയുള്ള തൊഴിലാളികളെയും ഈ വ്യവസായത്തെയും രക്ഷിക്കാൻവേണ്ടി മാർക്സിസ്റ്റ് പാർട്ടിയിലടക്കമുള്ള ആളുകൾ മുന്നോട്ടു വന്നതുകൊണ്ടാണ് ഫാക്ടറികൾ ഗവൺമെന്റ് ഏറെടുത്ത് കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷനെ ഏൽപ്പിക്കാൻ കഴിഞ്ഞത്. വ്യവസായം നടത്തിക്കൊണ്ടുപോകുന്നതോടൊപ്പം തന്നെ തൊഴിലാളികൾക്കാവശ്യമായ ന്യായമായി ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും നൽകിക്കൊണ്ട് മിനിമം വേജസ് നൽകി ഈ ഫാക്ടറികളെ ഫലപ്രദമായി നടത്തുകയെന്നുള്ള ചുമതലയാണ് കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ സ്വകാര്യ മുതലാളിമാരുടെയൊക്കെ ഇംഗിതത്തിനും താളത്തിനുമൊത്ത് ഗവൺമെന്റ് തുള്ളാതെവന്നാൽ, ഏതെങ്കിലുമൊരു സ്വകാര്യ വ്യവസായ സ്ഥാപനം അടച്ചുപൂട്ടണമെന്നുള്ള ഭീഷണി മുഴക്കിയാൽ അത്തരം മുതലാളിമാരെ നിലയ്ക്കു നിറുത്താൻ ഇതുപോലുള്ള നിയമങ്ങളും വ്യവസ്ഥകളും ആവശ്യമില്ലെന്നാണോ ശ്രീ. വർക്കലയെപ്പോലുള്ള ആളുകൾ വാദിക്കുന്നത്? സർ ഇതു വളരെ പുരോഗമനപരമായ ഒരു നിയമമാണ്. കാരണം മുതലാളിമാർക്ക് തിരിച്ചുകൊടുക്കാതെ വീണ്ടും ഈ ഫാക്ടറികൾ കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊണ്ടുപോവുന്നതിനാണ്.

സർ, നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും അധികം തൊഴിലാളികൾ കഷ്ടപ്പെടുന്ന വ്യവസായമാണ് കശുവണ്ടി വ്യവസായം. ആ വ്യവസായത്തിലെ തൊഴിലാളികളെ രക്ഷിക്കാൻ നഷ്ടപരിഹാരം കൊണ്ടൊന്നുമല്ല—മുതലാളിമാർക്ക് വിട്ടുകൊടുക്കാതെയിരിക്കാൻ അഞ്ചഞ്ചു വർഷക്കാലം അതിന്റെ ഭരണം കൈകാര്യം ചെയ്യാനുള്ള അവകാശം, ഇതേറെടുക്കാനുള്ള അവകാശം ഗവൺമെന്റിന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടാൻ കഴിയുന്ന ഒരു നിയമമാണിത്. ഇത്രയും പുരോഗമനപരമായ ഒരു നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് അവിടെയും ഗവൺമെന്റിനെ എതിർക്കുകയെന്നുള്ളത് വളരെ വ്യർത്ഥമായ ഒരു വാദഗതിയെന്നുള്ളതിനപ്പുറം ഇതിന് പ്രസക്തിയില്ല.

സർ, ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവുമധികം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന വ്യവസായമാണ് കശുവണ്ടി വ്യവസായം. അതിനെന്താണ് പരിഹാരം? ഒന്നാമതായി നമുക്ക് വ്യവസായത്തെ രക്ഷിക്കണം. രണ്ടാമതായി തൊഴിലാളികളെ രക്ഷിക്കണം. അതിനെന്തു ചെയ്യാൻ കഴിയും? ഇതിന് കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികളെ ഒന്നുകിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ കൊണ്ടുവന്ന് തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുക്കുക. അന്താരാഷ്ട്ര വിപണിയിൽ ഇതിന്റെ വില നിലവാരത്തിനനുസരിച്ച് ആ കമ്പോളത്തിൽ മൽസരിക്കാനുള്ള ശക്തി നിലനിറുത്തുക. അല്ലെങ്കിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുക. അതല്ലാതെ വേറെ എന്തെങ്കിലും മാർഗ്ഗമുണ്ടോ? സഹകരണ മേഖലയേയും പൊതുമേഖലയേയും ശക്തിപ്പെടുത്തിക്കൊണ്ട് ഈ തൊഴിലാളികളേയും വ്യവസായത്തേയും രക്ഷപ്പെടുത്തുകയെന്നുള്ള സമീപനമാണ് നമ്മുടെ വ്യവസായ വകുപ്പു മന്ത്രിയും ഗവൺമെന്റും സ്വീകരിച്ചിരിക്കുന്നതെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ എങ്ങനെ ഇതൊരു തൊഴിലാളി വിരുദ്ധ ഗവൺമെന്റായി ചിത്രീകരിക്കാൻ കഴിയും? കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷന് 28 കോടി രൂപയോളം നഷ്ടമുണ്ടായിരുന്നു. ആ നഷ്ടത്തിൽ നടന്ന കോർപ്പറേഷന് തൊഴിലാളികളെ രക്ഷിക്കാൻവേണ്ടി ആ നഷ്ടം ഇകിറിയായി മാറിക്കൊണ്ട് മൂന്നുകോടി രൂപ കേന്ദ്രത്തിൽ നിന്നും ഈ വർഷം നേടിയെടുക്കാൻ നമ്മുടെ വ്യവസായ വകുപ്പു മന്ത്രിക്ക് കഴിഞ്ഞിരിക്കുന്നു. കേന്ദ്രം സഹായിച്ചോ കേന്ദ്രം സഹായിച്ചോ എന്ന് നാഴികയ്ക്ക് നാൽപ്പതു വട്ടം ചോദിക്കുന്ന പ്രതിപക്ഷ മെമ്പർമാരോട് ഞാൻ പറയുന്നു, കശുവണ്ടി വ്യവസായത്തെയും തൊഴിലാളികളെയും രക്ഷിക്കാൻവേണ്ടിയാണ് ഇപ്രാവശ്യം മൂന്നുകോടി രൂപ. ഈ വ്യവസായം നിലനിറുത്തേണ്ടത് കേന്ദ്ര ഗവൺമെന്റിന്റെ ആവശ്യമല്ല, നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യമാണ്. ഈ തൊഴിലാളികളും വഴിയാധാരമാകാതെ നോക്കേണ്ടത് നമ്മുടെ ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റിന് ഇതുപോലുള്ള കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് എടുക്കുന്നപോലുള്ള താൽപ്പര്യം എടുത്തുകൊണ്ട് ധനസഹായം നൽകണമെന്ന് വ്യവസ്ഥയില്ല. എന്നിട്ടുപോലും 28 കോടി രൂപ നഷ്ടത്തിൽ കലാശിച്ച ഒരു പൊതുമേഖലാ സ്ഥാപനത്തെ അതിൽ അന്തർവേഷ്ടിച്ചിട്ടുള്ള തൊഴിലാളി കുടുംബങ്ങളുടെ വേദനയും ദുഃഖവും മനസ്സിലാക്കി അവർ വഴിയാധാരമാകാതിരിക്കാൻ വേണ്ടി മൂന്നുകോടി രൂപ കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷനുവേണ്ടി കേന്ദ്രസഹായം ലഭിച്ചിട്ടുള്ള ഒരു പരിതഃസ്ഥിതിയിലാണ് ഈ ഫാക്ടറികളും തുടർന്ന് ഗവൺമെന്റ് ഏറ്റെടുത്ത് മുന്നോട്ടു കൊണ്ടു പോകണമെന്ന് പറയുന്നത്. ശ്രീ. വർക്കല രാധാകൃഷ്ണന്റെ രാഷ്ട്രീയ പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയുടെ തൊഴിലാളി യൂണിയനായ സി.ഐ.റ്റി.യു. ഈ ആവശ്യമല്ലേ സ്വാഭാവികമായി മുന്നോട്ടു കൊണ്ടുവരുന്നത്? തൊഴിലാളികൾക്ക് കോമ്പൻസേഷൻ, മുതലാളിമാർക്ക് കോമ്പൻസേഷൻ ഇതൊക്കെ അവർ പറയുമോ? ഈ രാജ്യത്തെ കശുവണ്ടി വ്യവസായത്തെ രക്ഷിക്കാൻ നമുക്കെല്ലാവർക്കും ഒരുപോലെ ബാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി കേരളത്തിൽ മൂന്നു ദിവസത്തെ പര്യടനം നടത്തി പാലക്കാട്ടുനിന്ന് സംസ്ഥാനത്തോടു വിട പറയുമ്പോൾ സംസാരിച്ച വാക്കുകൾ എം.എൽ.എ. മാരും രാഷ്ട്രീയ പ്രവർത്തകരുമായ നമ്മുടെ രണ്ടു ചെവികളിലും പ്രതിധ്വനിക്കേണ്ടതാണ്. വളരെ വിഭവ സമൃദ്ധമായ ഒരു സംസ്ഥാനം. വിദഗ്ദ്ധൻമാരായ തൊഴിലാളികളും എല്ലാ ഭൗതിക സാഹചര്യങ്ങളും നമുക്ക് അനുകൂലമാണ്. പക്ഷേ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര വിപണിയിൽ മൽസരിക്കാനുള്ള കുറവ് മാത്രമാണ് നമുക്കുള്ളത്. കേരളീയരായ മലയാളികൾ, ലോകത്തെമ്പാടും മറ്റു സംസ്ഥാനങ്ങളുടേയും സമ്പദ് വ്യവസ്ഥയിൽ നിർണ്ണായകമായ സംഭാവനകൾ നൽകുന്നുണ്ട്. കേരളത്തിനു പുറത്തും സംഭാവനകൾ നൽകുന്നുണ്ട്. പക്ഷേ കേരളത്തിലെ സമ്പദ് ഘടന മെച്ചപ്പെടുത്താൻ അവർക്ക് സംഭാവന നൽകാൻ കഴിയുകയില്ലേയെന്ന് സത്യത്തിൽ ഒരു ഇൻഡ്യാക്കാരന്റെ മനസ്സിന്റെ ഉൽക്കടമായ ദുഃഖമാണ് ശ്രീ. രാജീവ് ഗാന്ധിയിലൂടെ പാലക്കാട് പ്രസംഗത്തിൽ നമുക്ക് കേൾക്കാൻ കഴിഞ്ഞത്.

സർ, കശുവണ്ടി വ്യവസായത്തെക്കുറിച്ച് പറയുമ്പോൾ ഇത്രയേറെ വിദഗ്ദ്ധരായ തൊഴിലാളികൾ ലോകത്തെവിടെയെങ്കിലും ഉണ്ടോ? ഇത്രയേറെ വിദഗ്ദ്ധരായ തൊഴിലാളികളെക്കൊണ്ട് വ്യവസായം പുഷ്ടിപ്പെടുത്താൻ മറ്റൊരു സ്റ്റേറ്റിനും കഴിയുകയില്ല. അത്ര വിദഗ്ദ്ധമായ തൊഴിലാളികളുള്ള നമ്മുടെ കേരളത്തിലെ കശുവണ്ടി വ്യവസായം അന്താരാഷ്ട്ര മാർക്കറ്റിൽ മൽസരത്തിന് പിന്നിലാകാൻ പാടില്ല. നമ്മുടെ വ്യവസായത്തിന്റെ അന്താരാഷ്ട്ര വിപണിയിലെ മൽസരത്തിന്റെ എല്ലാ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ട് ഈ വ്യവസായത്തെ രക്ഷിക്കാനും ഇതിലെ തൊഴിലാളികളെ രക്ഷിക്കാനും നമുക്ക് ബാദ്ധ്യതയുണ്ട്. അന്താരാഷ്ട്ര വിപണിയിൽ ഈ ഉൽപ്പന്നങ്ങൾ മൽസരത്തിന് വരുമ്പോൾ തൊഴിലാളികളുടെ ജീവിത പ്രശ്നവുമായി ബന്ധപ്പെട്ടല്ല ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുകയോ അതിന് പ്രതിപത്തിയുണ്ടാക്കുകയോ ചെയ്യുന്നത്.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: ഉൽപാദനക്ഷമത ഇല്ലാത്തതുകൊണ്ട് കശുവണ്ടി തൊഴിലാളികൾക്ക് ദുരിതാശ്വാസം കൊടുക്കാതെ രക്ഷിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. എം.എം. ഹസ്സൻ: അങ്ങനെയല്ല ഞാൻ പറഞ്ഞത്. ഞാൻ പ്രധാനമന്ത്രിയുടെ പ്രസംഗത്തെ സ്പർശിച്ചുകൊണ്ടാണ് പറഞ്ഞത്. വിദഗ്ദ്ധരായ തൊഴിലാളികളുള്ള കേരളത്തിന്റെ പ്രത്യേകത അദ്ദേഹം ചൂണ്ടിക്കാണിച്ചതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇവിടത്തെ കശുവണ്ടിത്തൊഴിലാളികൾ ആഫ്രിക്കയിലെ തൊഴിലാളികളെക്കാളും വിദഗ്ദ്ധരാണ്. കേരളത്തിലെ കശുവണ്ടിത്തൊഴിലാളികൾ വളരെ വിദഗ്ദ്ധരായ തൊഴിലാളികളാണെന്നതിനെക്കുറിച്ച് ആധികാരികമായി അഭിപ്രായം പറയാൻ കഴിയുന്ന ഒരാളാണ് ബഹുമാനപ്പെട്ട ആർ.എസ്. ഉണ്ണി. അദ്ദേഹം എന്തു പറഞ്ഞാലും കശുവണ്ടിയുടെ കാര്യത്തിൽ വളരെ ആവേശം കാണിക്കുന്ന ആളാണ്. അങ്ങനെയുള്ള ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നഷ്ടത്തിലാണ് അല്ലെങ്കിൽ വ്യവസായം തകർച്ചയിലാണ് എന്നുള്ളതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. നമുക്കു രണ്ടു കാര്യങ്ങളാണ് നോക്കേണ്ടത്. വ്യവസായങ്ങൾ നഷ്ടത്തിലാകാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല. തൊഴിലാളികളുടെ ജോലി നഷ്ടപ്പെടാൻ പാടില്ല. പലരും പറയുന്നത്, വിമർശനമായി പറയുന്നത്, നമ്മുടെ വ്യവസായം തകർച്ചയിലാണ് എന്നാണ്. കാരണം, കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വളരെ കൂടുതലാണ് എന്നൊരു ആക്ഷേപമിന്ന് നിലവിലുണ്ട്. എന്തു കൊണ്ടാണ് കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടുന്നത്? ....(ബഹളം).....അതുകൊണ്ട് കശുവണ്ടി വ്യവസായത്തിലെ ഇന്നുള്ള പ്രത്യേകതകൂടി നമ്മൾ കണക്കിലെടുത്തുകൊണ്ട് ഈ വ്യവസായത്തെ രക്ഷിക്കാൻ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടുതലാണ് എന്നുള്ള ആക്ഷേപത്തിന്റെ പേരിൽ ഈ വ്യവസായത്തിനെ അന്യ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നതിനുള്ള എല്ലാ പ്രവണതകളും തടയണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പിള്ളയെ കണ്ടാൽ തള്ള പേടിക്കില്ലായെന്നാണ് ശ്രീ. ഹസ്സൻ പറഞ്ഞത്. ഇന്ന് പിള്ളയെ എടുക്കാൻ തള്ള മൂപ്പനാർ വരുന്നതുകൊണ്ടാണോ ശ്രീ. ഹസ്സൻ ഇങ്ങനെപറഞ്ഞത്?

ശ്രീ. എം.എം. ഹസ്സൻ: ഞങ്ങൾ തമ്മിലുള്ള കാര്യങ്ങൾ ഞങ്ങൾ നോക്കിക്കോളാം. ഞങ്ങളെ ഓർത്ത് നിങ്ങൾ ദുഃഖിക്കേണ്ട. നിങ്ങൾ നിങ്ങളുടെ സന്തതി പരമ്പരകളെ ഓർത്ത് ദുഃഖിക്കുക. അതുകൊണ്ട് എനിക്ക് അതേക്കുറിച്ച് പറയാനുള്ളത്, കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടുന്നത് തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കുന്നതുകൊണ്ട് മാത്രമല്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായിട്ടുള്ള നടപടികൾ എടുക്കണം.

ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ശങ്കരനാരായണപിള്ള പറഞ്ഞു കുടിവറുപ്പിനെ സംബന്ധിച്ച്. കൊല്ലം ജില്ലയുമായി ബന്ധപ്പെട്ട കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട ആളുകൾ പറയുന്നതാണ്, കുടിവറുപ്പ് തടയണമെന്ന്. അതിന് ശക്തമായ നടപടികളെടുക്കണം. അതാണ് തൊഴിലാളികൾക്ക് ദ്രോഹപരമായിട്ടുള്ളത്. അതിൽ വ്യവസായ വകുപ്പും തൊഴിൽ വകുപ്പും ശക്തമായ നടപടികളെടുക്കണം. അതിനെക്കുറിച്ച് പല പരാതികളും വരുന്നുണ്ട്; അത് ഗവൺമെന്റ് പരിശോധിക്കണം. കുടിവറുപ്പ് തടഞ്ഞ്, തൊഴിലാളികൾക്ക് മിനിമം വേജസ് നൽകിക്കൊണ്ട് ഈ വ്യവസായത്തിലെ ഉൽപ്പാദന ച്ചെലവ് എങ്ങനെ കുറയ്ക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ഒറ്റയ്ക്കു ആലോചിച്ചാൽപ്പോരാ. ഈ വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളുമായും ആലോചിക്കണം. മുതലാളിയെങ്കിൽ മുതലാളി പൊതുമേഖലയെങ്കിൽ പൊതുമേഖല. തൊഴിലാളിയെങ്കിൽ തൊഴിലാളി. മറ്റെല്ലാ ഘടകങ്ങളുമായും ആലോചിക്കണം.

ശ്രീ. സി.കെ. തങ്കപ്പൻ: കൊല്ലത്തെ കാപ്പക്സിന്റെ കീഴിലുള്ള തൊഴിലാളികൾക്ക് ഓണക്കാലത്ത് മെച്ചപ്പെട്ട ബോണസ് നൽകാൻ തീരുമാനമെടുത്ത് നടപ്പിലാക്കാൻ ശ്രമിച്ച അതിലെ ഡയറക്ടർ ബോർഡിനെ മന്ത്രി പിരിച്ചു വിട്ടതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. എം.എം. ഹസ്സൻ: നാളെ കാപ്പക്സിനെക്കുറിച്ച് ഒരു ബില്ല് വരുന്നുണ്ട്. ഞങ്ങളുടെ അഭിപ്രായം അതിൽ വ്യക്തമായി പറയാം. അതുകൊണ്ട് ഉൽപാദനച്ചെലവിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

അത് കുറയ്ക്കാൻ ആവശ്യമായ നടപടികളും നമ്മൾ എടുത്തില്ലെങ്കിൽ അന്യ സംസ്ഥാനമായ തമിഴ്നാട്ടിൽ ഇത് പോകുന്നത് തടയാൻ നമുക്ക് സാധിക്കുകയില്ല. അതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റും അതു പോലെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും ശക്തമായ നടപടി കളെടുത്തുകൊണ്ട് ഈ വ്യവസായത്തെ സ്വന്തം കാലിൽ നിറുത്തി തൊഴിലാളികളെ രക്ഷിക്കുന്ന അതിശക്തമായ നടപടി സ്വീകരിക്കുവാൻ കഴിയുമോയെന്ന് ഗൗരവമായി ആലോചിക്കണം. പരമ്പരാഗത വ്യവസാ യങ്ങളായ കശുവണ്ടിയായാലും, കയറായാലും, കൈത്തറിയായാലും, ഇതിന്റെ എല്ലാം ഉൽപാദനച്ചെലവ് വർദ്ധിക്കുന്നത് അതിലെ തൊഴിലാ ളികൾക്ക് മിനിമം കൂലിയും ന്യായമായ ആനുകൂല്യങ്ങളും നൽകുന്നതു കൊണ്ടാണ്. അതുകൊണ്ടാണ് ഈ വ്യവസായങ്ങളെല്ലാം കേരളത്തെ വിട്ട് ഏറ്റവും കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടുള്ള നമ്മുടെ അയൽ സംസ്ഥാന ങ്ങളിലേക്ക് പോകുന്നത് എന്നുള്ള ഒരു പ്രചരണം ഉണ്ട്. ആ പ്രചരണത്തിൽ എത്രമാത്രം സത്യാവസ്ഥയുണ്ടെന്ന് നമ്മളെല്ലാവരും ഒരുമിച്ച് ആലോചിക്കണം. അങ്ങനെയുള്ള പ്രചരണം തടയണം. തൊഴി ലാളികൾക്ക് ന്യായമായ കൂലി കിട്ടണം.

സർ, പൊതു മേഖലാ സ്ഥാപനമായ കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ തൊഴിലാളികൾക്കു കിട്ടുന്ന കൂലി ഈ രാജ്യത്തെ സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികളിൽ കിട്ടുന്നുണ്ടോ? എന്താണ് കിട്ടാത്തത്? അവർക്ക് കൊടുക്കാൻ കഴിയുകയില്ലേ? കാഷ്യൂ കോർപ്പ റേഷൻ നഷ്ടത്തിലാണെങ്കിൽപ്പോലും ന്യായമായ കൂലി തൊഴിലാളി കൾക്കു കൊടുക്കുന്നു. എന്നിട്ടും ഈ വ്യവസായത്തിലെ തൊഴിലാളി കളെ ഞെക്കിപ്പിഴിയുന്നു എന്ന പ്രചരണം നടത്തുന്നത് ശരിയല്ല. കയറും കൈത്തറിയും കശുവണ്ടിയും നമ്മുടെ സംസ്ഥാനത്തെ സമ്പദ് ഘടനയിൽ വലിയൊരു സ്ഥാനം വഹിക്കുന്നു. പരമ്പരാഗത വ്യവ സായങ്ങളുടെ ഉൽപ്പാദനച്ചെലവിന്റെ മുഴുവൻ പഴിയും തൊഴിലാളി കളുടെ തലയിൽ ചാരിക്കൊണ്ട് ഈ വ്യവസായത്തെ അന്യ സംസ്ഥാന ങ്ങളിലേക്ക് കൊണ്ടുപോകുന്ന പ്രവണത ശക്തിപ്പെടുന്നുണ്ട് എങ്കിൽ അത് തടയേണ്ടതു ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവ രുടെയും കടമയും ഉത്തരവാദിത്വവുമാണ്. അതിനുവേണ്ടി ഗവൺ മെന്റ് ശ്രമിക്കണം. പരമ്പരാഗത വ്യവസായങ്ങൾക്ക് ഓരോന്നിനും ഓരോ പ്രത്യേകത ഉണ്ട്. ഈ പ്രത്യേകത വച്ചുകൊണ്ടുതന്നെ ഇവ നല്ല നിലയിൽ നടത്തിക്കൊണ്ട് പോകാൻ കഴിയണം. അതുകൊണ്ട് ഈ പരമ്പരാഗത വ്യവസായങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കുന്ന ഒരു സമീപനം പൊതുമേഖല ശക്തിപ്പെടുത്തുക, കഴിയുന്നിടത്തോളം തൊഴിലാളികളെ സഹകരണ മേഖലയിൽ കൊണ്ടു വരിക, ക്രമേണ ക്രമേണ, ഈ സ്വകാര്യ മേഖലയിലെ തൊഴിലാളികളെ വേർപെടുത്തി പൊതു മേഖല യുടെയും സഹകരണ മേഖലയുടെയും കൈകളിലേക്ക് വ്യവസായത്തെ പൂർണ്ണമായി കൊണ്ടു വരികയും ലാഭകരമായി നടത്തുകയും ചെയ്യണം. പൊതു മേഖലയും സഹകരണ മേഖലയും നഷ്ടത്തിലാണെന്ന ഒരു സങ്കൽപ്പം നമ്മുടെ ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നതായി ഈ അടുത്ത കാലത്ത് വിമർശനങ്ങൾ വളർന്നു വരുന്നു. അത് നമുക്ക് തടയണം. കശുവണ്ടി തൊഴിലാളികളായാലും അതുപോലെയുള്ള പരമ്പരാഗത തൊഴി ലാളികളായാലും അവർക്ക് മിനിമം കൂലി കൊടുക്കുകയും അവർക്ക് മറ്റാനുകൂല്യങ്ങൾ കൊടുക്കുകയും സ്വകാര്യ മുതലാളിമാരെ ചൂൽപ്പിക്കാതി രിക്കുകയും ചെയ്യുന്നതിന് വേണ്ടി നമുക്ക് ലാഭകരമായി വ്യവസായ സംരംഭങ്ങൾ ഇന്ന് നടത്തിയേ മതിയാകൂ. കാരണം നമ്മുടെ ഖജനാവിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മാറിവയ്ക്കുന്ന പണം നഷ്ടത്തിനു വേണ്ടി കൊടുക്കുന്ന പണമാകരുത്. നഷ്ടക്കച്ചവടത്തിത്തിനു വേണ്ടി പണം മാറി വയ്ക്കുകയെന്നുള്ള സങ്കൽപ്പം പാടില്ല. ഇവിടെ കശുവണ്ടി കോർപ്പറേഷൻ കഴിഞ്ഞ വർഷം ലാഭകരമായി പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതു് ഞാൻ ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയാണ്. തൊഴിലാളികൾക്കു മിനിമം വേജസ് കൊടുത്താൽ, മറ്റ് ആനുകൂല്യങ്ങളും കൊടുത്താൽ കശുവണ്ടി വ്യവസായം നഷ്ടത്തിലാകുമെന്ന സ്വകാര്യ മുതലാളിമാരുടെ പ്രചരണം ശരിയല്ല, അതു് പൊള്ളയായ പ്രചരണം ആണ് എന്നുള്ളതിന് തെളിവാണ് കോർപ്പറേഷന് ലാഭകരമായി പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതു്. ആ നിലയ്ക്ക് ഈ ബില്ല് യഥാർത്ഥത്തിൽ തൊഴിലാളികളെ രക്ഷിക്കാനുള്ള ഒരു ബില്ലാണ്. അവരെ സഹായിക്കുന്ന ഒരു ബില്ലാണ്. തികച്ചും പുരോഗമനപരമായ നിയമ നിർമ്മാണമാണ്. ഇതിൽ അപാകതകൾ കണ്ടിട്ടുള്ള ശ്രീ. വർക്കല രാധാകൃഷ്ണന്റെ രക്തം പരിശോധിക്കണം; അതുപോലെയുള്ള കാര്യങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുടെ നയമാണോയെന്ന് ഞാൻ നേരത്തെ ചോദിച്ചു. അങ്ങനെ ആണെങ്കിൽ അത് തുറന്നു പറയണം. സ്വകാര്യ മുതലാളിമാർക്ക് കശുവണ്ടി ഫാക്ടറികൾ വിട്ടുകൊടുക്കാതെ വീണ്ടും ഗവൺമെന്റ് തന്നെ അത് നടത്തി തൊഴിലാളികളെ രക്ഷിക്കാനുള്ള പുരോഗമനപരമായ ഈ നിയമം എത്രയും വേഗം അംഗീകരിച്ചുകൊണ്ട് ഇതിനെ ഓർഡിനൻസിൽ നിന്ന് മോചിപ്പിക്കുന്നത് നമ്മുടെ കശുവണ്ടി തൊഴിലാളികൾക്കു വേണ്ടി ചെയ്യുന്ന ഏറ്റവും ഫലപ്രദമായ പ്രയോജനപ്രദമായ ഒരു കാര്യമാണ് എന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. എ.വി. താമരാക്ഷൻ: സർ, ഞാൻ ഈ ഭേഗതി ബില്ലിനെ പൂർണ്ണമായും പിന്താങ്ങുകയാണ്. 1979-ൽ കേരളത്തിൽ കശുവണ്ടി വ്യവസായം അതിഗുരുതരമായ ഒരു പ്രതിസന്ധിയെ നേരിട്ട അവസരത്തിലാണ് കേരള കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) നിയമം ഈ സഭ പാസ്സാക്കിയത്. നമ്മുടെ സംസ്ഥാനത്തെ കശുവണ്ടി മുതലാളിമാർ തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കാതെ ഈ വ്യവസായത്തെത്തന്നെ അടച്ചുപൂട്ടിക്കൊണ്ടുള്ള ഒരു നയം സ്വീകരിച്ച സ്പോൾ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ അന്നത്തെ ഗവൺമെന്റ് മുതലാളിമാരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങാതെ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്ത് തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്താനും അവരുടെ സേവന വേതന വ്യവസ്ഥ ഭദ്രമാക്കാനും കഴിയത്തക്കവിധത്തിൽ കാഷ്യൂ കോർപ്പറേഷൻ 1979-ൽ രൂപീകരിക്കപ്പെട്ടു. കാഷ്യൂ കോർപ്പറേഷൻ രൂപമെടുത്തപ്പോൾ വ്യവസായമന്ത്രി പറഞ്ഞത് തൊഴിലാളികളുടെ പ്രതീക്ഷയും പ്രത്യാശയുമായിരുന്നു കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നാണ്. 34 ഫാക്ടറികൾ കാഷ്യൂകോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറികൾ സ്വകാര്യ മുതലാളിമാരുടെ കയ്യിൽപോയിക്കഴിഞ്ഞാൽ അതിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാനിടയുണ്ട്. അവർക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും ഭദ്രതയും തകർന്നുപോകുമെന്നുള്ളതുകൊണ്ട് അത് വരാതിരിക്കാൻ വേണ്ടിയാണ് ഈ ഭേഗതി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഇതിനെ അനുകൂലിക്കുന്നത്. ഈ ഗവൺമെന്റിന്റെ നയം എന്താണ്? കയർ വ്യവസായം കഴിഞ്ഞാൽ കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന ഒരു സംഘടിത വ്യവസായമാണ് കശുവണ്ടിവ്യവസായം. ഒരു പരമ്പരാഗത വ്യവസായവുമാണ്. ഒന്നരലക്ഷത്തോളം തൊഴിലാളികൾ സംഘടിത വ്യവസായമെന്നുള്ള നിലയിൽ കശുവണ്ടി മേഖലയിൽ പണിയെടുത്തു കൊണ്ടിരിക്കുകയാണ്. ആ വ്യവസായത്തെ രക്ഷിക്കാൻ, തൊഴിലാളികളെ രക്ഷിക്കാൻ കഴിഞ്ഞകാല ഗവൺമെൻറുകൾ കൊണ്ടുവന്ന എല്ലാ നയങ്ങളേയും കാറ്റിൽപറത്തിക്കൊണ്ട് സ്വകാര്യ മുതലാളിമാർക്കുവേണ്ടി അടിയറവയ്ക്കുന്ന നയമാണ് ഈ ഗവൺമെൻറ് കഴിഞ്ഞ മൂന്നുകൊല്ലമായി നടത്തിക്കൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. സംഘടിത വ്യവസായമായിരുന്ന കശുവണ്ടിവ്യവസായത്തെ അസംഘടിത വ്യവസായമാക്കി ആ വ്യവസായത്തെ താറുമാറാക്കാനുള്ള ശ്രമം ഈ ഗവൺമെൻറ് ബോധപൂർവ്വം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ ആലപ്പുഴ ജില്ലയിൽ നിന്നാണ് വരുന്നത്.

സർ, കയർ വ്യവസായത്തിൻെറ കഥ നമുക്കറിയാം. സംഘടിത വ്യവസായമെന്നുള്ള നിലയിൽ കേരളത്തിലെ ഏറ്റവും വലിയ വ്യവസായമായിരുന്നു കയർ വ്യവസായം. ആ വ്യവസായത്തിൽ സ്വകാര്യമുതലാളിമാർ വന്നതിൻെറ ഫലമായി അത് വികേന്ദ്രീകരിക്കപ്പെട്ട് ഒരിക്കലും രക്ഷപ്പെടാൻ കഴിയാത്തരീതിയിൽ കയർ വ്യവസായം നശിച്ചുകൊണ്ടിരിക്കുകയാണ്. ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഇതിനെ കാണേണ്ടിവരുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ കശുവണ്ടിവ്യവസായത്തെ രക്ഷിക്കുന്നതിനുള്ള ഒട്ടേറെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. രണ്ട് കാര്യങ്ങളാണ് നയപരമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ഗവൺമെൻറ് കശുവണ്ടി കുത്തകസംഭരണം വേണ്ടെന്നു വച്ചു. എന്നു മാത്രമല്ല കാഷ്യൂ കോർപ്പറേഷന് കശുവണ്ടി സംഭരിക്കുന്നതിനാവശ്യമായ പണം കൊടുക്കാൻപോലും സംസ്ഥാനഗവൺമെൻറ് തയ്യാറായില്ല. കശുവണ്ടി സംഭരിക്കേണ്ട കാലയളവിൽ ആ സീസൺസമയത്ത് കാഷ്യൂകോർപ്പറേഷൻ ഫീൽഡിൽ ഇറങ്ങിയില്ലെങ്കിൽ കശുവണ്ടി സംഭരിക്കാൻ കഴിയുകയില്ല. 1983–84 ൽ കാഷ്യൂ കോർപ്പറേഷൻെറ കീഴിലുള്ള തൊഴിലാളികൾക്ക് ബോണസ്സും മറ്റ് ആനുകൂല്യങ്ങളും എല്ലാം കൊടുത്തതിനുശേഷം മൂന്നുകോടി രൂപ ലാഭമുണ്ടാക്കി. എന്നാൽ 1984–85_ൽ കശുവണ്ടി സംഭരിക്കേണ്ട അവസരത്തിൽ അവർക്ക് ഫീൽഡിൽ ഇറങ്ങി കശുവണ്ടി വാങ്ങിക്കാൻ കഴിഞ്ഞില്ല. ആ സമയത്ത് മുതലാളിമാർ നമ്മുടെ സംസ്ഥാനത്തുള്ള കശുവണ്ടി സംഭരിച്ചു. 1984–85_ൽ കാഷ്യൂ കോർപ്പറേഷന് നഷ്ടമുണ്ടായി. 1985–86_ൽ കാഷ്യൂ കോർപ്പറേഷനു പണം കൊടുത്തപ്പോൾ താമസിച്ചു. ആ പണവുമായി കശുവണ്ടി സംഭരിക്കാൻ മാർക്കറ്റിൽ ചെന്നപ്പോൾ വളരെ കുറച്ച് കശുവണ്ടി മാത്രമേ സംഭരിക്കാൻ കഴിഞ്ഞുള്ളൂ. അതേ സമയത്ത് നമ്മുടെ സംസ്ഥാനത്തെ സ്വകാര്യ മുതലാളിമാർ കശുവണ്ടി സംഭരിക്കുകയും അത് മുഴുവൻ കേരളത്തിന് വെളിയിൽ കൊണ്ടുപോയി സംസ്കരിക്കുകയും ചെയ്തു. ബോധപൂർവ്വമായി കാഷ്യൂ കോർപ്പറേഷന് ആവശ്യമായ പണം കൊടുക്കുന്നില്ല; അവർക്ക് സംഭരിക്കുന്നതിന് സഹായം ചെയ്തുകൊടുക്കുന്നില്ല. ഒന്നര ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ജീവിതമാർഗ്ഗമായ വ്യവസായത്തെ സംരക്ഷിക്കാൻവേണ്ടി എവിടെനിന്നെങ്കിലും പണം കൊടുക്കുന്നതിനുപകരം പണം സമയത്തിന് കൊടുക്കാതെ മുതലാളിമാർക്ക് കശുവണ്ടി സംഭരിക്കുന്നതിനുള്ള അവസരം ഉണ്ടാക്കി കൊടുക്കുകയാണ് ചെയ്യുന്നത്. അവർ അത് കേരളത്തിന് വെളിയിൽ കൊണ്ടുപോയി സംസ്കരിക്കുകയാണ്. മുതലാളിമാർക്കുവേണ്ടി വീടുപണി

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന നയമാണ് ഈ ഗവൺമെൻറ് മൂന്നുകൊല്ലമായി സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. 34 ഫാക്ടറികളാണ് കാഷ്യൂ കോർപ്പറേഷന്റെ കീഴിലുള്ളത്. അടുത്തകാലത്ത് രൂപീകരിച്ച കാപ്പെക്സിൽ ഏഴ് ഫാക്ടറികളാണുള്ളത്. 200-ൽ പരം ഫാക്ടറികളും സഹകാര്യമേഖലയിലാണ്. സഹകാര്യമേഖലയിലെ തൊഴിലാളികൾക്ക് ബോണസും കൂലിയും മിനിമം വേജസും നടപ്പാക്കുന്നില്ല. അങ്ങനെയുള്ള ഈ സംസ്ഥാനത്ത് പൊതുമേഖലയും സഹകരണമേഖലയും ശക്തിപ്പെടുത്തേണ്ട സ്ഥാനത്ത് കുടിവറുപ്പിന് അംഗീകാരം കൊടുത്തിരിക്കുകയാണ്. എൺപതോളം ഫാക്ടറികൾക്ക് ലൈസൻസ് കൊടുത്തിരിക്കുന്നു. സംഘടിത വ്യവസായമായിരുന്ന കശുവണ്ടി വ്യവസായത്തെ തകർത്ത് കുടിൽ വ്യവസായമാക്കികൊണ്ട് ആ വ്യവസായത്തെ കയർവ്യവസായത്തെപ്പോലെ നശിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഈ ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നത്. കാഷ്യൂ കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഈ ബിൽ കൊണ്ടുവരാനുണ്ടായ സാഹചര്യത്തിൽ വലിയ പ്രതീക്ഷയാണുള്ളത്. എന്നാൽ അതിനെയെല്ലാം തരുമാറാക്കി മുതലാളിമാർക്കുവേണ്ടി വിടുപണി ചെയ്യുന്ന നയമാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്.

സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് മൂന്നുകൊല്ലമായി. മൂന്നുകൊല്ലത്തെ ഭരണമെടുത്ത് നോക്കിയാൽ തൊഴിലാളികൾക്കെതിരായി ജനങ്ങൾക്കെതിരായി ജനകീയ താൽപ്പര്യങ്ങൾ മറന്ന് ഭരണത്തിനുവേണ്ടി മാത്രം ഭരണം നടത്തുന്ന ഗവൺമെൻറാണ് ഈ ഗവൺമെൻറ് എന്ന് കാണാൻ കഴിയും. ഈ സംസ്ഥാനത്തെ ജനങ്ങളേയും തൊഴിലാളികളേയും മറക്കുന്നു. അവരുടെ പ്രശ്നങ്ങൾ പഠിക്കാൻ സമയമില്ല. സമ്മർദ്ദങ്ങൾക്ക് വഴങ്ങി ഈ രാജ്യത്തിനുതന്നെ അപകടകരമായ നയങ്ങൾ സ്വീകരിക്കുകയാണ് ഈ ഗവൺമെൻറ്. ഈ ഗവൺമെൻറിന് ജനങ്ങളുടെ പ്രശ്നങ്ങൾ നോക്കാൻ സമയമുണ്ടോ? ശ്രീ. കരുണാകരൻ എന്ന് മുഖ്യമന്ത്രിയായോ അന്നുമുതൽ എൻ.ഡി.പി. യായിരുന്നാലും എസ്.ആർ.പി. ആയിരുന്നാലും മുസ്ലീം ലീഗ് ആയിരുന്നാലും അദ്ദേഹത്തിന്റെ നെഞ്ചിനു നേരെ തോക്ക് ചൂണ്ടിക്കൊണ്ടാണ് അവകാശങ്ങൾ വാങ്ങിച്ചെടുക്കുന്നത്. എങ്ങനേയും ഭരണം നടത്തിക്കൊണ്ടുപോകണമെന്നാണ് അവരുടെ ആഗ്രഹം. രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപ്പര്യം അവർക്ക് പ്രശ്നമല്ല. കയർ വ്യവസായമായാലും കശുവണ്ടി വ്യവസായമായാലും തകർന്നുകൊണ്ടിരിക്കുകയാണ്. മന്ത്രിമാർക്ക് ആർക്കും ഒരു താൽപ്പര്യവുമില്ല. എന്റെ മണ്ഡലത്തിൽ സ്റ്റീൽ കോംപ്ലക്സുണ്ട്. നാലഞ്ച് ഫാക്ടറികൾ പൂട്ടികിടക്കുകയാണ്. അതെപ്പറ്റി ചർച്ച ചെയ്യാൻ സമയമില്ല. അതേസമയത്ത് സമ്മർദ്ദങ്ങൾ നടത്തി ചില ഗ്രൂപ്പുകളും ശക്തികളും അവരുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ടു പോകുന്നു. കേരളത്തിൽ ഭരണമുണ്ടോ? കഴിഞ്ഞ ഒരു മാസക്കാലമായിട്ട് രണ്ടം സ്തംഭനത്തിലാണ്. അപ്പുറത്തേയ്ക്ക് നോക്കിയാൽ ഒരു മരണവീടിന്റെ പ്രതീതിയാണുള്ളത്. മരണവീട്ടിൽ എല്ലാവരും താടിയ്ക്ക് കയ്യുംകൊടുത്ത് ഇരിക്കുന്നതുപോലെയാണ് ഭരണകക്ഷിയിലുള്ളവരെല്ലാം ഇരിക്കുന്നത്.

ശ്രീ. വി.കെ. രാജൻ: അപ്പുറത്തുള്ളവരെല്ലാം മരണവീട്ടിലുള്ളവരെപ്പോലെയാണ് ഇരിക്കുന്നതെന്ന് പറഞ്ഞു. ശ്രീ. എം.പി. ഗംഗാധരൻ വളരെ സന്തോഷമായിട്ടാണ് അവിടെ ഇരിക്കുന്നതെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.വി. താമരാക്ഷൻ: മന്ത്രിമാരുടെ കൂട്ടത്തിൽ ശ്രീ. എം.പി. ഗംഗാധരനു് വളരെ സന്തോഷമാണു്. ഉണ്ടാക്കാവുന്നതെല്ലാം അദ്ദേഹം ഉണ്ടാക്കികഴിഞ്ഞു. നാട്ടിൻപുറത്തു് ഒരു ചൊല്ലുണ്ടു്. ഒററി വാങ്ങിച്ചുകഴിഞ്ഞാൽ ഒററി ഒഴിയാൻ നേരത്തു് വെള്ളയ്ക്കപോലും പറിച്ചെടുക്കുമെന്നു്. അതുപോലെ വെള്ളയ്ക്കപോലും കൈവശമുള്ളതു കൊണ്ടാണു് ശ്രീ. എം.പി. ഗംഗാധരനു് വിഷമമില്ലാത്തതു്. കഴിഞ്ഞ ഒരു മാസമായിട്ടു് ഇവിടെ ഭരണമില്ല. കേരളത്തിൽ ഭരണം നടക്കുന്നുണ്ടോ? ഏതെങ്കിലും വകുപ്പിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ? പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധിക്കു് മുഖ്യമന്ത്രിയോടു് വിശ്വാസമില്ല. അങ്ങു് പത്രത്തിൽ വായിച്ചിട്ടുണ്ടാകും. ശ്രീ. രാജീവ്ഗാന്ധി ഇവിടെ വന്നപ്പോഴും ശ്രീ. എ.കെ. ആൻറണിയോടു് പറഞ്ഞു മുഖ്യമന്ത്രി പറഞ്ഞതിനെപ്പററി അന്വേഷിച്ചു് റിപ്പോർട്ടു് കൊടുക്കാൻ. കേരളത്തിൽ ഇന്നു് ഭരണം സ്തംഭിച്ചിരിക്കുകയാണു്. ഉദ്യോഗസ്ഥൻമാർക്കു് താൽപ്പര്യമില്ല. മന്ത്രിമാർ ഫയലുകളെല്ലാം ക്ലോസു് ചെയ്തു് എല്ലാം കെട്ടിവച്ചിട്ടു് നിൽക്കുന്നു. ഒരു മാസമായിട്ടു് ഭരണം നിശ്ചലമായിരിക്കുകയാണു്.

ശ്രീ. എ.സി. ജോസു്: നിശ്ചലമായി നിൽക്കുന്ന ഈ ഗവൺമെൻറിനെ ചലിപ്പിക്കാനുള്ള എന്തെങ്കിലും മാർഗ്ഗം ശ്രീ. താമരാക്ഷനു് നിർദ്ദേശിക്കാമോ?

ശ്രീ. എ. വി. താമരാക്ഷൻ: മാന്യമായി രാജി വയ്ക്കണം. എന്നിട്ടു് തെരഞ്ഞെടുപ്പിനെ നേരിടണം. ഈ രാജ്യത്തെ ജനങ്ങളെ രക്ഷിക്കാൻ വേണ്ടിയാണു്. രണ്ടേമുക്കാൽ കോടി ജനങ്ങളുള്ള ഈ സംസ്ഥാനത്തു് കഴിഞ്ഞ മൂന്നു കൊല്ലമായി ജനങ്ങളുടെ താൽപ്പര്യമെല്ലാം മറന്നിരിക്കുന്നു. അകാലിദളംപോലും പഞ്ചാബു് മോഡൽ സമരത്തെ എതിർക്കുകയാണു്. അകാലിദളംപോലും എതിർക്കുമ്പോഴും പഞ്ചാബു് എങ്കിൽ പഞ്ചാബു്, ആസ്സാമെങ്കിൽ ആസ്സാം എന്നു് മുദ്രാവാക്യം വിളിച്ചു കൊണ്ടിരിക്കുന്ന ഒരു പാർട്ടിയുമായി ഐക്യത്തിലെത്തിച്ചേരുന്ന ഗതികേടിലേക്കു് ഇന്നു് ഈ ഗവൺമെൻറു്ചെന്നെത്തിയിരിക്കുകയാണു്. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു്, ജനങ്ങളോടു് താൽപ്പര്യമില്ലാത്ത, ഉത്തരവാദിത്വമില്ലാത്ത, ഇനിയും അധികാരത്തിലിരുന്നു് കൊയ്യാവുന്നതു് മുഴുവൻ കൊയ്യുക എന്ന ലക്ഷ്യമുള്ള ഒരു ഗവൺമെൻറാണു് ഇവിടെയുള്ളതെന്നു്. അതു് ഈ നാടിനു് ആപത്താണു്. ഈ ഗവൺമെൻറു് കശുവണ്ടി രംഗത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നയത്തെപോലും കാറിൽ പറത്തിയിരിക്കുന്നു എന്നുള്ളതുകൊണ്ടാണു് ആ നയത്തെ എതിർക്കുന്നതു്. ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ഭേഗതി ബില്ലിനെ ഞാൻ അനുകൂലിക്കുകയാണു്. 1979–ലെ കേരള കശുവണ്ടി ഫാക്ടറികളം (ആവശ്യപ്പെടൽ) ആക്ടു് ഭേഗതി ചെയ്യുന്നതിനു് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. കശുവണ്ടി ഫാക്ടറികളം ഏറെറടുക്കുമ്പോഴം അതിന്റെ കാലദൈർഘ്യം അഞ്ചു് വർഷമാക്കുന്നതിനും ആവശ്യമെന്നു തോന്നുന്ന പക്ഷം കൂടുതൽ ഉത്തരവുകളം പുറപ്പെടുവിക്കുന്നതിനും വേണ്ടിയുള്ള ഒരു ഭേഗതിയാണു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതു് തൊഴിലാളികളുടെ താൽപ്പര്യം രക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമ

നിർമ്മാണമാണെന്നു പറഞ്ഞുകൊണ്ടാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്നേകാൽ കൊല്ലമായി ഈ സംസ്ഥാനത്തിന്റെ വ്യവസായവകുപ്പ് കശുവണ്ടി വ്യവസായ രംഗത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും പരിശോധിച്ചാൽ, നമ്മുടെ കശുവണ്ടി വ്യവസായം നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി കശുവണ്ടി വികസന കോർപ്പറേഷന് തൊഴിലാളികൾക്ക് ആവശ്യമായ ജോലി കൊടുക്കാൻ കശുവണ്ടി കിട്ടുന്നില്ല എന്ന് കാണാം. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് കശുവണ്ടി ഫാക്ടറികളുണ്ട്. ഒന്ന് സ്വകാര്യമേഖലയിലും, മറ്റൊന്ന് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലും. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറിയിലെ 550 തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം 47 ദിവസമാണ് ജോലി കിട്ടിയത് ഇത്രയും ജോലി ദിവസം മറ്റ് ഫാക്ടറികളിൽ കിട്ടിയിട്ടില്ല. 30 ദിവസത്തോളം മാത്രമേ ജോലി കിട്ടിയിട്ടുള്ളൂ എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. തലശ്ശേരിയിൽ മറ്റൊരു ഫാക്ടറിയുണ്ട്. പിയേഴ്സ് ലസ്ലിക്കാരുടെ ഫാക്ടറി. അവിടെ പത്ത് മാസം ജോലി കിട്ടി. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറിയിൽ തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനുവേണ്ടിയുള്ള കശുവണ്ടി കിട്ടുന്നില്ല. സ്വകാര്യ മുതലാളിമാർ നടത്തുന്ന ഫാക്ടറികൾക്ക് എങ്ങനെയാണ് കശുവണ്ടി കിട്ടുന്നത്? യഥാർത്ഥത്തിൽ മൂന്നു കൊല്ലക്കാലമായി ഇവിടെ സ്വീകരിച്ചുവന്ന വ്യവസായനയം കശുവണ്ടി തൊഴിലാളികളെ രക്ഷിക്കാനല്ല, കശുവണ്ടിതൊഴിലാളികൾക്ക് ജോലി കൊടുക്കാനല്ല, കശുവണ്ടി കൃഷിക്കാർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിക്ക് ന്യായമായ വില കിട്ടുന്നതിനുവേണ്ടിയുള്ള നയമായിരുന്നില്ല; മറിച്ച് കശുവണ്ടി മുതലാളിമാരെ രക്ഷിക്കാൻ, സ്വകാര്യ മുതലാളിമാരെ രക്ഷിക്കാൻ മാത്രം പര്യാപ്തമായ നയമായിരുന്നു മൂന്നേകാൽ കൊല്ലമായി ഈ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നപ്പോൾ ഇത് തൊഴിലാളികളെ രക്ഷിക്കുന്നതിനു വേണ്ടി തന്നെയാണോയെന്ന് ഞങ്ങളുടെ ഭാഗത്തുനിന്നും സംശയം ഉന്നയിച്ചത്. നമ്മുടെ സംസ്ഥാനത്തുനിന്നും കശുവണ്ടി വ്യവസായം മറ്റ് സംസ്ഥാനങ്ങളിലേക്ക് കടന്നു പോവുകയാണ്. തമിഴ്നാടിന്റെ അതിർത്തിയിൽ പാറശ്ശാലയ്ക്ക് അപ്പുറത്ത് പോയാൽ 310 ഫാക്ടറികൾ തമിഴ്നാട് സംസ്ഥാനത്തിന്റെ അതിർത്തിയിൽ ഉയർന്നു വന്നിരിക്കുന്ന ഏറ്റവും ആപൽക്കരമായ സ്ഥിതി കാണാൻ കഴിയും. കേരളത്തിലെ കശുവണ്ടി തൊഴിലാളികൾ ദുരിതപൂർണ്ണമായ ജീവിതമാണ് ഇവിടെ നയിക്കുന്നത്. കശുവണ്ടി തൊഴിലാളികളെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കുന്നതിൽ കേരളത്തിലെ ഗവൺമെന്റ് അറച്ചറച്ച് നിൽക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കശുവണ്ടി തൊഴിലാളികളുടെ കഷ്ടപ്പാടുകൾ കാണാൻ നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രിതന്നെ വന്നു. കഴിഞ്ഞ ദിവസം കൊല്ലത്തെ കശുവണ്ടി ഫാക്ടറി അദ്ദേഹം സന്ദർശിച്ചു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി കശുവണ്ടി ഫാക്ടറി സന്ദർശിച്ചപ്പോൾ ആ കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികളുടെ കൈയിലെ കശുവണ്ടിയുടെ കറ കണ്ടപ്പോൾ നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രിക്ക് അദ്ഭുതം. ഈ രാജ്യത്തെ പ്രധാനമന്ത്രി കശുവണ്ടി തൊഴിലാളികളുടെ ക്ഷേമം പഠിക്കാൻ പുറപ്പെട്ടിരിക്കുകയാണ്. പണ്ടുകാലത്ത് വൈദ്യന്മാർ നാട് കാണാൻ പുറപ്പെടുന്നതുപോലെ നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രി ഇപ്പോൾ പുറപ്പെട്ടിരിക്കുന്നു. പ്രധാനമന്ത്രി വന്നപ്പോൾ പ്രധാനമന്ത്രിക്ക് മനസ്സിലായത് എന്താണെന്നറിയാമോ? ആദിവാസികൾ പട്ടിണിയിലാണ്, മൽസ്യത്തൊഴിലാളികൾക്ക് വീടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതു കണ്ടുപിടിക്കാൻ നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രിക്ക് ഇപ്പോഴും മാത്രമേ കഴിഞ്ഞുള്ളൂ. നമ്മുടെ നാട്ടിൽ 40 കോടി ആളുകൾ പട്ടിണിക്കാരാണ്. ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ കിട്ടാതെ പട്ടിണി കിടക്കുന്ന രാജ്യമാണ് നമ്മുടെ രാജ്യം. വീടില്ലാത്ത കഥ നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രി ഇതുവരെ അറിഞ്ഞില്ല. എട്ട് കോടി ആളുകൾ ഇവിടെ ചേരികളിൽ താമസിക്കുകയാണ്. രാജീവ് ഗാന്ധിയുടേയും, രാജീവ് ഗാന്ധിയുടെ അമ്മയുടെയും അമ്മയുടെ അച്ഛന്റേയും രേണം ഈ രാജ്യത്ത് 39 കൊല്ലമായി നടന്നപ്പോഴാണ് ഇവിടെ 40 കോടി ആളുകൾ പട്ടിണിക്കാരായത്. ആദിവാസികൾക്ക് പട്ടിണി കിടക്കേണ്ടി വന്നത് ഇപ്പോഴാണ്. ഈ രാജ്യം ഭരിച്ച കോൺഗ്രസ് ഭരണത്തിന്റെ കൊള്ളരുതായ്മയുടെ ഫലമായി ആദിവാസികൾ പട്ടിണിക്കാരായി, മൽസ്യത്തൊഴിലാളികൾ വീടില്ലാത്തവരായി. അത് കണ്ടുപിടിക്കാൻ ഇപ്പോൾ രാജീവ്ഗാന്ധി പുറപ്പെട്ടിരിക്കുകയാണ്. ആദിവാസികളുടെ പട്ടിണി നോക്കാൻ അട്ടപ്പാടിയിൽ രാജീവ്ഗാന്ധി പോയി. അട്ടപ്പാടിയിൽ ആദിവാസികളുടെ ക്ഷേമം അന്വേഷിക്കാൻ പോയ രാജീവ് ഗാന്ധിയോട് അവിടത്തെ ആദിവാസികൾ അവരുടെ കഷ്ടപ്പാടുകൾ ശരിക്കു പറഞ്ഞു. അവർ കഷ്ടപ്പാടുകൾ പറഞ്ഞപ്പോൾ ദിനേശി അത് ശരിയായ നിലയിൽ തർജ്ജിമ ചെയ്തുകൊടുത്തപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തോന്നി, പ്രധാനമന്ത്രിയേയും കൂട്ടി സുൽത്താൻബത്തേരിയിൽകൂടി പോയാൽ എന്റെ പണി പോകുമെന്ന്. അതുകൊണ്ട് ആ പരിപാടി ശ്രീമാൻ കരുണാകരൻ റദ്ദാക്കി. എന്നിട്ട് കൊടുത്ത വിശദീകരണമെന്താണെന്നറിയാമോ? മൂടൽമഞ്ഞു കാരണം സുൽത്താൻ ബത്തേരിയിലെ പ്രധാന മന്ത്രിയുടെ പരിപാടികളെല്ലാം റദ്ദാക്കിയിരിക്കുന്നു. മൂടൽമഞ്ഞിനെ പേടിക്കുന്ന പ്രധാന മന്ത്രിയാണോ നമ്മുടെ പ്രധാനമന്ത്രി?

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): പൈലറ്റിന് പ്പെയിൻ പറപ്പിക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് റിപ്പോർട്ട് ചെയ്തു കഴിഞ്ഞിട്ട്, മൂടൽമഞ്ഞിനെ ഭയമുള്ള പ്രധാനമന്ത്രിയാണെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കമലേട്ടത്തിക്ക് വിഷമമുണ്ടെന്ന് ഞങ്ങൾക്ക് അറിയാം. ശ്രീമതി കമലവും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും ആകാശത്തേക്ക് നോക്കി പ്രാവു പറന്നു വരുന്നതുപോലെ വിമാനം പറന്നു വരുന്നുണ്ടോയെന്ന് നോക്കിയിരുന്നു. അവസാനം പറഞ്ഞു, മൂടൽമഞ്ഞുകാരണം പ്രധാനമന്ത്രിയുടെ പരിപാടി റദ്ദാക്കിയിരിക്കുന്നു.

ശ്രീമതി എം. കമലം: വയനാട്ടിലെ കോടമഞ്ഞ് എന്നു പറഞ്ഞാൽ കാറിൽപ്പോലും പോകാൻ സാധിക്കാതെ ഞങ്ങൾ മടങ്ങി പോന്നിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കമലേട്ടത്തിയുടെ വിഷമം ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. നിങ്ങൾ അവിടെ പോയി കാത്തിരുന്ന് അനുഭവിച്ച വിഷമമൊക്കെ ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: പ്രധാനമന്ത്രി മൂന്നു ദിവസം പര്യടനം നടത്തി, പാവപ്പെട്ടവരുടെ കുടിലുകളും സന്ദർശിക്കുകയും അവരുടെ വികാരം, അവശത എന്താണെന്ന് പരിശോധിക്കുകയും ചെയ്തതിൽ മാർക്സിസ്റ്റു പാർട്ടിക്ക് കാതലായ ക്ഷീണമുണ്ടായതുകൊണ്ട് അത് മറച്ചുവയ്ക്കാനാണോ ഇതു പറയുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങളുടെ പാർട്ടി നേതാക്കൻമാർക്കും ഞങ്ങൾക്കും ആദിവാസികളുടെ വിഷമം പണ്ടേ അറിയാം. അതിനുവേണ്ടി ആദിവാസികളുടെ കുടിലുകളിൽ പോയി ഇപ്പോഴും നോക്കേണ്ട ആവശ്യമില്ല. വിമാനം പറപ്പിച്ചാൽ ആദിവാസികളുടെ വിഷമം അറിയുകയില്ല. വിമാനം പറപ്പിച്ചാൽ മൽസ്യത്തൊഴിലാളികളുടെ വിഷമമെന്താണെന്ന് അറിയുകയില്ല. അത് കാണാൻ വേണ്ടിയാണ് ഇപ്പോഴും പുറപ്പെട്ടിട്ടുള്ളത്. പണ്ടുകാലത്തെ വൈദ്യസായിമാരെപ്പോലെയാണ്. കാണാൻ സമ്മതിക്കുകയില്ല. ഒരു വേലിക്കെട്ടിനകത്ത് കൊണ്ടു പോയി നിറുത്തി എം.എൽ.എ. മാരെപോലും കാണാൻ സമ്മതിച്ചില്ല. പത്മരാജനെ പോലും അവസാനം കുറിയിൽ പിടിച്ചിട്ടല്ലേ കയറിവിട്ടത്. വിജയരാജൻ എം.പി.യെ പിടിക്കാൻ കമാൻറോ വന്നില്ലേ?

ഏതായാലും പ്രധാനമന്ത്രി സുൽത്താൻബത്തേരിയിൽ പോകാത്തതുകൊണ്ട് രാമചന്ദ്രൻമാസ്റ്റർക്ക് വലിയ വിഷമമുണ്ട്. ഈ നാട്ടിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ ഇങ്ങനെ എഴുന്നെള്ളിച്ചു കൊണ്ടു പോകേണ്ട പണി നമ്മുടെ മുഖ്യമന്ത്രി എടുത്തപ്പോഴും അവസാനം മുഖ്യമന്ത്രിക്കുതന്നെ തോന്നി എല്ലാ വിവരങ്ങളും പ്രധാനമന്ത്രി ശരിക്ക് മനസ്സിലാക്കിയാൽ തൻെറ പണി പോകുമെന്ന്. ഇത് മനസ്സിലാക്കിയതുകൊണ്ടുമാത്രമാണ് സുൽത്താൻബത്തേരിയിലെ പരിപാടി റദ്ദാക്കിയത്, മൂടൽ മഞ്ഞുകൊണ്ടല്ല.

നമ്മുടെ വ്യവസായ വകുപ്പു മന്ത്രി ശ്രീ. അഹമ്മദ് സാഹിബ്ബിനോട് കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തെക്കുറിച്ച് പറഞ്ഞിട്ട് കാര്യമുണ്ടോ? കശുവണ്ടിത്തൊഴിലാളികളുടെ താൽപ്പര്യം രക്ഷിക്കാനാണോ ശ്രീ. അഹമ്മദ് മന്ത്രിയായിരിക്കുന്നത്? അതൊന്നും നോക്കാൻ അദ്ദേഹത്തിന് സമയമില്ല. ആരാണ് ബഹുഭാര്യാത്വത്തെ എതിർക്കുന്നതെന്ന് നോക്കാനേ അദ്ദേഹത്തിന് സമയമുള്ളൂ. കശുവണ്ടിതൊഴിലാളികളുടെ കാര്യം നോക്കാൻ സമയമില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ബഹുഭാര്യാത്വത്തെയും അതുപോലുള്ള അനാചാരങ്ങളേയും എതിർത്തപ്പോഴും എന്തൊരു ഹാലിളക്കമായിരുന്നു ശ്രീ. അഹമ്മദിന്? ഇപ്പോഴും കേന്ദ്ര ആഭ്യന്തര സഹമന്ത്രി ആരിഫ് അഹമ്മദ്ഖാൻ, എ.ഐ.സി.സി. മെമ്പർ നഫീസത്തുബീവി, കെ.പി.സി.സി. സെക്രട്ടറി ആര്യാടൻ മുഹമ്മദ് ഇവരൊക്കെ ഇതിനെ എതിർത്തപ്പോഴും കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞ അതേ അഭിപ്രായം പറഞ്ഞപ്പോഴും അഹമ്മദ്. സാഹിബ്ബിൻെറ നാക്ക് അണ്ണാക്കിൽ താണുപോയോ? ശ്രീ. അഹമ്മദിൻെറ അണ്ണാക്കിൽ പിണ്ണാക്കാണോ ഇപ്പോഴും? ശ്രീ. അഹമ്മദ് അനങ്ങിയില്ല, അനങ്ങിയാൽ മന്ത്രിപ്പണി പോകും. കശുവണ്ടി തൊഴിലാളികളുടെ താൽപ്പര്യം രക്ഷിക്കുകയല്ല മന്ത്രിപ്പണി എങ്ങനെയെങ്കിലും രക്ഷിക്കണമെന്നുള്ളതാണ് ഉദ്ദേശം. ഈ രാജ്യത്തിലെ ന്യൂനപക്ഷത്തിൻെറ താൽപ്പര്യം രക്ഷിക്കലല്ല ഉദ്ദേശം. കശുവണ്ടിത്തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യത്തിന്റെ പേരും പറഞ്ഞ് അഴിമതി നടത്തുകയാണ് വ്യവസായ വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ലീഗിന്റെ മന്ത്രിമാർക്ക് ഒരു കാര്യത്തിൽ മാത്രമേ താൽപ്പര്യമുള്ളു. 'ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം'. ഈ നാട്ടിലെ ന്യൂന പക്ഷത്തിന്റെ പേര് പറഞ്ഞ് കശുവണ്ടിത്തൊഴിലാളികളുടെ പേരു പറഞ്ഞ് എങ്ങനെ തങ്ങളുടെ കീശ വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ളതാണ് അഹമ്മദിന്റെ ലീഗ് നേതൃത്വത്തിന് ഇപ്പോഴുള്ള താൽപ്പര്യം. എനിക്ക് ഒരു സംശയം തോന്നുകയാണ്. ഈ നിയമം നമ്മാം പാസ്സാക്കിയെടുത്താൽ തന്നെ.....

ശ്രീ. പി.പി. തങ്കച്ചൻ: മുസ്ലീം ലീഗിനെക്കുറിച്ച് താങ്കളുടെ പാർട്ടിയുടെ അഭിപ്രായമാണോ ഇത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ പറയുന്നതൊക്കെ എന്റെ പാർട്ടിയുടെ അഭിപ്രായംതന്നെയാണ്. തങ്കച്ചന്റെ പാർട്ടിയുടെ അഭിപ്രായം എനിക്ക് പറയാൻ കഴിയുകയില്ല.

ഈ ആക്ടിൽ ഭേദഗതി വരുത്തി ശരിയായ രീതിയിൽ നടപ്പാക്കുമെങ്കിൽ നമ്മുടെ തൊഴിലാളികളെ രക്ഷപ്പെടും. എന്നാൽ ഈ നിയമം നടപ്പാക്കാൻ ശ്രീ. അഹമ്മദ് ഇവിടെ ഉണ്ടാകുമോ എന്നാണ് എന്റെ സംശയം. ഇന്ന് മൂപ്പനാർ വരുന്നുണ്ട്. മൂപ്പനാർ വന്നിട്ടുവേണം ഈ ഗവൺമെന്റിന്റെ ആയുസ്സിനെക്കുറിച്ച് തീരുമാനിക്കാൻ. പിള്ളയെ എടുക്കാൻ തള്ളവരുന്നുണ്ട്. പിള്ളപ്രശ്നം പോയി തള്ളപ്രശ്നമാണ് ഇപ്പോൾ. നമ്മുടെ മുഖ്യമന്ത്രി കരുണാകരൻ പറഞ്ഞിട്ടുണ്ട്. 'എന്നെക്കുറിച്ച് പറഞ്ഞിട്ടുള്ള എല്ലാവരെയും പാഠം പഠിപ്പിക്കും, എന്നെക്കുറിച്ച് പറഞ്ഞവരൊക്കെ അനുഭവിക്കും' എന്ന്. ബാലകൃഷ്ണപിള്ളയെ ഇപ്പോൾ അനുഭവിപ്പിക്കുകയാണ്.

ശ്രീ. എം.കെ. കേശവൻ: കേരളാ കോൺഗ്രസ്സുകാർ അടുത്ത കാലത്ത് ഒരു പ്രകടനം നടത്തിയത് ബഹുമാനപ്പെട്ട മെമ്പർ അറിഞ്ഞുകാണും. അവർ വിളിച്ച മുദ്രാവാക്യം എന്താണെന്നറിയാമോ? പഞ്ചാബെങ്കിൽ പഞ്ചാബ്, ആസ്സാമെങ്കിൽ ആസ്സാം. തന്നെയുമല്ല ധനകാര്യമന്ത്രി മാണിയുടെ പണിപോയാൽ സുപ്രീം കോടതിയിൽ വക്കീൽ, പി.ജെ. ജോസഫിന്റെ പണിപോയാൽ തൊടുപുഴയിൽ വീണ്ടും വാദ്ധ്യാർ, ശ്രീമാൻ കരുണാകരന്റെ പണിപോയാൽ മാളയിൽ അമ്പലത്തിൽ ചെണ്ടമേളം, ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതൊക്കെ ഇവിടെ പറഞ്ഞ കാര്യമായതുകൊണ്ട് ഞാൻ പറയുന്നില്ല. ബില്ലിന്റെ ചർച്ചയിൽ ഇത്തരം കാര്യങ്ങളും പറയുന്നത് ശരിയല്ലെന്നാണ് എനിക്കു തോന്നുന്നത്.

ഈ നിയമം പാസ്സാക്കിയെടുത്താൽ അത് നടപ്പാക്കാൻ നമ്മുടെ മന്ത്രി അഹമ്മദിന് തന്നെ കഴിയുമോയെന്നുള്ള ഒരു സംശയം എനിക്കുണ്ട്. അതുകൊണ്ടാണ് ഞാൻ ഇന്നത്തെ ദിവസം മൂപ്പനാർ വരുന്നതിനെക്കുറിച്ച് പറഞ്ഞത്: മൂപ്പനാർ വന്നിട്ടുവേണം ഈ നിയമം ആര് നടപ്പാക്കുമെന്ന് തീരുമാനിക്കാൻ. കശുവണ്ടിത്തൊഴിലാളികളെ രക്ഷിക്കാൻ വേണ്ടിയുള്ള ഈ ഭേദഗതി നിയമം പാസ്സാക്കി എടുത്താൽ അത് ആര് നടപ്പാക്കും ശ്രീ. അഹമ്മദിന് നടപ്പാക്കാൻ കഴിയുമോയെന്നത് തീരുമാനിക്കേണ്ടത് മൂപ്പനാരാണ്, മൂപ്പനാർ വന്ന് മദ്ധ്യസ്ഥം പറയണം. എന്തായാലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗതവ്യവസായങ്ങളും മുഴുവൻ തകർച്ചയിലാണ്. അൻപതുലക്ഷത്തോളം തൊഴിലാളികളും ഉപജീവനം കഴിക്കുന്ന തൊഴിൽ മേഖലയാണ്. ആ തൊഴിലാളികളെല്ലാം തൊഴിലി ല്ലായ്മയ്ക്ക് ഇരയായവരാണ്. കൈത്തറിക്ക് കഴിഞ്ഞവർഷം കൊടു ക്കുവാനുള്ള റിബേറിന്റെ സംഖ്യപോലും ഈ തവണത്തെ ബഡ്ജറിൽ ഇല്ല. കഴിഞ്ഞവർഷം ബാക്കി കൊടുക്കുവാനുള്ള സംഖ്യ കൊടുക്കാൻ കഴിയില്ല. ഈ വർഷവും കൊടുക്കാൻ കഴിയില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ സമ്മതിച്ചതാണ്. അതാണ് കൈത്തറി വ്യവസായത്തിന്റെ സ്ഥിതി. ബഹുമാനപ്പെട്ട മന്ത്രി കണ്ണൂർക്കാരനാണ്. കൈത്തറിവ്യവസായം കൂടുതലും അവിടെയാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അവിടെയുള്ള കൈത്തറി തൊഴിലാളികളെല്ലാം വ്യവസായത്തിന്റെ അടി സ്ഥാനത്തിൽ പ്രവർത്തിക്കുന്നതല്ല. കണ്ണൂരിൽനിന്നും വന്നിട്ടുള്ള മന്ത്രി, യഥാർത്ഥത്തിൽ മലബാറിൽനിന്നും വന്ന കണ്ണൂർക്കാരനായ മന്ത്രി ഈ വ്യവസായ ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്ത് കൈത്തറി വ്യവസായം നശിപ്പിച്ചു എന്നു ചരിത്രത്തിൽ എഴുതിവയ്ക്കും.

കയറിനെ സംബന്ധിച്ചു പറഞ്ഞാൽ അതിപ്പോഴും മന്ത്രിക്ക് തുങ്ങിച്ചാകാൻ പറ്റും. കയർത്തൊഴിലാളികൾക്ക് പണിയില്ല. കയർ സൊസൈറ്റികൾക്ക് തൊണ്ട് കിട്ടുന്നില്ല. അത് തൊണ്ട് ഇല്ലാത്തതുകൊണ്ടാണോ? തൊണ്ടു സംഭരിക്കുവാനുള്ള ഫണ്ടിന്റെ പ്രശ്നമാണ് ഇപ്പോഴില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ താൽപ്പര്യം കയർ തൊഴിലാളികൾക്ക് പണികൊടുക്കുകയെന്നുള്ളതല്ല. തൊണ്ടു മുത ലാളിമാരുടെ താൽപ്പര്യം സംരക്ഷിക്കുവാനാണ് ശ്രമിക്കുന്നത്. മലബാറിലെ തൊണ്ടു മുതലാളിമാരും ബഹുമാനപ്പെട്ട മന്ത്രിയും സുഹൃത്തുക്കളാണ്. അപ്പോഴും തൊണ്ടു വ്യവസായത്തിലെ സ്തംഭനം ഒഴിവാക്കാൻ നടപടിയെടുക്കില്ല. നമുക്ക് രണ്ടു പേർക്കും അറിയാവുന്ന കാര്യമാണ്. അതാണ് സ്ഥിതി.

ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുവാൻ ആഗ്രഹിക്കു കയാണ്; അങ്ങ് മലബാർ കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിലെ കശുവണ്ടികൃഷിക്കാരെ മുഴുവൻതന്നെ പിച്ചച്ചട്ടി എടുപ്പിച്ചില്ലേ? കശു വണ്ടിത്തൊഴിലാളികൾക്ക് പണിയില്ല. അവിടെ കശുവണ്ടികൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിക്ക് വിലയില്ല. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന കാലംമുതൽ, അച്യുതമേനോന്റെ കാലം മുതൽ കശുവണ്ടി സംരക്ഷണം ഒരു നയമായിട്ട് തുടരുകയായിരുന്നു. കശുവണ്ടിയെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾക്ക് തൊഴിൽ കിട്ടണം. ഇടതുപക്ഷ ഗവൺമെന്റിന്റെ തന്നെയല്ല എല്ലാ ഗവൺമെന്റുകളും അതു നടപ്പിൽ വരുത്തിയതാണ്. അത് നിങ്ങൾ തിരുത്തി. അപ്പോൾ നിങ്ങൾ ആരാണ്? കശുവണ്ടി മുതലാളിമാരുടെ ആളാണ്. കശുവണ്ടി യുടെ സംഭരണം ഇല്ല. അതുകൊണ്ട് കൃഷിക്കാരനും ബുദ്ധിമുട്ട്, തൊഴിലാളികൾക്കും ബുദ്ധിമുട്ട്. കശുവണ്ടി സംഭരണം നടത്താത്തതു കൊണ്ട് എഴുപത്തഞ്ചു കോടി രൂപ കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ മാത്രം പാവപ്പെട്ട കൃഷിക്കാർക്ക് നഷ്ടമാണ്.തൊഴി ലാളികൾക്ക് പണി കിട്ടിയത് പത്തൊൻപതു ദിവസം മാത്രമാണ്. മുതലാളിമാർക്ക് കിട്ടുന്നത് കുടിവറുപ്പും അതുപോലെയുള്ള രീതി യിലുമാണ്. അതാണ് കശുവണ്ടിവ്യവസായത്തെ സംബന്ധിച്ചിട ത്തോളം ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. ഇതല്ലേ സ്ഥിതി? അല്ല എന്നു പറയാൻ സാധിക്കുമോ? ജാതിയെസംബന്ധിച്ച് പറയുന്നുണ്ട്. അതും പരമ്പരാഗത വ്യവസായത്തിൽ പെടുത്താനാണ് പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ശ്രീനിവാസൻ അവിടെ ഇരിക്കുന്നുണ്ട്. എക്സ്-മജിസ്ട്രേട്ടാണ്. ഈഴവനെ രക്ഷിക്കുന്ന മന്ത്രി എന്നാണ് പറയുന്നത്. പക്ഷേ ഇവിടെ ചെത്തു തൊഴിലാളികളെക്കുറിച്ച് സംസാരിച്ചപ്പോഴും പറഞ്ഞത് ചെത്താളി എന്നാണ്. അന്ന് ശ്രീ. വക്കം പുരുഷോത്തമനായിരുന്നു സ്പീക്കർ അദ്ദേഹത്തോട് ഞാൻ ചോദിച്ചു, ഈ ചെത്തു തൊഴിലാളി എന്നു പറയുന്നത് അഭിമാനമുള്ള തൊഴിൽ ചെയ്യുന്നവരെയാണ്. അവരെ ചെത്താളി എന്നു വിളിക്കാമോ എന്ന്. അപ്പോഴാ ശ്രീ. ശ്രീനിവാസൻ എഴുന്നേറ്റു നിന്നു പറഞ്ഞു. എന്താ അങ്ങനെ വിളിച്ചാൽ എന്ന്. അവസാനം സ്പീക്കർ പറഞ്ഞു, റിക്കോഡിൽ ചെത്തുതൊഴിലാളി എന്നേ ഉണ്ടാകൂ എന്ന്. ചെത്തു വ്യവസായം മുഴുവൻ നശിപ്പിക്കുന്നതാണ് ഈ മന്ത്രിയുടെ പണി. ഈ ഗവൺമെൻറിന്റെ നയം അതാണ്. കള്ളു ചെത്തിയിട്ട് വീട്ടിൽ കൊണ്ടുവന്നു വിൽക്കാം എന്നു പറഞ്ഞ മന്ത്രിയാണ് ഇത്. അദ്ദേഹം കള്ളല്ല ചാരായമോ ഫോറിൻ ലിക്വറുകളോ ആണ് ഉപയോഗിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ മന്ത്രിയുടെ പേരിൽ എസ്.ആർ.പി.യുടെ ജില്ലാ സെക്രട്ടറിതന്നെ അഴിമതിയാരോപണം ഉന്നയിച്ചുകൊണ്ട് കമ്മീഷനെ സമീപിച്ച വിവരം അറിയാമോ?

ശ്രീ. എം. വി. രാഘവൻ: അതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് എനിക്കറിയില്ല. ശ്രീ. വിജയരാജനും ശ്രീ. സി.ജി. യും കൂടിയാണ്. അതിൽ ഒരാൾ അവിടെ ഇരിക്കുന്നുണ്ട്. ഞാൻ ഈ ബില്ലിന്റെ ചർച്ചാവേളയിൽ അഴിമതിയാരോപണം ഉന്നയിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. ഞാൻ പറഞ്ഞത് കള്ളു വ്യവസായത്തെക്കുറിച്ചാണ്. ഒരു ലക്ഷംതൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന വ്യവസായമാണ് കള്ളുചെത്തു വ്യവസായം. നമ്മുടെ രാജ്യത്ത് മദ്യം ഉപയോഗിക്കുവാൻ പാടില്ലെന്നാണ് എന്റേയും എന്റെ പാർട്ടിയുടേയും അഭിപ്രായം. ആളുകൾ കുടിക്കാതിരിക്കണമെന്നു പറഞ്ഞിട്ടു കാര്യമെന്താണ്? കുടിക്കുന്നവർ കുടിക്കും. കുടിക്കുന്നത് അധികം ദൂഷ്യം ഇല്ലാത്തതായിക്കൊള്ളട്ടെ. അപ്പോൾ തൊഴിലാളികൾക്ക് തൊഴിലും കിട്ടും. അതുകൊണ്ടാണ് ഞാൻ ഇവിടെ കള്ളുചെത്തു വ്യവസായത്തെക്കുറിച്ചു പറഞ്ഞത്. നമ്മുടെ പരമ്പരാഗത വ്യവസായമാണ് കള്ളുചെത്തുവ്യവസായം. അല്ലാതെ ചാരായമുണ്ടാക്കലല്ല. കള്ളുചെത്തി വീട്ടിൽവച്ചുതന്നെ വിറ്റുകൊള്ളാൻ പറയുന്നത് ഈഴവരെ രക്ഷിക്കാൻ വേണ്ടിയുള്ള ഒരു മന്ത്രിയാണ്. ഈഴവനെ ഇത്രത്തോളം നശിപ്പിച്ചിട്ടുള്ള ഒരു മന്ത്രി കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടോ എന്നു റോവിയിൽ ചരിത്ര വിദ്യാർത്ഥികളോട് ചോദിച്ചാൽ അത് എസ്.ആർ.പി. നേതാവ് ശ്രീ. ശ്രീനിവാസൻ എന്നായിരിക്കും രേഖപ്പെടുത്തുക. അത്രയും ദ്രോഹമാണ് ഈഴവസമുദായത്തിനും ചെത്തു വ്യവസായത്തിനും ചെയ്തിട്ടുള്ളത്. ശ്രീ. രാജീവ് ഗാന്ധി വന്നപ്പോൾ പാലാക്കാട്ടുവച്ച് പ്രസംഗിച്ചത്, വർഗ്ഗീയതയ്ക്കെതിരായി പൊരുതുക എന്നാണ്. വയനാട്ടിൽ ശ്രീ. രാജീവ് ഗാന്ധി ഇറങ്ങുമെന്നു കരുതി ശ്രീ. രാമചന്ദ്രൻ മാസ്റ്റർ മേൽപ്പോട്ടു നോക്കി ഇരിക്കുകയായിരുന്നു. അവസാനം അദ്ദേഹത്തിന്റെ കണ്ണു പാറയായിപ്പോയി. നമ്മുടെ രാജ്യത്തെ പരമ്പരാഗത വ്യവസായത്തിന്റെ ദുഃസ്ഥിതിയെപ്പറ്റിയാണ് ഞാൻ പറഞ്ഞുവന്നത്.

മൽസ്യത്തൊഴിലാളികളുടെ സ്ഥിതി എന്താണ്? ഫിഷറീസ് ഗ്രാമങ്ങളെപ്പറ്റി ഇവിടെ പറയുകയുണ്ടായി. അതിനെ സംബന്ധിക്കുന്ന ഒരു ബിൽ പാസ്സാക്കാൻവേണ്ടി നമ്മുടെ മുൻപിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജീവ് ഗാന്ധി മൽസ്യത്തൊഴിലാളികളുടെ അടുത്തു പോയപ്പോഴും മറ്റു കക്ഷിയിലുള്ള ആരേയും കൂട്ടിയില്ല. റവന്യൂവകുപ്പുമന്ത്രിയേയും, മറ്റു പാർട്ടികളിലെ മന്ത്രിമാരേയും കൂട്ടിയില്ല. ഇതു കോൺഗ്രസ് പ്രസിഡൻറിന്റെയോ അതോ ഗവൺമെൻറിന്റെ പരിപാടിയോ എന്നു നമുക്കറിയില്ല. ഇതിനു ചെലവഴിച്ച പൈസ ആരുടെയാണെന്നും അറിയില്ല. കോൺഗ്രസ് പ്രസിഡൻറിന്റെ പരിപാടിയാണെങ്കിൽ കോൺഗ്രസ്സുകാർ പൈസാ തരണം. അതല്ല ഗവൺമെൻറിന്റെ പരിപാടിയാണെങ്കിൽ എല്ലാ മന്ത്രിമാരേയും കൂട്ടേണ്ടതാണ്. റവന്യൂ വകുപ്പ് മന്ത്രിയെ കൂട്ടിയില്ല, റവന്യൂസെക്രട്ടറിയെ കൂട്ടി. അത് എന്ത് ഏർപ്പാടാണ്? ഇവിടെ ജനാധിപത്യ ഭരണമല്ലേ നടക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: റവന്യൂമന്ത്രിയുടെ പാർട്ടി ആസ്സാമിനേയും പഞ്ചാബിനേയും പ്രശ്നത്തെക്കുറിച്ച് ഒക്കെ പറഞ്ഞതുകൊണ്ട് അവരിൽ ഒരു വിശ്വാസക്കുറവുള്ളതുകൊണ്ട് ആണെന്നു കേൾക്കുന്നു. അതും ശരിയാണോ?

ശ്രീ. എം.വി. രാഘവൻ: ആസ്സാമും പഞ്ചാബും ഒക്കെ അവർ പറയുന്നുണ്ട്. 'പഞ്ചാബ് എങ്കിൽ പഞ്ചാബ്, ആസ്സാമെങ്കിൽ ആസ്സാം, ആരുണ്ടിവിടെ ചോദിക്കാൻ' എന്നൊക്കെ ധൈര്യമായി അവർ പറയുന്നുണ്ട്. ശ്രീ. കരുണാകരനോടു് അങ്ങനെ പറഞ്ഞെങ്കിൽ നിർത്തിച്ചുവിടുകയല്ലേ വേണ്ടത്. അവരുടെകൂടെയിരുന്ന് ചിരിക്കുകയും വേണം, മോഷണം നടത്തുകയും വേണം, അവരെ കൂട്ടുകയുമില്ലാ അത് എന്ത് ഏർപ്പാടാണ്? അതിനോടു ശ്രീ. സീതി ഹാജിക്ക് അനുകൂലിക്കുകയില്ല. അതുകൊണ്ടാണ് ശ്രീ. നായനാർ സഹിബ് പുതിയ മദ്ധ്യസ്ഥനായി എന്നു തോന്നുന്നത്. കണ്ണൂരിലെ ഇരുവിഭാഗം സുകുമാരത്ത്. ഇതുവേണമോ എന്നു ശ്രീ. നായനാർ സഹിബിനോടു ചോദിക്കുവാൻ അവർ ആഗ്രഹിക്കുകയാണ്. നിങ്ങളോട് എന്നിക്കുകൂടി സ്നേഹമുള്ളതുകൊണ്ടാണ് ഇതൊക്കെ പുറപ്പെടേണ്ടതുണ്ടോ എന്നു ചോദിക്കുന്നത്. ഇതിനൊക്കെ പുറപ്പെടേണ്ട ആവശ്യവും ഉണ്ടോ?

ശ്രീ. എം.വി. രാഘവൻ: ആറിനു സിമ്പതിയുണ്ടെന്നു പറഞ്ഞു. ശ്രീ. നമ്പൂതിരിപ്പാടിനു നിരുപാധികപിന്തുണ മുഖ്യമന്ത്രിയോടു് സിമ്പതിയുണ്ടെന്നാണല്ലോ പറഞ്ഞത്? അതിനെ സംബന്ധിച്ചു് ഇതു പാർട്ടിയുടെ കാര്യമല്ല. വ്യക്തിപരമായ കാര്യമാണ്. വ്യക്തിപരമായി ഞാൻ ബഹുമാനിക്കുന്നതുകൊണ്ടാണ് പറഞ്ഞത്. അതുകൊണ്ടാണു് മദ്ധ്യസ്ഥനാകുവാൻ അദ്ദേഹത്തിനെക്കുറിച്ച് ഞാൻ പറയുന്നതും. നമ്മുടെ കാര്യത്തിൽ ഫിഷറീസ് വകുപ്പു കൈകാര്യം ചെയ്യുന്നതുപോലെയാണ്.

ശ്രീ. കരുണാകരൻ എടുത്തു: ശ്രീ. കരുണാകരൻ കുറുങ്കൂർ അപ്പൂപ്പൻ 12 Noon] പങ്കുവയ്ക്കുന്നതുപോലെയാണ് പങ്കുവയ്ക്കുന്നത്. മദ്ധ്യസ്ഥം പറഞ്ഞ ഓരോ കുരുപ്പും എടുക്കുകയാണ്. നായൻമാരെ പരിച്ച് പിന്നിക്കൻ പെരയുടെ ചന്തിക്കലാണോ? നായൻമാർ എന്തിനാണ് അവിടെയിരിക്കുന്നത്? വല്ല ആവശ്യവുമുണ്ടോ? കുറുങ്കൂർ അപ്പം ഓഹരിവയ്ക്കുന്നതുപോലെല്ല വച്ചിട്ട് നായൻമാരെ അപമാനിച്ചില്ലേ? കരുണാകരൻ ആ വകുപ്പെടുത്തു. പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ഞാൻ ഈ ബില്ലിനെപ്പറ്റി സംസാരിക്കുമ്പോൾ നമ്മുടെ കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുന്ന 50 ലക്ഷത്തോളമാളുകളുടെ ഉപജീവനമാർഗ്ഗമായിട്ടുള്ള പരമ്പരാഗതവ്യവസായത്തിൽപ്പെട്ട ഫിഷർമെന്നിന്റെ കാര്യത്തെപ്പറ്റിയാണ് പറഞ്ഞത്. ശ്രീ. സീതി ഹാജിക്ക് അത് അറിയില്ല. വേറെ ചിലതേ അറിയുകയുള്ളൂ.

ശ്രീ. പി. സീതിഹാജി: ശ്രീ. നമ്പാടൻ പരമ്പരാഗതാഗതമെന്നു പറഞ്ഞു. മുമ്പ് ട്രാൻസ്പോർട്ട് മന്ത്രിയായിരുന്ന കാലത്തെ ഗതാഗതമാണ് പറഞ്ഞത്.

ശ്രീ. എം. വി. രാഘവൻ: എന്തു ഗതാഗതമെങ്കിലുമായിക്കോട്ടെ. നമ്മുടെ പരമ്പരാഗത വ്യവസായത്തെ രക്ഷിക്കണമെന്നാണ് ഞാൻ പറയുന്നത്. നമ്മുടെ പ്രധാനമന്ത്രിയോടുപോലും കളവു പറഞ്ഞ മുഖ്യമന്ത്രിയാണ് ഈ കേരളം ഭരിക്കുന്നത്. അത് ഇന്ത്യയ്ക്ക് അപമാനമാണ്. അദ്ദേഹം ഒറീസ്സയിൽ പോയപ്പോൾ പറഞ്ഞതുപോലെതന്നെയാണ് ഒറീസ്സയിൽപ്പോയി ആദിവാസികളുടെ കൂട്ടത്തിൽ ഭക്ഷണം കഴിക്കാനിരുന്നു. അപ്പോൾ ചിക്കൻഫ്രൈയാണ് കൊണ്ടുവന്നത്. അപ്പോൾ പ്രധാനമന്ത്രി ആദിവാസികളോട് ചോദിച്ചു നിങ്ങൾ ദിവസേന ചിക്കൻ ഫ്രൈയാണോ കഴിയ്ക്കുന്നതെന്ന്. അതേ എന്നു പറഞ്ഞു. അവിടെയിരുന്നത് ഇൻറലിജൻസ് ഉദ്യോഗസ്ഥൻമാരായിരുന്നു. ഞാൻ വിചാരിച്ചത് ഒറീസ്സയിൽ മാത്രമേ ഇങ്ങനെയുള്ള വെട്ടിപ്പും തട്ടിപ്പും നടക്കുകയുള്ളൂ എന്നാണ്. ശ്രീ. കരുണാകരൻ പാർലമെൻററി ബോർഡ് മെമ്പറുമല്ലേ? കളവ് പറഞ്ഞാൽ കേസ് എടുക്കുമെങ്കിൽ ശ്രീ. കരുണാകരന്റെ പേരിലും കേസ് എടുക്കേണ്ടതാണ്. ഇവിടെ കൈത്തറിയായാലും കശുവണ്ടിയായാലും ഫിഷർമെന്നിന്റെ പ്രശ്നമായാലും ഈ രാജ്യത്തെ എല്ലാ പരമ്പരാഗതവ്യസായങ്ങളും നാശത്തിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അതിനെ രക്ഷിക്കാൻ വേണ്ടി ഒരു നടപടിയും ഈ ഗവൺമെൻറ് എടുക്കുന്നില്ല. ബീഡിയും കൈത്തറിയിൽപ്പെട്ടതാണ്. നമ്മുടെ അഹമ്മദ് വന്നപ്പോൾ ഒരു കാര്യം ചെയ്തു. അദ്ദേഹം പുതുതായിട്ട് ലീഗ് ഇങ്ങോട്ടു വന്നപ്പോൾ അതിൽ നിന്നും ശ്രീ. കെ.കെ. അബു എന്നു പറയുന്ന ഒരാളെ ബീഡികോർപ്പറേഷന്റെ ചെയർമാനാക്കി. ബീഡിവ്യവസായത്തെ രക്ഷിക്കാൻവേണ്ടി എടുത്തിട്ടുള്ള ഒരു നടപടിയാണ്. കെ.കെ. അബു സാഹിബിന് ഒരു ഉദ്യോഗം കൊടുക്കുവാൻവേണ്ടിയാണ് ഇങ്ങനെ ചെയ്തത്. അതു കൊണ്ട് നമ്മുടെ പരമ്പരാഗതവ്യവസായങ്ങൾ പൂർണ്ണമായ തകർച്ചയിലാണ്. അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ഈ ഗവൺമെൻറ് ഏറ്റെടുക്കണമെന്നാണ് ഞാൻ പറയുന്നത്. 64 അംഗീകൃത കശുവണ്ടി ഫാക്ടറികളുടെ കഥ ഞാൻ പറഞ്ഞു. നേരത്തെ നമ്മുടെ വർക്കല രാധാകൃഷ്ണൻ പറഞ്ഞു, കാപ്പക്സ് തൊഴിലാളികൾക്ക് ബോണസ് കൊടുക്കാൻ തീരുമാനിച്ചതുകൊണ്ട് അത് പിരിച്ചുവിടുകയാണെന്ന്. ഞാൻ ചോദിക്കട്ടെ, ബോണസിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ പോളിസിയെന്താണ്? എട്ടും മൂന്നിലൊന്ന് കൊടുക്കണമെന്നല്ലേ പറഞ്ഞിട്ടുള്ളത്? അത് കാപ്പക്സിൽ കൊടുക്കേണ്ടേ? അത് കൊടുത്തതിന് എന്തിനാണ് ബോർഡ് പിരിച്ചുവിടുന്നത്? അവിടത്തെ തൊഴിലാളികൾ ഇപ്പോൾ സമരം ചെയ്യുകയാണ്. ബോണസിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിന്റെ നയമെന്താണെന്ന് മന്ത്രി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ മുതലാളിമാർക്കു കിട്ടുന്ന കശുവണ്ടിതന്നെ കുടിവറുപ്പിനു വേണ്ടി ഉപയോഗിക്കുകയാണ്. ഫാക്ടറി നടത്താതിരിക്കുകയാണ്. ആ കള്ള കമ്പനികൾക്കെല്ലാം കൂട്ടു നിൽക്കുന്നത് ഇപ്പോഴത്തെ വ്യവസായ വകുപ്പു മന്ത്രിയാണ്. അതല്ലേ യാഥാർത്ഥ്യം? തൊഴിലാളികൾക്ക് തൊഴിലില്ല. 19 ദിവസം തൊഴിൽ, അവർക്കു മറ്റ് യാതൊരു ആനുകൂല്യവുമില്ല. ചില മുതലാളിമാർ ഇങ്ങനെയാണ് കശുവണ്ടി ഫാക്ടറികൾ നടത്തുന്നത്. എട്ടു രൂപയും പത്തു രൂപയും ഡി.എ.കിട്ടി എന്നു പറഞ്ഞ് എഴുതി വാങ്ങുകയാണ്. അവർക്ക് ഡി.എ. കൊടുക്കുന്നില്ല. ലക്ഷക്കണക്കിന് രൂപയുടെ ബ്ലാക്കുമണിയാണ് അതിന്റെ ഫലമായി ഉണ്ടാകുന്നത്. ഈ ഗവൺമെന്റും മന്ത്രിയുമല്ലേ അതിന് കൂട്ടുനിൽക്കുന്നത്? ഇത്രയേറെ കുഴപ്പമുണ്ടാക്കിയിട്ടുള്ള ഒരു ഗവൺമെന്റുണ്ടോ? നമ്മുടെ പരമ്പരാഗതവ്യവസായത്തെ സംബന്ധിച്ചിടത്തോളമാണ് ഞാൻ ചോദിക്കുന്നത്. അതുകൊണ്ട് കശുവണ്ടി കൃഷിക്കാർക്ക് ന്യായമായ വില കിട്ടാൻവേണ്ടി ഈ ഗവൺമെന്റ് നടപടിയെടുക്കുമോ എന്ന് ഇനിയും വ്യക്തമാക്കേണ്ടതുണ്ട്. ഈ കൃഷിക്കാർക്ക് വിലകൊടുത്തു കശുവണ്ടി സംഭരിച്ചാൽ മാത്രമേ നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ കഴിയുകയുള്ളൂ. സംഭരിച്ചാൽ തന്നെ കള്ളമാർക്കറ്റിലേക്കാണ് അത് പൊയ്ക്കൊണ്ടിരിക്കുന്നത്. ആ സംവിധാനമൊന്ന് അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാജ്യത്തെ ഈ പരമ്പരാഗത വ്യവസായത്തെ നശിപ്പിച്ചു എന്നതു എഴുതിവച്ചേ അടങ്ങൂവെങ്കിൽ ഞാൻപറഞ്ഞിട്ട് പ്രയോജനവുമില്ല.

സർ, ചെത്തുവ്യവസായത്തെ നശിപ്പിക്കാൻ നമ്മുടെ ശ്രീനിവാസൻ സ്പിരിറ്റുകടത്തിയിട്ടാണ് ശ്രമിക്കുന്നത്. സ്പിരിറ്റ് ഇപ്പോൾ എല്ലായിടത്തും വിൽപ്പനയല്ലേ? കാസർകോട് ഭാഗത്ത് സ്വർണ്ണക്കടത്തിന്റെ മാതിരിയാണ് സ്പിരിറ്റ് കടത്ത് നടത്തുന്നത്. പണ്ട് കാസർകോട്ട് സ്വർണ്ണക്കടത്തായിരുന്നു. ഇപ്പോൾ നടക്കുന്നത് സ്പിരിറ്റുകടത്താണ്. ലോറിക്കണക്കിനാണ് കടത്തുന്നത്. അതുകൊണ്ടുവന്ന് ചാരായമാക്കി വിൽക്കും. ശ്രീ. ഇ. അഹമ്മദിന്റെ ശരിയത്ത് ചാരായമായി അത് കിട്ടുകയുമില്ല. ചാരായഷാപ്പുകളിലേക്ക് സർക്കാരിന്റെ ചാരായം കൊടുക്കുകയില്ല. അത് കൊടുക്കേണ്ടത് ശ്രീ. ഇ. അഹമ്മദാണ്. കാരണം ശരിയത്ത് അനുസരിച്ച് പ്രിപ്പയർ ചെയ്യുന്നതുകൊണ്ട് അത് കുറച്ചേ കൊടുക്കുകയുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇനിയെങ്കിലും ഇതൊന്ന് അവസാനിപ്പിച്ചുകൂടേ? കാരണം നേതാവ് പറഞ്ഞു എനിക്കു അതിനെപ്പറ്റി ഒരക്ഷരം അറിഞ്ഞുകൂടായെന്ന്.

ശ്രീ. എം. വി. രാഘവൻ: ഞാനും ശരിയത്ത് പഠിച്ചിട്ടില്ല പറയുന്നത്. അതനുസരിച്ച് ചാരായമുണ്ടാക്കുന്നു എന്നാണ് പറഞ്ഞത്. അപ്പോൾ ശരിയത്തിനെപ്പറ്റി വിവരമുള്ള ശ്രീ. ടി.കെ. ഹംസ പറയുന്നു ശരിയത്തിൽ അങ്ങനെ പറഞ്ഞിട്ടില്ല എന്ന്.

ശ്രീ. കെ. മുഹമ്മദാലി: സോവിയറ്റ് റഷ്യയിൽ മദ്യവിൽപ്പന കുറഞ്ഞുവരുന്നു എന്നുള്ള പത്രവാർത്ത ശരിയാണോ? അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: അത് എന്തെങ്കിലുമായിക്കോട്ടെ. നമ്മൾ സോവിയറ്റ് റഷ്യയിലേക്കൊന്നും പോകണ്ട. നിങ്ങൾ ശരിയത്ത് പ്രകാരം കുറയ്ക്കണ്ടേ? മുഹമ്മദുനബി കള്ളുണ്ടാക്കാനാണോ പറഞ്ഞത്, ചാരായമുണ്ടാക്കാനാണോ പറഞ്ഞത്, കള്ള് കുടിക്കാൻ പാടില്ല, ഉണ്ടാക്കാൻ പാടില്ല, വിൽക്കാൻ പാടില്ല എന്നാണ് പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അത് തെറ്റാണോ?

ശ്രീ. ഇ. അഹമ്മദ്: നിങ്ങൾ ഒരു മെമ്പർ അല്ലേ. ഈ മന്ത്രിയല്ലേ കേരളത്തിലെ മുഴുവൻ ചാരായഷാപ്പുകൾക്കുവേണ്ട ചാരായം വിതരണം ചെയ്യുന്നത്? അത് ശരിയത്ത് ആണോ? ആ ചോദ്യത്തിനാണ് മറുപടി പറയേണ്ടത്. ഇവിടെ കമ്മ്യൂണിസ്റ്റുകാർ ശരിയത്തിന് എതിരാണ് മതത്തിന് എതിരാണ് എന്നൊക്കെ പറയുന്നല്ലോ. ഞങ്ങൾ ശരിയത്തിന് എതിരല്ല, മതത്തിന് എതിരല്ല.

ശ്രീ. ഒ. ഭരതൻ: ഒരു ലീഗ് നേതാവ് തിരുവനന്തപുരത്തുള്ള കള്ളുഷാപ്പിൽ വീടുവച്ച കഥയറിയുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ശ്രീമാൻ ഭരതനും അതുപോലെ നിങ്ങളുടെ നേതാവ് നമ്പൂതിരിപ്പാടുമൊക്കെ ഇങ്ങനെ പറയുന്നത് എന്തിന്റെ പക പോക്കലായിട്ടാണ്? ഇത് കശുവണ്ടി ഏറ്റെടുക്കൽ ബില്ലാണ്. 1969-ൽ പൊളിഞ്ഞതിന്റെ പകപോക്കൽ ആണോ? അതൊന്ന് വ്യക്തമാക്കിയാൽ തരക്കേടില്ല.

(ബഹളം)

ശ്രീ. എം. വി. രാഘവൻ: നിങ്ങൾക്ക് അവിടെ എത്ര ദിവസം ഇരിക്കാൻ കഴിയുമെന്ന് പറയാൻ കഴിയില്ല. ഇപ്പോൾ പാപ്പർസ്യൂട്ട് മേടിച്ച ശ്രീമാൻ മാണിയെ കാണുന്നില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റി ചേർന്നിട്ട് ഇവിടെ ശ്രീമാൻ മാണി വന്നിട്ടില്ല. നിങ്ങളുടെ അഡ്ജസ്റ്റുമെന്റിന്റെ കാലാവധി ഇന്നലെ കഴിഞ്ഞു. ഇന്ന് പുതിയ പ്രതിസന്ധിയാണ്. കെ.പി.സി.സി. സെക്രട്ടറി ആര്യാടൻ മുഹമ്മദ് നിങ്ങളുടെ മുഖത്തുനോക്കിപ്പറഞ്ഞതെന്താണെന്ന് അറിയുമോ? നിങ്ങൾ പാക്കിസ്ഥാന്റെ ചാരൻമാരാണെന്നാണ് അദ്ദേഹം പറഞ്ഞത്. ധൈര്യമുണ്ടോ നിങ്ങൾക്ക് മറുപടി പറയുവാൻ?

(ബഹളം)

ശ്രീ. എ. സി. ജോസ്: ശ്രീമാൻ നായനാർ മുഖ്യമന്ത്രിയാകുന്നതിൽ നമ്പൂതിരിപ്പാടിന് വിരോധമുണ്ടെങ്കിൽ നമ്മോടെന്തിനാണ് ഈ വിരോധം?

ശ്രീ. എം. വി. രാഘവൻ: ഞങ്ങളുടെ പാർട്ടിയുടെ നേതാവിനെ മുഖ്യമന്ത്രിയാക്കാനാണ് ഞങ്ങൾ നടക്കുന്നതെങ്കിലും പി.വി. മുഹമ്മദിനെക്കൊണ്ട് എത്ര പ്രാവശ്യം ഞങ്ങൾ കൈപൊക്കിച്ചിട്ടുണ്ടാകും? ഞങ്ങൾ വളരെ അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്, ജാതിയുടേയും മതത്തിന്റെയും വർഗ്ഗീയതയുടെയും അടിസ്ഥാനത്തിൽ ഉണ്ടാക്കിയിട്ടുള്ള ഈ കൂട്ടുകെട്ടിൽപ്പെടുന്ന കക്ഷികളെ തൽക്കാലം ഞങ്ങൾ കൂട്ടാൻ ഉദ്ദേശിക്കുന്നില്ല എന്ന്. അതുകണ്ട് മോഹിക്കേണ്ട. നിങ്ങൾ തച്ചുമുടിഞ്ഞോ. എന്താണ് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീമാൻ ആരീഫ് മുഹമ്മദ് ഖാൻ ശരിയത്തിനെപ്പറ്റി പറഞ്ഞത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: കശുവണ്ടി ബില്ലിനെക്കുറിച്ചുള്ള ചർച്ച യാണിത്. ശരിയത്തിനെക്കുറിച്ചുള്ള ചർച്ചയല്ല. അതുകൊണ്ട് ശരിയ ത്തിനെക്കുറിച്ചുള്ള ഒരു ബിൽ കൊണ്ടുവന്നാൽ തരക്കേടില്ല.

ശ്രീ. എം. എം. ഹസ്സൻ: എനിക്ക് ഒരു സംശയമുണ്ട്. ശരി യത്തും കശുവണ്ടിയും തമ്മിലുള്ള ബന്ധമെന്താണെന്ന് ഒന്ന് പറഞ്ഞുതന്നാൽ കൊള്ളാം.

ശ്രീ. എം. വി. രാഘവൻ: കശുവണ്ടി വ്യവസായം ഈ രാജ്യത്തെ പരമ്പരാഗത വ്യവസായത്തിൽപ്പെട്ടതാകുന്നു. കൈത്തറി, കയർ, മൽസ്യം, ചെത്ത്, കരകൗശലം മുതലായവ പരമ്പരാഗത വ്യവസായങ്ങളാകുന്നു. അതിന്റെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു ജാഥ മിനിഞ്ഞാന്ന് ഞാൻ കാസർകോട്ട് ഉൽഘാടനം ചെയ്തതാണ്. അതെല്ലാം ഞാൻ ഇവിടെ പറഞ്ഞു. 50 ലക്ഷം തൊഴിലാളികളെയും ജനങ്ങളെയും ബാധിക്കുന്ന താണ്. ചെത്തുവ്യവസായത്തെപ്പറ്റി പറഞ്ഞപ്പോൾ ചോദ്യങ്ങൾ ചോദിച്ച എന്നെ വലിച്ചിഴച്ചുകൊണ്ടു പോകുകയാണ്. അതാണ് സ്ഥിതി. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അഖിലേന്ത്യാ ലീഗുകാർ ചെന്നുപെട്ട ഗതികേട് ചെറിയ ഗതികേടാണോ എന്ന്. യൂണിയൻ ലീഗുകാരുടെ കാര്യം മനസ്സിലാക്കാം. ശരിയത്തിലെ അനാചാരങ്ങളെ എതിർത്ത പ്പോൾ ഞങ്ങൾ ശരിയത്തിനെ എതിർക്കുന്നുവെന്നു പറഞ്ഞാണ് അപ്പുറം പോയത്. ഇപ്പോൾ കേന്ദ്ര ആഭ്യന്തര സഹമന്ത്രി ആരിഫ് മുഹമ്മദ് ഖാൻ സുപ്രീം കോടതി ജഡ്ജ്മെൻറിനെ ശക്തിയായി ന്യായീകരിച്ചു. ലീഗിനെ എതിർത്തുകൊണ്ട് കെ.പി.സി.സി. സെക്രട്ടറി ആര്യാടൻ മുഹമ്മദ് പറയുന്നത് നിങ്ങൾ പാക്കിസ്ഥാനിലെ ചാരൻമാരാണെ ന്നാണ്. നിങ്ങളാണ് ഇന്ത്യയെ വിഭജിച്ചതെന്നാണ്. (ബഹളം) ഇപ്പോൾ അഖിലേന്ത്യാ ലീഗുകാരെ ലീഡ് ചെയ്യാൻ പോകുകയാണ്

ശ്രീമാൻ ഹസ്സൻ: അഖിലേന്ത്യാ ലീഗിലെ സുഹൃത്തുക്കളെസംബ ന്ധിച്ചിടത്തോളം അവർ ഒന്ന് ആലോചിച്ചുനോക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അവരെപ്പറ്റി പറയുമ്പോൾ എന്റെ സുഹൃത്ത് ശ്രീമാൻ ജോസിന് ബുദ്ധിമുട്ടുണ്ടാകും. ഞാൻ എന്താചെയ്യുക ജോസേ; ഈ നാറ്റം സഹിക്കാൻകഴിയുന്നില്ല. അതുകൊണ്ടാണ് പറഞ്ഞത്. ഞാൻ ബില്ലിലേക്ക് വരുമ്പോൾ നിങ്ങൾ ഇടയ്ക്കി ടയ്ക്ക് എഴുന്നേറ്റാൽ ഞാൻ എന്താണ് ചെയ്യുക? (ബഹളം) അതു കൊണ്ട് പൊളിയാൻ പോകുന്ന കപ്പലിൽ അഖിലേന്ത്യാ ലീഗുകാർ കയറി യിരുന്നിട്ട് കാര്യമുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): ഇവിടെ ഇന്ത്യാ ഗവൺമെൻറ് ചാരൻമാരാണെന്ന് ആധികാരികമായി പറഞ്ഞത് കുമർ നാരായണനേയും ഗോപാലനെയുമാണ്. ഒരൊറ്റ ലീഗുകാരനേയും മുസ്ലീമിനേയും പറഞ്ഞിട്ടില്ല. ഒരൊറ്റ മുസ്ലീമിനേയും അങ്ങിനെ പിടിക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എം. വി. രാഘവൻ: ഹൈദരാബാദിലെ ലഹളയുടെ കാലത്ത് നിങ്ങളെയൊക്കെ പിടിക്കാൻ നടന്നതാണ്. അന്ന് നിങ്ങൾ രാജിവയ്ക്കുക യാണ് ചെയ്തത്. അപൂർവ്വം ചിലരൊഴിച്ച് രാജിവച്ചു.

ശ്രീ. പി. സീതിഹാജി: ബാഫക്കി തങ്ങൾ രാജിവച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: അപൂർവ്വം ചിലരൊഴിച്ച്എന്നാണ് ഞാൻ പറഞ്ഞത്. ഇതെല്ലാം ഞാൻ പറഞ്ഞതല്ല, ആര്യാടൻ മുഹമ്മദ് പറഞ്ഞതാണ്. ആര്യാടൻ മുഹമ്മദ് പറഞ്ഞകാര്യം മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. നിങ്ങൾ പാക്കിസ്ഥാൻ ചാരൻമാരാണെന്നും ഇന്ത്യ വിജയിച്ചതിനുത്തരവാദികൾ ഈ ലീഗുകാരാണെന്നും ഇന്നും ആ വർഗ്ഗീയത തുടരാൻ വേണ്ടിയാണ് ശ്രമിക്കുന്നതെന്നുമാണ് പറഞ്ഞത്. അപ്പോൾ ശ്രീമാൻ നഹ പറയുന്നു ഞങ്ങളെ ആരും അറസ്റ്റ് ചെയ്തിട്ടില്ലയെന്ന്. നിങ്ങളെ 1948–ലെ റസാക്കർ കലാപകാലത്ത് അറസ്റ്റു ചെയ്തു. അപ്പോൾ മുഴുവൻ ലീഗുകാരും രാജി വയ്ക്കുകയാണ് ചെയ്തത്. ചിലർ മാത്രമേ രാജിവയ്ക്കാതെയുള്ളൂ.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഒരൊറ്റ ലീഗുകാരും രാജി വച്ചിട്ടില്ല. കളവ് പറയുകയാണ്.

ശ്രീ. എം.വി. രാഘവൻ: ചാക്കീരി അഹമ്മദ് കുട്ടിയോട് ചോദിച്ചാൽ ആ വക കാര്യങ്ങളൊക്കെ മനസ്സിലാകും. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

ശ്രീ. പി. സീതിഹാജി: നിങ്ങൾ പാക്കിസ്ഥാൻ ചാരൻമാരാണെന്നു പറഞ്ഞ് ഞങ്ങളെ, മാർക്സിസ്റ്റു–കമ്മ്യൂണിസ്റ്റു പാർട്ടിയൊക്കെ കൂട്ടിക്കൊണ്ടുനടന്ന് 'ഇന്ദ്രനോടൊക്കും ഭവാൻ ചന്ദ്രനോടൊക്കും ഭവാൻ' എന്നുപറഞ്ഞ് നടന്നതാണ്. അന്ന് ഞങ്ങൾ പാക്കിസ്ഥാനു വേണ്ടി വിളിച്ചില്ല, നിങ്ങൾ വിളിച്ചതാണല്ലോ? പാക്കിസ്ഥാൻ കിട്ടാൻ കോൺഗ്രസ്സ് ഐക്യം കമ്മ്യൂണിസ്റ്റ് ഐക്യം എന്നൊക്കെ പറഞ്ഞ് അന്ന് വിളിച്ചില്ലേ?

ശ്രീ. എം.വി. രാഘവൻ: ഞങ്ങൾ നിങ്ങളെപ്പറ്റി പാക്കിസ്ഥാൻ ചാരൻമാരാണെന്ന് പറഞ്ഞിട്ടില്ല. പറഞ്ഞെങ്കിൽ പറഞ്ഞുവെന്ന് പറയുവാനുള്ള നട്ടെല്ല് ഞങ്ങളുടെ പാർട്ടി കാണിക്കും. പക്ഷേ ഇപ്പോൾ പറഞ്ഞിട്ടില്ല. നിങ്ങളുടെ പാർട്ടിയുടെ, ശ്രീമാൻ കരുണാകരന്റെ പാർട്ടിയുടെ, ഉത്തരവാദപ്പെട്ട കെ.പി.സി.സി. സെക്രട്ടറിയാണ് പറഞ്ഞത് നിങ്ങൾ പാക്കിസ്ഥാൻ ചാരൻമാരാണെന്ന്.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇന്ത്യയിലെ ചാരൻമാർ ആരാണെന്ന് ഉത്തരവാദിത്വത്തോടുകൂടി പറയേണ്ടത് ആര്യാടൻ മുഹമ്മദല്ല ഇന്ത്യാ ഗവൺമെന്റിലെ പ്രധാനമന്ത്രി ആണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് അദ്ദേഹം പറഞ്ഞിട്ടില്ല, ഇന്ദിരാഗാന്ധിയുടെ കാലത്ത് ഇന്ദിരാഗാന്ധി പറഞ്ഞിട്ടില്ല, സഞ്ജയ് ഗാന്ധി പറഞ്ഞിട്ടില്ല, രാജീവ് ഗാന്ധി പറഞ്ഞിട്ടില്ല.

ശ്രീ. എം. വി. രാഘവൻ: ശ്രീമാൻ നഹാസാഹിബ് ഇങ്ങനെ ഇടയ്ക്കിടയ്ക്ക് എഴുന്നേൽക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്. ഉത്തരവാദപ്പെട്ട ഒരൊറ്റ കോൺഗ്രസ്സ് നേതാവും കഴിഞ്ഞ പത്തുദിവസമായി ആര്യാടന്റെ പ്രസ്താവനയെ നിഷേധിച്ചുകണ്ടില്ല. പിന്നെ ആര്യാടൻ അല്ല ഇത് പറയേണ്ടതെന്ന് പറയുന്നതിൽ എന്തർത്ഥം.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ആര്യാടൻ അല്ല പറയേണ്ടത് ഇന്ത്യാ ഗവൺമെന്റാണ് പറയേണ്ടത്. മറ്റൊരു രാജ്യത്തിന്റെചാരൻമാരാണെന്ന് പറയേണ്ടതേ കെ.പി.സി.സി. സെക്രട്ടറിയല്ല, ഇന്ത്യാ ഗവൺമെന്റാണ്: ഇന്ത്യാഗവൺമെന്റ് : അത് പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: ആര്യാടൻ ലീഗുകാരെപ്പറ്റി ചാരൻമാർ എന്നു പറഞ്ഞിട്ടില്ല. വെറുതെ ദേശാഭിമാനിയിൽ വന്ന ഏതോവാർത്ത യുടെ അടിസ്ഥാനത്തിലാണ് ശ്രീ. എം. വി. രാഘവൻ പറയുന്നത്.

ശ്രീ. എം.വി. രാഘവൻ: ദേശാഭിമാനിയിൽ മാത്രം വന്നതല്ല, മാതൃഭൂമിയിലും റിപ്പോർട്ടുണ്ടായിരുന്നു. അതൊന്ന് വായിച്ചു നോക്കണം. ഇന്ത്യ വിഭജിക്കാൻ പാക്കിസ്ഥാന്റെ ഏജന്റുമാരായി പ്രവർത്തിച്ച ആംക്കാരാണ് ലീഗുകാർ. ആര്യാടൻ പറഞ്ഞു, കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ് മൊയ്തീൻ , പറഞ്ഞു. ഇവരെല്ലാം സ്റ്റേറ്റ്മെന്റ് ഇറക്കി. ഇപ്പോഴും ശ്രീമാൻ നഹ പറയുന്നു ആര്യാടനും കെ.പി.സി.സി.യുമൊന്നുമല്ല പറയേണ്ടത് ഇന്ത്യാഗവൺമെന്റാണ് എന്ന്. അപ്പോഴും ആര്യാടനും കെ.പി.സി.സി.യും ഒന്നും പറയുന്നതൊന്നും കോൺഗ്രസ്സിന്റെ അഭിപ്രായമല്ലേ? അല്ല, ഇന്ത്യാ ഗവൺമെന്റാണോ പറയേണ്ടത്? അതുകൊണ്ട് നിങ്ങളും ഞങ്ങളെ വിട്ടിട്ട് അപ്പുറംപോയത് ശരിയത്തിനെ രക്ഷിക്കാനല്ലേ? ഞങ്ങളും ശരി യത്തിനെയല്ല എതിർക്കുന്നത്, അതിലെ അനാചാരങ്ങളെയാണെന്ന് പറഞ്ഞില്ലേ, എന്നിട്ടും നിങ്ങളും അപ്പുറം പോയി കുത്തിയിരിക്കു ന്നില്ലേ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം അധികമായി.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സ്പീക്കർ ബില്ലിന്റെപരിധി വിട്ട് പോകുന്നതിനെ കർശനമായി നിയന്ത്രിച്ച് അങ്ങ് യാതൊന്നും ചെയ്തിട്ടില്ല. (ബഹളം) ഇപ്പോഴും ശരിയത്തിനെപ്പറ്റിയല്ലേ പറയുന്നുള്ളൂ?

ശ്രീ. എം.വി. രാഘവൻ: ഇത്രയേറെ ചോദ്യങ്ങളും ചോദിച്ച് തോറ്റപ്പോഴും ഇപ്പോഴും ബില്ലിലേക്ക് കടക്കണമെന്നാണോ? പടപേ ടിച്ച് പന്തളത്തുചെന്നപ്പോഴും അവിടെ ചൂട്ടുംകെട്ടിപ്പടയെന്നു പറഞ്ഞതു പോലെ ഞങ്ങളും ശരിയത്തിലെ അനാചാരങ്ങളെ പ്രതിഷേധിച്ചപ്പോഴും നിങ്ങളും അപ്പുറം പോയി. അപ്പോഴും കോൺഗ്രസ്സുകാർ പറയുന്നത് നിങ്ങളും പാക്കിസ്ഥാനിലെ ചാരൻമാരാണെന്നാണ്. എന്താ ശരിയല്ലേ?

ശ്രീ. ആരീഫ് മുഹമ്മദ്ഖാൻ വളരെ ശക്തിയായി സുപ്രീം കോടതി ജഡ്ജ്മെന്റും ഭരണഘടനാ 44–ന്റെ പൊതു സിവിൽ കോഡും എല്ലാം വച്ച് പാർലമെന്റിൽ 100 മിനിട്ട് പ്രസംഗിച്ചു. ഇപ്പോഴും അത് കോൺഗ്രസ്സിന്റെ അഭിപ്രായമല്ല എന്നാണ് ശ്രീ. നഹാ സാഹിബ് പറയുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ അഭിപ്രായം വേണം എന്നല്ലേ പറഞ്ഞത്? ഇന്ത്യാ ഗവൺമെന്റിന്റെ അഭിപ്രായമല്ലേ അതിനേക്കുറിച്ച് ശ്രീ. നഹാ സാഹിബിന് എന്താണ് പറയാനുള്ളത്? നിങ്ങളുടെ ലീഗിന് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ശ്രീ. രാജീവ് ഗാന്ധി, ഏക സിവിൽ കോഡ് വേണമെങ്കിൽ സമുദായം ആവശ്യപ്പെടാത്ത കാല ത്തോളം അത് ഉണ്ടാകുകയില്ല എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. എം.വി. രാഘവൻ: ഞാനും എന്റെ പാർട്ടിയും പറഞ്ഞത് അതാണ്. ന്യൂനപക്ഷമായ മുസ്ലീം സമുദായത്തെ ബോദ്ധ്യപ്പെടുത്തുന്ന കാലത്തേ പൊതു സിവിൽ കോഡ് നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ. അത് അടിച്ചേൽപ്പിക്കാൻ പാടില്ല എന്നാണ് എന്റെ പാർട്ടിയും പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സുപ്രീം കോടതി പറയുന്നത് അതല്ല. സുപ്രീം കോടതി പറയുന്നത് ഏക സിവിൽ കോഡ് കൊണ്ടു വരണമെന്നാണ്.

ശ്രീ. എം.വി. രാഘവൻ: സുപ്രീം കോടതി പറഞ്ഞതിനെ പ്പറ്റി ആലോചിക്കണം. പത്തുമുപ്പത്തെട്ട് കൊല്ലമായി സ്വാതന്ത്ര്യം കിട്ടിയിട്ട്. ഇങ്ങനെയൊരു വ്യവസ്ഥയുണ്ടെന്ന് ചൂണ്ടിക്കാണിച്ചതാണ്. അടിച്ചേൽപ്പിക്കണമെന്ന് സുപ്രീംകോടതിയും പറഞ്ഞിട്ടില്ല, അതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ശ്രീ. നഹാ സാഹിബിനോട് ഞാൻ പറയുന്നത് ശ്രീ. എ.വി. യെ ഇങ്ങനെ കഷ്ടപ്പെടുത്തേണ്ട കാര്യമുണ്ടോ? എത്തേണ്ടിടത്ത് എത്തിയോ? അതുകൊണ്ട് അതൊരു ഗതികേട് ആണ്. ശ്രീ. അബൂബേക്കർ ഞങ്ങളോട് പറഞ്ഞു ഞങ്ങൾ ജയിലിൽ കിടന്ന് ത്യാഗം അനുഭവിച്ചിട്ട് നിങ്ങൾ ഞങ്ങളെ പുറത്താക്കി എന്ന്. ഞാൻ അന്നേ പറഞ്ഞതാണ് നിങ്ങളെ ആരും പുറത്താക്കിയിട്ടില്ല എന്ന്. അനാചാര ങ്ങളെല്ലാം ഹിന്ദുമതത്തിലുമുള്ളതാണ്. അനാചാരം ഉള്ള ഏതുമതത്തേയും ഞങ്ങൾ എതിർക്കും. അത് മാത്രമേ പറഞ്ഞിട്ടുള്ളു. മഞ്ചേരി പാർല മെൻറ് തെരഞ്ഞെടുപ്പിൽ മറ്റു മൂന്നു ഉപതെരഞ്ഞെടുപ്പിൽ അന്നെല്ലാം ശ്രീ. നഹാ സാഹിബിന്റെ ലീഗ് മാർക്സിസ്റ്റുകാർ ശരിയത്തിന് എതിരാണ് എന്നു പറഞ്ഞപ്പോൾ ഞാനും ശ്രീ. എ.വി.യും ഒന്നായിരുന്നു, ശരിയത്തിനല്ല ഞങ്ങൾ എതിര്, അനാചാരത്തിനാണ് മാർക്സിസ്റ്റു കാർ എതിര് എന്നാണ് പറഞ്ഞത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട എം.വി. രാഘവൻ പ്രസംഗം ഒന്ന് ചുരുക്കണം.

ശ്രീ. എം. വി. രാഘവൻ: രണ്ടു ലീഗും യോജിച്ചപ്പോൾ ശ്രീ. കരുണാകരൻ പറഞ്ഞു രണ്ടു ലീഗും യോജിച്ചാൽ ഒരു മന്ത്രിയെ കൂടി കൊടുക്കുകയില്ല എന്ന്. ശ്രീ. സേട്ട് പിറേന്ന് മഞ്ചേരിയിൽ നിന്ന് പറഞ്ഞു രണ്ടു ലീഗും യോജിച്ചാൽ ഒരു മന്ത്രി തരാമെന്ന് മുൻകൂട്ടി ഞങ്ങൾ ഒരു ധാരണയിലെത്തി എന്ന്. എന്റെ എ. വി., നിങ്ങൾ ഞങ്ങളെ പറഞ്ഞിച്ചതാണ്, അല്ലേ? അപ്പോൾ നിങ്ങൾ ശ്രീ. കരുണാകരനുമായി മുൻകൂട്ടി ആലോചിച്ച് ഒരു മന്ത്രിയെ തരാമെന്നു പറഞ്ഞപ്പോൾ അപ്പുറം ചേർന്നു എന്നാണ് യൂണിയൻ മുസ്ലീം ലീഗിന്റെ പഴയ പ്രസിഡൻറും നിങ്ങളുടെ ഇപ്പോഴത്തെ നേതാവുമായ ശ്രീ. സേട്ട് മഞ്ചേരിയിൽ പ്രസംഗി ച്ചത്. അപ്പോൾ നിങ്ങൾ ഞങ്ങളെ വഞ്ചിച്ചു എന്നാണോ? ഈ മരാമത്തിൽ പ്പെടേണ്ട വല്ല കാര്യവുമുണ്ടായിരുന്നുവോ? അതുകൊണ്ട് ഞാൻ പറഞ്ഞത് ശ്രീ. അഹമ്മദിനോടാണ്. ശരിയത്തിൽ വല്ല വിശ്വാസവുമുണ്ടെങ്കിൽ ഈ ചാരായക്കച്ചവടം നിറുത്തണം. അല്ലാതെ ലീഗിനുവേണ്ടി പ്രസംഗിക്കു കയും വേണ്ട.

നമ്മുടെ രാജ്യത്തെ പരമ്പരാഗത വ്യവസായത്തെ നശിപ്പിച്ചു എന്ന പേരുമെടുത്തു. എന്നിട്ട് ഈ രാജ്യത്ത് എന്ത് വൃത്തികേടൊക്കെ കാട്ടിക്കൂട്ടി? കമ്മ്യൂണിസ്റ്റുകാരും മാർക്സിസ്റ്റുകാരും ശരിയത്ത് വിരോധികളുമെന്നൊക്കെ പറഞ്ഞ് നിങ്ങൾ നടന്നതുകൊണ്ട് കാര്യമില്ല.

ശ്രീ. പി. സീതിഹാജി: ചാരായമുണ്ടാക്കുന്നത് മാത്രമല്ല പരി പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന് മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം എന്താണ്? മോളോസസ് കൊണ്ടുവന്ന് ചാരായം ഉണ്ടാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

അല്ല, ചെത്തലും കള്ളും അതൊക്കെ നിർത്തിയാൽ ചെത്തുതൊഴിലാളികൾക്ക് വേറെ വല്ല ജോലിയും കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ട് മദ്യനിരോധനം കേരളത്തിൽ പരിപൂർണ്ണമായി ഏർപ്പെടുത്താൻ മാർക്സിസ്റ്റ് പാർട്ടി തയ്യാറുണ്ടോ?

ശ്രീ. എം.വി. രാഘവൻ: കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി മദ്യനിരോധനം പരിപൂർണ്ണമായി നടപ്പിൽ വരുത്തണമെന്ന അഭിപ്രായക്കാരല്ല. പ്രചാരവേല ചെയ്തത് മദ്യം കുടിക്കുന്നവരോട് അവരെ അതിൽനിന്ന് മാറ്റിക്കാനേ ഞങ്ങളുള്ളൂ. നിരോധനംകൊണ്ട് മദ്യം ഇല്ലാതാക്കാൻ കഴിയുകയില്ല, ഞങ്ങളും അത് പരിശോധിച്ചുനോക്കിയതാണ്. പ്രത്യേകിച്ച് മലബാറിൽ എത്രയോ കാലം മദ്യം നിരോധിച്ച് നോക്കിയിട്ട് അവസാനം പരാജയപ്പെട്ടതാണ്. ലീഗുമായിട്ട് ഞങ്ങളും യോജിച്ച് ഭരിക്കുമ്പോഴും മദ്യനിരോധനം എടുത്തു കളഞ്ഞു. അതുകൊണ്ട് ഞങ്ങളുടെ അഭിപ്രായം ഇതാണ്. പക്ഷേ നിങ്ങളുടെ മാതിരി മദ്യനിരോധനം വേണമെന്നു പറയുകയും എന്നിട്ട് ചാരായം ഉണ്ടാക്കിയിട്ട് എല്ലാ ചാരായഷാപ്പിലും ശ്രീ. അഹമ്മദ് ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നാണംകെട്ട പണി ഞങ്ങളും ചെയ്യുകയില്ല. ഞാൻ പറഞ്ഞത് അതാണ്, അത് മോശമായിട്ടുള്ള പണിയാണ്. എന്നിട്ട് ശരിയത്തിനെ പറ്റി പ്രസംഗിക്കുന്നു. നിങ്ങളുടെ ജീവിതത്തിലോ പ്രവൃത്തിയിലോ ഇസ്ലാം രീതിയോ ശരിയത്തോ നടപ്പിൽ വരുത്തിയിട്ടുണ്ടോ? എന്നിട്ട് കമ്മ്യൂണിസ്റ്റുകാരന്റെ മുഖത്തു നോക്കി ശരിയത്തിനെക്കുറിച്ച് പ്രസംഗിക്കുമ്പോൾ ചെകുത്താൻ വേദമോതുന്നു എന്നേ പറയാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഷുഗർ ഫാക്ടറിയിലെ പെർമിറ്റ് കൊണ്ടാണ് ഈ കണ്ട കള്ളക്കടത്ത് മുഴുവൻ നടത്തുന്നതും അതിന്റെ ലാഭം പലർക്കും എത്തുന്നതും എന്നുള്ളത് അറിയാമോ?

ശ്രീ. എം.വി. രാഘവൻ: അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഞാൻ അത് അവിശ്വാസപ്രമേയ ചർച്ചയിൽ പറഞ്ഞതാണ്. പത്ത് ലക്ഷം ലിറ്റർ സ്പിരിറ്റാണ് ബാംഗ്ലൂർ വഴി വരുന്നത്. അതുകൊണ്ട് മലയാള മനോരമ എഴുതിയതാണ്—ശ്രീ. ചുമ്മാറിന്റെ പത്രം—ആ പത്ത് ലക്ഷം ലിറ്റർ സ്പിരിറ്റ് വന്ന് ഭരണകക്ഷിയിലെ ഉത്തരവാദപ്പെട്ട നേതാക്കൻമാർ കർണ്ണാടകയിലെ ഡിസ്റ്റിലറികളും നടത്തുന്നവരുടെ ഗസ്റ്റ്ഹൗസിൽ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് ആഴ്ചകളോളം ക്യാമ്പ് ചെയ്തിട്ടാണ് ഈ കച്ചവടം നടത്തിയത് എന്ന് പ്രസിദ്ധപ്പെടുത്തിയത് മലയാള മനോരമയാണ്. ആ കണക്ക് അനുസരിച്ച് അഞ്ചുകോടി രൂപ ഇവിടെ ഇവർ കമ്മീഷൻ തട്ടിച്ചിട്ടുണ്ട്. രണ്ടരക്കോടി രൂപ ഇവിടെ ടാക്സ് കുറവാണ്. ഇത് അവിശ്വാസ പ്രമേയത്തിൽ പറഞ്ഞതാണ്.

ഇവിടെ ഇപ്പോഴും ബിവറേജ് കോർപ്പറേഷന്റെ വകയിൽ എത്രയാണ്? എന്തിനാണ് ബിവറേജ് കോർപ്പറേഷൻ ഉണ്ടാക്കിയത്? അഴിമതി നടത്താനല്ലാതെ മറ്റെന്തിനാണ്? 12 കുപ്പിക്ക് 15 രൂപയല്ലേ കമ്മീഷൻ? കേണൽ വാസുദേവൻ, അദ്ദേഹം ഇവിടെ വന്നതല്ലേ? ശ്രീ. അനന്തകൃഷ്ണന്റെ എക്സിക്യൂട്ടീവ് അധികാരം നിങ്ങളും എടുത്തു കളഞ്ഞു. അയാളുടെ സ്റ്റാഫിനെ നിങ്ങളും എടുത്തു, അത് എതിർത്തപ്പോഴും അയാളുടെ കാറ് നിങ്ങളും പിടിച്ചുവച്ചു; അയാളേയും പുറത്താക്കി. ഈ ബിവറേജ് കോർപ്പറേഷൻ എന്നു പറയുന്ന അഴിമതി കോർപ്പറേഷൻ തന്നെ ഇതിനുവേണ്ടി ഉണ്ടാക്കിയതാണ്. ഞാൻ ശ്രീ. ശ്രീനിവാസനോട് ചോദിക്കുന്നു നിങ്ങളും ഒരു പണക്കാരനെന്നു പറയുന്നു, എന്തിനാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൂലിക്ക് കൂട്ടു നിൽക്കുന്നത്; ഈഴവന്റെ നേതൃത്വത്തിൽ ഭരിച്ചിട്ട്? നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് കശുവണ്ടിയോ കയറോ കൈത്തറിയോ, ഈ രാജ്യത്തെ തൊഴിലില്ലായ്മയോ ഒരു പ്രശ്നമല്ല, നിങ്ങൾക്ക് കൃഷിക്കാരന്റെ പ്രശ്നമില്ല, നാളികേരത്തിന്റെ വില യിടിഞ്ഞു. ശ്രീ. കരുണാകരൻ ഇപ്പോഴും പറയും താങ്ങുവില കൊടുക്കു മെന്ന്. കേരളത്തിലെ സമ്പദ്ഘടന മുഴുവൻ തകർക്കുകയാണ്. ഈ രാജ്യത്തിന്റെ സ്ഥിതി എന്താണ്? എന്നിട്ട് ശ്രീ. കരുണാകരൻ പറയു ന്നത് എന്താണ്? താങ്ങുവില കൊടുക്കുമെന്ന്? കേന്ദ്രമന്ത്രി പറയും കൊടുക്കുകയില്ല എന്ന്. ഇനി തെങ്ങിൻമേൽ കയറിയിട്ട് തേങ്ങ താങ്ങണം. അല്ലാതെ വേറെ താങ്ങുവിലയൊന്നും ഇവിടെ കിട്ടുകയില്ല. റോം കത്തി യെരിയുമ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുന്നു എന്നു പറഞ്ഞതു പോലെ കേരളം കത്തുകയാണ്, കേരളം തകരുകയാണ്. കേരളത്തിൽ ഒന്നും ഇനി ബാക്കിയില്ല. ഈ സന്ദർഭത്തിൽ നിങ്ങൾ ആലോ ചിക്കുന്നത്—വേവുന്ന പുരയ്ക്കൽനിന്ന് ഒരു ഈർക്കിൽ കിട്ടിയാൽ ലാഭം' എന്ന് വടക്കേ മലബാറിൽ പറയും—പൊളിയാൻ പോകുമ്പോൾ എന്ത് അഴിമതിയും മോഷണവും നടത്താം എന്നാണ്. അതല്ലാതെ യാതൊരു രാജ്യതാൽപ്പര്യവും നിങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. അതാണ് ഇന്ന് ഈ രാജ്യത്ത് കാണുന്നത്. അതാണ് ഞാൻ നേരത്തേ പറഞ്ഞത് നിങ്ങൾക്ക് ഇവിടെ കശുവണ്ടി പ്രശ്നമുണ്ടോ? നിങ്ങൾക്ക് കൈത്തറി തൊഴിലാളികളുടെ പ്രശ്നമുണ്ടോ? നിങ്ങൾക്ക് കയർ തൊഴിലാളികളുടെ പ്രശ്നമുണ്ടോ? നിങ്ങൾക്ക് ഫിഷർമെന്റെ പ്രശ്നമുണ്ടോ? നിങ്ങൾക്ക് ആർട്ടിസാന്റെ പ്രശ്നമുണ്ടോ? നിങ്ങൾക്ക് ചെത്ത് തൊഴിലാളികളുടെ പ്രശ്നമുണ്ടോ? നിങ്ങൾക്ക് എന്താ പ്രശ്നം? എൻ.ഡി.പി. പ്രശ്നം, നിങ്ങൾക്കെന്താ പ്രശ്നം, എസ്.ആർ.പി. പ്രശ്നം, നിങ്ങൾക്കെന്താ പ്രശ്നം, കേരളാ കോൺ ഗ്രസ് പ്രശ്നം, നിങ്ങൾക്കെന്താ പ്രശ്നം, പിള്ള പ്രശ്നം. ഇതല്ലാതെ വേറെ എന്ത് പ്രശ്നമാണ് ഇപ്പോൾ നിങ്ങൾക്കുള്ളത്? വേറെ വല്ലതുമുണ്ടോ?

ഒരാൾ എന്നോട് നേരത്തെ ലോബിയിൽ വച്ച് പറഞ്ഞു, ഒരു കോഴിയെ കൂട്ടിൽ ഇടുക, എന്നിട്ട് ഒരു മൂർഖൻ പാമ്പിനെ ഇറക്കി വിടുക, എന്നിട്ട് അത് കണ്ടു രസിക്കുക, ഇതുതന്നെയല്ലേ ഇപ്പോൾ ഭരണകക്ഷി ചെയ്യുന്നത്? പറഞ്ഞ ആളിന്റെ പേര് ഞാൻ പറയുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: നമ്മളെല്ലാം ഇരിക്കുമ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയല്ലേ ഇങ്ങനെ പറഞ്ഞത്?

ശ്രീ. എം.വി. രാഘവൻ: അതുകൊണ്ട് ഞാൻ പറയുന്നത് മുഖ്യ മന്ത്രിയെ ഇവിടെ കാണുന്നില്ല, രാഷ്ട്രീയ പ്രതിസന്ധി അതിന്റെ അങ്ങേയറ്റം ഉരുണ്ടുകൂടിയിരിക്കുകയാണ്. അങ്ങു തന്നെ എത്രമിനിട്ട് ഇരിക്കുമെന്ന് പറയാൻ കഴിയുകയില്ല, കാരണം അന്ത്യശാസനത്തിന്റെ അവധി ഇന്നലെ തീർന്നിരിക്കുകയാണ്. നമുക്കെല്ലാം ആശങ്കയുണ്ട്. മൂന്നു പ്രാവശ്യമായി ഇനി നമ്മുടെ മലയാളം ഡിക്ഷണറിയിലെ അന്ത്യ ശാസനം എന്ന വാക്കിന്റെ അർത്ഥംതന്നെ മാറണമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: അന്ത്യശാസനമല്ല, അന്ത്യശ്വാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുകയാണ്, ഏതാണ്ട് ഈ ഭരണം എന്നു പറയുന്നത് ശ്രീ. നഹാ സാഹിബിന്റെ ഓക്സിജൻകൊണ്ടും രക്ഷപ്പെടുന്ന മട്ടില്ല. ശ്രീ. നഹാ സാഹിബും ഇന്നലെ കൈയൊഴിഞ്ഞു. ഇന്നിപ്പോൾ എന്താണ് സ്ഥിതി? അറിയില്ല. ശ്രീ. മൂപ്പനാർ വരുന്നു എന്നാണ് പറയുന്നത്. അപ്പോൾ ശ്രീ. കരുണാകരൻ പറയുന്നത് നിയമം നോക്കണമെന്നാണ്. ശ്രീ. കരുണാകരൻ ഇന്നലെ പത്രക്കാരോട് പറഞ്ഞു ഞാൻ നിയമം ഒന്ന് ഓടിച്ച് നോക്കിയതേയുള്ളൂ. ഓടിച്ചു നോക്കിയാലും മനസ്സിലാകില്ലേ? അതിന് ഒരു തീരുമാനം എടുക്കാതെ രാജ്യത്തെ അനിശ്ചിതത്വത്തിൽ നിറുത്താൻ പാടുണ്ടോ? ശ്രീ. അലക്സാണ്ടറെ ചാരനായി പുറത്താക്കിയ ആൾ എവിടെ വരാനാണ്? അയാളെ വിദേശ ചാരനായി പുറത്താക്കിയില്ലേ? നമ്മുടെ ചീഫ് വിപ്പ് വന്നിട്ടുണ്ട്, എന്താ സ്ഥിതിയെന്നറിയില്ല. അതുകൊണ്ട് ഞാൻ ഇവിടെ ഭരണമുന്നണിയിലെ കക്ഷികളോട് പറയുന്നു.....

ശ്രീ. എം.എം. ഹസ്സൻ: ശ്രീ. അലക്സാണ്ടർ ഈ സഭയിൽ വന്ന് മറുപടി പറയാൻ കഴിയാത്ത ഒരാളാണ്. അദ്ദേഹത്തെ ആര് ചാരനായി ചിത്രീകരിച്ചു എന്നാണ് പറയുന്നത്? ഒരു പത്രത്തിൽ പറയുന്നത് ഇവിടെ വിളിച്ചു പറയാനുള്ളതാണോ? സഭയിൽവന്ന് മറുപടി പറയാൻ പറ്റാത്ത ആളുകളെ നമ്മൾ അപമാനിക്കുന്നത് എന്തിനാണ്? അവർക്ക് ഇവിടെ വന്ന് മറുപടി പറയാൻ പറ്റുമോ? ആരായാലും ബഹുമാന്യരായ ആളുകളല്ലേ, അങ്ങനെയുണ്ടെങ്കിൽ രേഖാമൂലം പറയൂ.

ശ്രീ. എം. വി. രാഘവൻ: സർ, എനിക്ക് അലക്സാണ്ടറോട് യാതൊരു വ്യക്തി വൈരാഗ്യവുമില്ല. എനിക്ക് അലക്സാണ്ടറെ അറിയുകയില്ല. അദ്ദേഹം ശ്രീമതി ഇന്ദിരാഗാന്ധിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നു എന്ന് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്റ്റാഫിൽ പെട്ടവർക്ക് ചാരപ്രവർത്തിയുമായിട്ട് ബന്ധമുണ്ടെന്ന് മനസ്സിലായപ്പോൾ മനസ്സാക്ഷിക്കുത്തുകൊണ്ടാണ് അദ്ദേഹം രാജിവച്ചത്. ഇപ്പോൾ ശ്രീ. ബാലകൃഷ്ണപിള്ള രാജിവച്ചു. നിങ്ങൾക്ക് ധൈര്യമുണ്ടോ അദ്ദേഹത്തെ പുറത്താക്കാൻ? ഇപ്പോൾ നിങ്ങൾ വലിയ ബഡായി പറയുന്നു. പഞ്ചാബ് എങ്കിൽ പഞ്ചാബ് എന്നു പറഞ്ഞ ബാലകൃഷ്ണപിള്ളയെ പുറത്താക്കാൻ നിങ്ങൾക്ക് നട്ടെല്ലുണ്ടോ? ബാലകൃഷ്ണപിള്ള രാജിവച്ച് പുറത്തു പോയതാണ്, അല്ലാതെ നിങ്ങൾ പുറത്താക്കിയതല്ല. ജസ്റ്റീസ് രാധാകൃഷ്ണമേനോന്റെ പരാമർശത്തിൽ മനസ്സാക്ഷിക്കുത്ത് തോന്നിയപ്പോൾ ശ്രീ. ബാലകൃഷ്ണപിള്ള രാജിവച്ചതാണ്. ഈ വമ്പൻമാരാണോ ശ്രീ. കരുണാകരനാണോ അദ്ദേഹത്തെ പുറത്താക്കിയത്? ബാലകൃഷ്ണപിള്ള വിചാരിച്ചത് അതല്ല. മനസ്സാക്ഷിക്കുത്തല്ലേ ഒരാഴ്ച കഴിയുമ്പോൾ മടങ്ങിവരാമെന്നാണ് ശ്രീ. മാണിയും ജോസഫുമെല്ലാം പറഞ്ഞു. അത് നടപ്പിലാക്കാൻ ഇത്ര പ്രയാസമുണ്ടെന്ന് ബാലകൃഷ്ണപിള്ള മനസ്സിലാക്കിയിട്ടില്ല. അദ്ദേഹത്തിന് മനസ്സാക്ഷിയില്ലെന്ന അഭിപ്രായം എനിക്കില്ല. ഹസ്സനോട് എനിക്ക് പറയാനുള്ളത് ഈ രാജ്യം ഇന്ന് അങ്ങനെയാണെന്നാണ്. ഹസ്സൻ ചോദിച്ചതുകൊണ്ട് ഞാൻ പറഞ്ഞതാണ്. നിങ്ങളുടെ ഗവൺമെന്റാണ് ബാലകൃഷ്ണപിള്ളയെ പുറത്താക്കിയത്. ധൈര്യമുണ്ടെങ്കിൽ, നട്ടെല്ലുണ്ടെങ്കിൽ അനിശ്ചിതമായിട്ടുള്ള ഈ രാഷ്ട്രീയ പ്രതിസന്ധി നീട്ടിക്കൊണ്ടു പോയിക്കൂടാ. ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടെന്നു പറയാൻ സാധിക്കുകയില്ല. അത്രയും അനാഥമായിട്ടുള്ള ഒരു സ്ഥിതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുള്ളത്. മുഖ്യമന്ത്രി കരുണാകരനേയും മറ്റ് മന്ത്രിമാരേയും ഇവിടെ കാണുന്നില്ല. അവർ ഇതിനെപ്പറ്റി പറയണം. നിയമസഭയിൽ നടക്കുന്ന ഗൗരവമായ സ്ഥിതിയാണ്. ബാലകൃഷ്ണപിള്ളയെ എടുക്കുമോ ഇല്ലയോ എന്ന് പറയണം. ബാലകൃഷ്ണപിള്ള കുറ്റക്കാരനാണെന്നാണ് പത്രം പറയുന്നത്. ലാ സെക്രട്ടറി കുറ്റക്കാരനാണെന്നാണ് മറ്റൊരാൾ പറഞ്ഞത്. ശ്രീ. കരുണാകരൻ പറയുന്നത് നിയമം പഠിക്കണമെന്നാണ്. ഇവിടെ നിങ്ങൾ തമ്മിൽ മുഖംതിരിഞ്ഞ് ഇരിക്കുന്നു. ഇത്രയും ഗുരുതരമായിട്ടുള്ള രാഷ്ട്രീയ സ്ഥിതിയിൽ ഈ ബില്ലിനെപ്പറ്റി പ്രസംഗിക്കുമ്പോഴായാലും പറയാതിരിക്കാൻ കഴിയുമോ? ഭരണബഞ്ചിലിരിക്കുന്നവരോട് എനിക്ക് ചോദിക്കുവാനുള്ളത്, നിങ്ങൾ ഭരിക്കുമോ, ഇരിക്കുമോ, നിങ്ങൾക്ക് യോജിപ്പുണ്ടോ എന്നാണ്. മരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ ഇരിക്കാനല്ല പോകുന്നത്. അതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളുടെ ഒരു ജീവൽ പ്രശ്നവും പരിഹരിക്കാതെ, അഴിമതിയും ധൂർത്തും മാത്രം കൈമുതലാക്കിയിട്ടുള്ള നിങ്ങൾ ജാതിയും മതവും വർഗ്ഗീയതയും പറഞ്ഞ് ഈ രാജ്യത്തെ ഒരു കശാപ്പു ശാലയാക്കി മാറ്റുകയാണ്. എന്നിട്ട് മോഷണം നടത്താമെന്നാണ് നിങ്ങൾ വിചാരിച്ചത്. അതും സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതിയിലാണ് ഇപ്പോൾ ബാലകൃഷ്ണപിള്ള പ്രശ്നം. കോൺഗ്രസ്സ് പാർട്ടിക്ക് ധൈര്യമുണ്ടെങ്കിൽ.....

ശ്രീ. പി.പി. തങ്കച്ചൻ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെക്കുറിച്ച് എപ്പോഴാണ് സംസാരിക്കുന്നത്?

ശ്രീ. എം.വി. രാഘവൻ: നിങ്ങളുടെ അങ്കമാലിയിലെ പരമ്പരാഗത വ്യവസായത്തെപ്പറ്റി പറയാം. പനമ്പ് വ്യവസായം കുഴപ്പത്തിലാണ്. അവിടെ തൊഴിലാളികൾക്ക് പണിയില്ല. അതുപോലെതന്നെ കേന്ദ്ര ഗവൺമെൻറിന്റെ ഇറക്കുമതിയുടെ ഫലമായിട്ട് പെരുമ്പാവൂരിലെ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടി. തങ്കച്ചൻ തന്നെയല്ലേ എന്നോട് പറഞ്ഞത് റൂൾ 62 ഒന്ന് കൊടുത്തു രാഘവാ എന്ന്. ആയിരം തൊഴിലാളികൾക്ക് അവിടേയും പണിയില്ല. താലൂക്ക് തോറും വ്യവസായം ഉണ്ടാക്കുമെന്ന് പറഞ്ഞു. ശ്രീ. അഹമ്മദ് വ്യവസായം നടത്തി നടത്തി മുടിച്ചു.

ശ്രീ. എം.എം. ഹസ്സൻ: സർ, കഴിഞ്ഞ മൂന്നുവർഷമായി നടത്തുന്ന ഈ പരമ്പരാഗത പ്രസംഗം അവസാനിപ്പിക്കുമോ?

ശ്രീ. എം.വി. രാഘവൻ: ഹസ്സനു അസ്സലായിട്ട് അറിയുകയില്ലേ. പിന്നെ എന്തിനാണ് എന്നോട് പറയുന്നത്? അതുപോലെതന്നെ പ്രത്യാഘാതം ഉളവാക്കുന്ന രാഷ്ട്രീയ സ്ഥിതിഗതി വരുമ്പോൾ ബില്ലിന്റെ പരിധിയിൽ ആയാലും പറയേണ്ടിവരും. നിങ്ങൾ മിണ്ടുന്നില്ല. ഒന്നുകിൽ ബാലകൃഷ്ണപിള്ളയെ നീക്കുമെന്ന് ധൈര്യമായിട്ട് പറയണം, അല്ലെങ്കിൽ നിർത്തുമെന്ന് പറയണം. ഞങ്ങളുടെ വല്ല സഹായവും വേണോ. ബില്ലിൽ പറയേണ്ട എന്നു പറഞ്ഞാൽ ഇപ്പോൾ ബില്ലിന്റെ ചർച്ചയല്ലേ നടക്കുന്നത്? നിങ്ങൾ ഇടയ്ക്ക് കയറി രാഷ്ട്രീയം ചോദിക്കും; ഞാൻ പറയും.

ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ശ്രീ. മാണി വന്നില്ല. കേരള കോൺഗ്രസ്സിന്റെ റെപ്രസൻറേറ്റീവ് ഉണ്ടായിട്ടില്ല. അവർ അത് ബോയ്ക്കോട്ട് ചെയ്തിരിക്കുകയാണ്. നാളെ അസംബ്ലി ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കുമെന്നു പറയാൻ സാധിക്കുകയില്ല. ശ്രീ. കരുണാകരനായതുകൊണ്ട് കസേര പോകാതിരിക്കുവാൻ നോക്കും. അതല്ലാതെ വേറെയൊന്നും ഇതിനെപ്പറ്റി പറയാനില്ല. ഈ രാജ്യത്തെ പരമ്പരാഗത വ്യവസായം കയറായാലും കൈത്തറി ആയാലും കശുവണ്ടി വ്യവസായമായാലും ചെത്തുവ്യവസായമായാലും ബീഡി വ്യവസായമായാലും ഇതിനെ രക്ഷിക്കാൻ ശ്രമിക്കാതെ അതിനെ നാശത്തിലേക്ക് നയിക്കാനാണ് ശ്രമിക്കുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഈ ഗവൺമെന്റിന്റെ കൊള്ളരുതാത്ത നയത്തെ മാറ്റുന്നതിനുള്ള ജനങ്ങളുടെ ഒരു പ്രസ്ഥാനം കേരള വ്യാപകമായി നടക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത് പരമ്പരാഗത വ്യവസായത്തെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു ജാഥ മിനിഞ്ഞാന്ന് കാസർകോട്ട് ഉദ്ഘാടനം ചെയ്യപ്പെട്ടു. അതുപോലെ തന്നെ തിരുവനന്തപുരത്തും ഇമ്പിച്ചിബാവയുടെ നേതൃത്വത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ രാജ്യത്തെ ജനങ്ങൾ നിങ്ങളെ വെറുതെവിടാൻ പോകുന്നില്ല. നിങ്ങൾ തമ്മിലടിച്ചുകൊണ്ട് ജനശ്രദ്ധ തിരിച്ചുവിടാൻ എടുക്കുന്ന ഈ വിദ്യ അവസാനിപ്പിക്കണം. യഥാർത്ഥ ജനകീയ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി ജനങ്ങളുടേതായിട്ടുള്ള വേലിയേറ്റം സൃഷ്ടിക്കാനാണ് ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ആയാലും ഇടതുപക്ഷ ജനാധിപത്യ കക്ഷികളായാലും ശ്രമിക്കുന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഇപ്പോൾ ജനങ്ങളെ വഞ്ചിച്ച് രാജ്യം ഭരിക്കാമെന്ന് വിചാരിച്ചുകൊണ്ട് ഈ രാജ്യം ഭരിക്കേണ്ട.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: സർ, ഇവിടെ പറഞ്ഞതുപോലെ വളരെ ചെറിയ ഒരു കാര്യത്തെപ്പറ്റിയുള്ള ഒരു ചെറിയ ഭേദഗതി ബില്ലാണിത്. ഇത് പാസ്സാക്കുന്നതുകൊണ്ട് വലിയ ഭയങ്കരമായ മാറ്റമൊന്നും വരാൻ പോകുന്നില്ല. അതുകൊണ്ട് ഞാൻ വളരെ വിശദമായി പ്രശ്നത്തിലേക്ക് പോകുന്നില്ല. ഒരു കാര്യം മാത്രമേ എനിക്ക് പറയുവാനുള്ളൂ. ഈ ബിൽ പാസ്സാക്കണം. പക്ഷേ ഈ ബിൽ പാസ്സാക്കുന്നതിൽ കൂടി കശുവണ്ടി വ്യവസായത്തിനോ ഈ രാജ്യത്തെ വ്യവസായ രംഗത്തിനോ എന്തെങ്കിലും കാര്യമായ മാറ്റം വരുമെന്ന പ്രതീക്ഷിയിലല്ല പാസ്സാക്കണമെന്നു പറയുന്നത്. ഇത് പത്താംകിട പ്രശ്നമാണ്. പത്താംകിട പ്രശ്നങ്ങൾക്ക് എത്ര പ്രാധാന്യം കൊടുത്താലും അതുകൊണ്ട് കാര്യം തീരുകയില്ലല്ലോ. കശുവണ്ടി വ്യവസായം വളരെ ഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ സർക്കാർ വന്നതിനുശേഷം ആ പ്രതിസന്ധി തീർക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ യാതൊരു നടപടികളും സ്വീകരിച്ചില്ല എന്നു മാത്രമല്ല, സ്വീകരിച്ച നടപടികൾ പ്രശ്നം കൂടുതൽ ഗുരുതരമാക്കുന്നതിനാണ് ഉപകരിച്ചിട്ടുള്ളത്. കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി ഈ സർക്കാർ ഉണ്ടാക്കിയതാണെന്ന് ഞങ്ങളാരും പറയുന്നില്ല. ഇതിന് മുൻപ് ഇരുന്ന സർക്കാർ ഉണ്ടാക്കിയതാണെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾ പറഞ്ഞാലും സത്യവുമായിട്ട് അതിന്; യാതൊരു ബന്ധവുമില്ല. വളരെ നീണ്ട ചരിത്രം ഉള്ളതാണ് അത്. എന്നാൽ ഈ ചരിത്രത്തെ സംബന്ധിച്ച് എനിക്ക് മുൻപ് ഇവിടെ സംസാരിച്ച ചില ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ ചില അഭിപ്രായങ്ങളോട് യോജിക്കാൻ നിർവ്വാഹമില്ല. കശുവണ്ടി വ്യവസായത്തിന് പ്രതിസന്ധി വന്നത് തൊഴിലാളികൾ കൂടുതൽ കൂലി ചോദിക്കുകയും വാങ്ങുകയും ചെയ്തതുകൊണ്ടാണ്, പ്രധാനമായിട്ടും അതുകൊണ്ടാണ് കശുവണ്ടി വ്യവസായം കേരളം വിട്ട് മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോകുന്നത് എന്ന് വാദിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

വസ്തുതകൊണ്ട് നിരക്കുന്നതല്ല. വ്യവസായത്തിന് ഒരു പ്രത്യേക സ്വഭാവമുണ്ട്. ഈ ഭേദഗതി ബില്ലിലെ ലക്ഷ്യം കശുവണ്ടി ഫാക്ടറികളും ഗവൺമെന്റ് ഏറ്റെടുക്കുകയെന്നുള്ളതാണ്. വേറെയൊരു ബില്ലും കൂടിയുണ്ട്. നാളെ അതിന് ഭേദഗതി വരുന്നുണ്ട്. നാളെയെടുക്കാൻ പോകുന്ന ബിൽ കശുവണ്ടി ഫാക്ടറികളും അക്വയർ ചെയ്യുന്നതിനും വിലയ്ക്കെടുക്കുന്നതിനെ സംബന്ധിച്ചുമുള്ള ഒരു ഭേദഗതി നിയമമാണ്. റിക്വിസിഷൻ ചെയ്യുന്നതുകൊണ്ടോ അക്വിസിഷൻ നടത്തുന്നതുകൊണ്ടോ മാത്രം തീരുന്നതല്ല ഈ പ്രശ്നം. ഇത് എപ്പോഴേ തീർക്കേണ്ടതായിരുന്നു. കശുവണ്ടി വ്യവസായത്തിന് ചില പ്രത്യേക സ്വഭാവങ്ങളുണ്ട്. കശുവണ്ടി ഫാക്ടറി എന്നു പറഞ്ഞാൽ കുറെ ഭൂമിയും ആ ഭൂമിയിൽ ചില ഷെഡ്ഡുകളും വറുക്കാനുള്ള തകരപ്പാട്ടയും മറ്റു ചില ഉപകരണങ്ങളും അതിന് അനുസരണമായിട്ടുള്ള മറ്റ് പല ഉപകരണങ്ങളുമാണ്. ഫിക്സഡ് അസറ്റ് എന്നു പറയുന്നതിന് ഈ വ്യവസായത്തിൽ പ്രാധാന്യമില്ല. കശുവണ്ടി ഫാക്ടറി എന്നു പറയുന്ന സ്ഥാപനത്തിൽ പ്രധാനപ്പെട്ട സ്ഥാനം തോട്ടണ്ടിക്കാണ്. ടാൻജിബിലും അസറ്റുകളിൽ പ്രധാനപ്പെട്ടത് തോട്ടണ്ടിയാണ്. തോട്ടണ്ടിയുടെ കാര്യത്തിൽ മറ്റ് വിധത്തിലുള്ളതുപോലെ യന്ത്രസാമഗ്രികളും ഇല്ലാത്തതുകൊണ്ടോ, നല്ല ഫാക്ടറികളും കെട്ടി ഉയർത്തത്തക്കവണ്ണം മൂലധനം ഇല്ലാത്തതുകൊണ്ടോ കമ്പോളം ഇല്ലാത്തതുകൊണ്ടോ ആണ് കശുവണ്ടി വ്യവസായത്തിൽ പ്രതിസന്ധിയുള്ളത് എന്നു പറഞ്ഞാൽ അത് വസ്തുതയല്ല. ഇന്ന് ഇന്ത്യയിലെ കശുവണ്ടി വ്യവസായത്തിലെ മുഖ്യ പ്രശ്നം കേരളത്തിലായാലും കർണ്ണാടകത്തിലായാലും തമിഴ്നാട്ടിലായാലും കമ്പോള പ്രശ്നത്തിനേക്കാൾ ഉപരി തോട്ടണ്ടിയുടെ പ്രശ്നമാണ്.

സർ, വാസ്തവത്തിൽ കശുവണ്ടി വ്യവസായത്തെ ബാധിച്ചിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നയത്തിന്റെ കാതലായ ഭാഗം എന്താണെന്നു നമുക്കറിയാം. മുൻപ് ശ്രീ. ടി.വി. തോമസ്സിന്റെ കാലത്തും ശ്രീ. അച്യുതമേനോന്റെ കാലത്തുമൊക്കെ സ്വീകരിച്ചിരുന്ന ഒരു നയമുണ്ട്. അത് ഈ കോർപ്പറേഷനിലെ തൊഴിലാളിക്ക് തൊഴിലെടുക്കാൻ തോട്ടണ്ടി കിട്ടും എന്നു ഉറപ്പു വരുത്തുന്ന ഒരു നയമായിരുന്നു. വെളിയിൽ നിന്നു ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി മുഴുവൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ വിതരണം നടത്തുക, ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി മുഴുവൻ കുത്തകാടിസ്ഥാനത്തിൽ സംഭരിക്കുക എന്നതായിരുന്നു അന്നത്തെ നയത്തിന്റെ പ്രധാനപ്പെട്ട ഭാഗം. അത് ഇന്നു മാറിയിരിക്കുകയാണ്. അതു മാറിയിട്ട് പ്രയോഗത്തിൽ ഇഷ്ടംപോലെ തോട്ടണ്ടി വാങ്ങാൻ സൗകര്യം കൊടുത്തു. കുത്തകസംഭരണത്തിനു പകരം ലെവി സമ്പ്രദായം ഏർപ്പെടുത്തി. ഇന്നു സ്ഥിതി എന്താണ്? ലെവി സമ്പ്രദായം ഏർപ്പെടുത്തി ഇഷ്ടം പോലെ തോട്ടണ്ടി വാങ്ങാനുള്ള സ്വാതന്ത്ര്യം സ്വകാര്യമുതലാളിമാർക്കു കൊടുത്തതിന്റെ ഫലമായി കൊല്ലം ജില്ലയിൽ മാത്രം ഏതാണ്ട് തൊണ്ണൂറോളം ഫാക്ടറികളിലായി 35000 പേർക്ക് തൊഴിലില്ല. ഇത് പ്രശ്നത്തിന്റെ ഒരു വശമാണ്. മറുവശത്ത് കശുവണ്ടി കോർപ്പറേഷൻ വകയായി ആകെയുള്ള 34 ഫാക്ടറികൾക്ക് 1985–ൽ ആകെ 20 ദിവസത്തെ ജോലിയാണ് കിട്ടിയിട്ടുള്ളത്. നാലോ അഞ്ചോ മാസമായിട്ട് ആകെ കിട്ടിയത് 20 ദിവസത്തെ ജോലിയാണ്. കൊല്ലം പ്രദേശത്തും പരിസരത്തുമായി എൺപതോളം ഫാക്ടറികൾ പൂട്ടിക്കിടക്കുന്നു. അങ്ങനെ പൂട്ടിക്കിടക്കുന്ന ഫാക്ടറികളിൽ 65 എണ്ണം 4 വർഷമായി പൂട്ടിക്കിടക്കുകയാണ്. എന്തായാലും ഇപ്പോഴത്തെ പ്രശ്നം വ്യവസായശാലകൾ തെക്കൻതിരുവി

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളോട് സർക്കാർ പെരുമാറുന്നതിന്റെ ഒരു സൂചന മാത്രം പറയാം. ബോണസ് കൊടുക്കാൻ ഒപ്പിടുന്നതിന് വിസമ്മതിച്ചത് സർക്കാരിന്റെ കശുവണ്ടി വികസന കോർപ്പറേഷൻ മാത്രമാണ്. സ്വകാര്യ മുതലാളിമാർ വരെ ഒപ്പിട്ടപ്പോഴും കശുവണ്ടി വികസന കോർപ്പറേഷൻ മാത്രം ഒപ്പിട്ടില്ല. ബോണസ് കൊടുക്കുന്നതിന് നിയമം ഉണ്ട്. ആ നിയമത്തിൽ പറയുന്നത് പ്രത്യേകം ബാലൻസ്ഷീറും നിരവധി യൂണിറുകളുമുള്ള വ്യവസായത്തിൽ ആ യൂണിറുകളുടെ അടിസ്ഥാനത്തിൽ വേണം ബോണസ് തീരുമാനിക്കാനെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 100 ഫാക്ടറികളും ഉണ്ടെങ്കിൽ ആ 100 ഫാക്ടറികളിലെ ഓരോ യൂണിറും പ്രത്യേകം പ്രത്യേകം ബോണസ് കൊണ്ടും തീരുമാനിക്കേണ്ടതാണ് എന്നാണ് പറയുന്നത്. പക്ഷേ കശുവണ്ടി വ്യവസായത്തിൽ, ഇന്ന് അതിനു നേരെ വിപരീതമായാണ് തൊഴിൽകാര്യമന്ത്രി കാര്യങ്ങൾ നടത്തുന്നത്. ഇതു ദ്രോഹപരമായ ഒരേർപ്പാടാണ്. ഇ.എസ്.ഐ. ബാധകമല്ല എന്നു ശാഠ്യം പിടിക്കുന്ന നിലപാടാണ് ഒരു പൊതുമേഖലാസ്ഥാപനവും അതിന്റെ ശാഖയായി കശുവണ്ടി വികസന കോർപ്പറേഷനോടൊപ്പം നിൽക്കുന്ന കാപ്പെക്സ് എന്നു പറയുന്ന സഹകരണ വിഭാഗവും സ്വീകരിച്ചിരിക്കുന്നത്. ഇവിടെ പലരും ഇക്കാര്യം പറഞ്ഞതു കൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അത് ശ്രീ. കൃഷ്ണകുമാറും മന്ത്രിയും തമ്മിലുള്ള വ്യക്തിപരമായ മൽസരമാണോ അതോ മറെറന്തെങ്കിലും വിദ്വേഷമാണോ എന്നൊന്നും ഞാൻ പറയുന്നില്ല. എന്തായാലും എഗ്രിമെൻറ് അംഗീകരിക്കുന്നതിനു ശിക്ഷയായി ബോർഡ് പിരിച്ചു വിടുക എന്ന പാതകം അവർ ചെയ്തു. ഇവരുടെ തൊഴിലാളികളോടുള്ള സമീപനം ഇതാണ്. കുടിവറുപ്പ് സാർവ്വത്രികമായി മാറിയിരിക്കുക

തമിഴ്നാട്ടിലേയ്ക്കോ കന്യാകുമാരിയിലേയ്ക്കോ മാറുന്നതല്ല. കാരണം ഇപ്പോഴും കന്യാകുമാരിയിലേപ്പോലെ തന്നെ കൊല്ലത്തും ഇഷ്ടം പോലെ വിലസാൻ മുതലാളിമാർക്ക് സൗകര്യം കൊടുത്തിരിക്കുകയാണ്. ഇപ്പോഴും ഈ വ്യവസായത്തിന്റെ പ്രശ്നം മൈഗ്രേഷൻ ആണെന്നു പറയുന്നത് ഒരു പുകമറ സൃഷ്ടിക്കാൻ മാത്രമാണ്. ഒരുപക്ഷേ അവിടത്തേക്കാളും സ്വാതന്ത്ര്യവും സൗകര്യവുമാണ് കശുവണ്ടി മുതലാളിമാർക്ക് ഇവിടെയിപ്പോഴും കിട്ടിയിരിക്കുന്നത്. കശുവണ്ടി മുതലാളിമാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ഇപ്പോഴും ചെയ്തിട്ടുള്ളതെന്ന് അറിയാമോ? 1982–83ൽ 5 കോടി രൂപയുടെ നികുതിയിളവ് കൊടുത്തു. അത് യാദൃശ്ചികമായി ചെയ്തതല്ല. ഈ ഗവൺമെൻറിന്റെ നയം അതാണ്. കശുവണ്ടി വ്യവസായം ദേശസാൽക്കരിക്കുക എന്നു പറയുമ്പോഴും ഈ രാജ്യത്തെ ഹെവി ഇൻഡസ്ട്രീസായ ലോഹ വ്യവസായം, യന്ത്രനിർമ്മാണ വ്യവസായം തുടങ്ങിയവ ദേശസാൽക്കരിക്കുക എന്നു പറയുന്ന അർത്ഥത്തിലല്ല, ഉദ്ദേശത്തോടെയല്ല പറയുന്നത്. ഇതൊക്കെ ദേശസാൽക്കരിക്കുന്നത് ഈ രാജ്യത്തെ തൊഴിലാളികളുടെ സുസ്ഥിതിയ്ക്കും വളർച്ചയ്ക്കുമൊക്കെ ഒരു പ്രധാനപ്പെട്ട ആവശ്യം എന്നുള്ള നിലയ്ക്കാണ്. കശുവണ്ടി വ്യവസായം കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഏറെറടുക്കുക എന്നു പറയുമ്പോഴും അമേരിക്കയിലിരിക്കുന്ന സായിപ്പിന് തിന്നാൻ പാകത്തിൽ അണ്ടി അവിടെ എത്തിക്കുക എന്നുള്ളതല്ല അതിന്റെ ലക്ഷ്യം. അതിന്റെ പ്രധാനപ്പെട്ട ഉദ്ദേശം ഒരു ലക്ഷത്തോളം വരുന്ന പിന്നോക്കവിഭാഗത്തിലും ഹരിജനവിഭാഗത്തിലുംപെട്ട തൊഴിലാളികൾക്ക് ജീവിക്കാൻ സൗകര്യം കൊടുക്കുക എന്നുള്ളതാണ്. അതാണ് കശുവണ്ടി ഫാക്ടറികളും ദേശസാൽക്കരിക്കുന്ന നടപടി സ്വീകരിക്കുമ്പോഴുള്ള മുഖ്യമായ ഉന്നം. കശുവണ്ടി വ്യവസായത്തിനു ''സ്ട്രാറ്റജിക് ഇമ്പോർട്ടൻസ്'' ഉണ്ടെന്ന് ആരും വാദിക്കുകയില്ല. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അതിന്റെ ഡീറ്റെയിൽസൊക്കെ എനിക്കുശേഷം സംസാരിക്കുന്ന, കശുവണ്ടിയുമായി നേരിട്ടു ബന്ധമുള്ള അംഗങ്ങൾ പറയുമായിരിക്കും. അതുകൊണ്ട് ഞാൻ ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും അതിനുമുമ്പുണ്ടായിരുന്ന അച്യുതമേനോൻ ഗവൺമെന്റും സ്വീകരിച്ചിരുന്ന പൊതു നയത്തിൽനിന്നു ഒരു പുറകോട്ടുപോക്കാണ് ഇപ്പോഴം. തൊഴിലാളി നയത്തെ സംബന്ധിച്ച് ആകെ വരുത്തിയിരിക്കുന്ന ഒരു പുറകോട്ടുപോക്കിന് ഉത്തമോദാഹരണമാണിത്. തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുത്തതുകൊണ്ടാണ് ഉൽപ്പാദനച്ചെലവ് (cost) കൂട്ടിയതുകൊണ്ടാണ്, പ്രൊഡക്റ്റിവിറ്റി ഇല്ലാത്തതുകൊണ്ടാണ് എന്നൊക്കെ ശ്രീ. ഹസ്സൻ ഇവിടെ പ്രസംഗിക്കുന്നതുകേട്ടു. ഇതെല്ലാം മുദ്രാവാക്യംപോലെ എന്തിനാണ് ആവർത്തിക്കുന്നത്? കോസ്റ്റെന്നും പ്രൊഡക്റ്റിവിറ്റിയെന്നും കശുവണ്ടിയെപ്പോലെയുള്ള ഒരു വ്യവസായത്തിനെ സംബന്ധിച്ചു പറയണോ? ഈ വ്യവസായത്തിൽ ഈ ഇംഗ്ലീഷ് വാക്കുകളൊക്കെ ഉപയോഗിച്ച് പുക പരത്തുന്നതെന്തിനാണ്? ഇത് സ്പെക്കുലേറ്റീവായിട്ടുള്ള ഒരു വ്യവസായമാണ്. ഊഹക്കച്ചവടമാണ് ഇതിലുള്ളത്. പണം മുടക്കി മുൻകൂട്ടി തോട്ടണ്ടി വാങ്ങി ശേഖരിച്ചിട്ട് കച്ചവടം നടത്താൻ സാമ്പത്തികശേഷിയുള്ള മുതലാളിമാർക്കേ കഴിയുകയുള്ളൂ. അല്പാത്തവന് ഈ കച്ചവടത്തിൽ തോൽക്കാനേ കഴിയൂ. ഊഹക്കച്ചവടം നടത്തി മറ്റൊരുത്തന്റെ കഴുത്തറക്കുന്ന ഈ വ്യവസായത്തിൽ ഉൽപ്പാദനച്ചെലവ് ചുരുക്കണമെന്നും മറ്റുമൊക്കെ പറയുന്നതെന്തിനാണ്? ഭീമമായ ലാഭം ഉണ്ടാക്കാൻ കഴിയുന്ന ഒരു ചൂതുകളിയാണീ വ്യവസായം. ഈ കളിയിൽ നല്ല ശീലമില്ലാത്തവർക്ക് ഭീമമായ നഷ്ടം വരും. മൽസരം പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിലാകുമ്പോഴം സ്വകാര്യമേഖല കള്ളവും കാപട്യവും കാണിച്ച് ചരടുവലികളം നടത്തി ലാഭമുണ്ടാക്കുന്നതിനു സാദ്ധ്യതയുണ്ട്. അതുകൊണ്ട് പൊതുമേഖലക്ക് നഷ്ടം വരും. ഇവിടെ പൊക്കിപ്പിടിക്കുന്ന ഒരു സംഗതി കാഷ്യൂഡെവലപ്പ്മെന്റ് കോർപ്പറേഷന് 28 കോടി രൂപ നഷ്ടം വന്നു എന്നാണ്. ഇതു തൊഴിലാളിക്ക് കൂലി കൊടുത്തതുകൊണ്ടോ കോസ്റ്റ് ശരിയാകാത്തതുകൊണ്ടോ പ്രൊഡക്റ്റിവിറ്റി ഇല്ലാത്തതുകൊണ്ടോ ആണെന്നു വാദിക്കുന്നതു ശരിയല്ല. വാസ്തവത്തിൽ ഇവിടെ മുതലാളിമാരെ സഹായിക്കുന്ന നയത്തിന് കളം ഒരുക്കുകയാണ്. അതാണ് ഈ ഗവൺമെന്റ് ചെയ്തിരിക്കുന്നത്. കയർ രംഗത്തായാലും സ്ഥിതി ഇതുതന്നെയാണ്. കയർ സഹകരണസംഘങ്ങളം എല്ലാം കുഴപ്പത്തിലാണ്. കയർ, കശുവണ്ടി, നെയ്ത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന 50 ലക്ഷം തൊഴിലാളികളുടെ ഗതി അധോഗതിയാകത്തക്ക വിധത്തിൽ ഈ വ്യവസായങ്ങളം എല്ലാം തകർന്നിരിക്കുകയാണ്. ആ വിധത്തിലുള്ള ജനദ്രോഹകരമായ സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

സർ, Speculation—ഊഹക്കച്ചവടത്തിനു ഒരു ഉദാഹരണം ഞാൻ പറയുകയാണ്. 1984—ൽ ചോദിച്ച വിലകൊടുത്ത് അണ്ടി വാങ്ങി ശേഖരിച്ചു. അങ്ങനെ ചോദിച്ച വിലക്ക് അണ്ടി വാങ്ങി ശേഖരിച്ചതിന്റെ ഫലമായി സീസൻ കഴിഞ്ഞ് ആ പ്രൊഡക്ട് മാർക്കറ്റിൽ കോമ്പറ്റീറ്റീവ് ആയിട്ടു വിൽക്കാൻ നമുക്കു കഴിയാതെ വന്നു. നമുക്കു നഷ്ടമുണ്ടായി. ഈ നഷ്ടം നേരത്തെ പറഞ്ഞതുപോലെ നയം മാറ്റുന്നതിന് ഒരു പുകമറയായി ഉപയോഗിച്ചു. അടുത്തകൊല്ലം വളരെ കുറഞ്ഞതോതിൽ അണ്ടി വാങ്ങിച്ചു കുറച്ചു ഉൽപ്പാദിപ്പിച്ചു. വളരെ കുറഞ്ഞവിലയ്ക്ക് വാങ്ങിച്ചതിന്റെ ഫലമായിട്ട് അന്ന് കൂടുതൽ നഷ്ടം. ഒന്നും ചെയ്യാൻ കഴിയാതെ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഓരോ സീസണിലും അങ്ങോട്ടുമിങ്ങോട്ടും റാ മെറ്റീരിയൽസ് വാങ്ങുന്നതിന്റെ ഫലമായിട്ട് അതിൽ കാണിക്കുന്ന ഊഹക്കച്ചവടം, ചൂതുകളി, ഇതാണ് ഈ വ്യവസായത്തെ ആകമാനം ബാധിച്ചിരിക്കുന്ന ശാപം. ഇതിന് തൊഴിലാളികളുടെ തലയിൽ, ട്രേഡ് യൂണിയനുകളുടെ തലയിൽ കുറ്റം മുഴുവനും ചുമത്തി ഈ വ്യവസായത്തിലെ ക്രൈസിസ് തുടർന്നുകൊണ്ടുപോകുന്നതിനു ഇടയാക്കുന്ന ഒരു നയം ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. കാപ്പെക്സിലേയും മറ്റു കശുവണ്ടി കോർപ്പറേഷനുള്ള ഫാക്ടറികളിലെ തന്നെ സ്ഥാപനങ്ങൾ തന്നെയും തുടർന്നു നടത്തുന്നില്ല. കാപ്പെക്സ് കഴിഞ്ഞകൊല്ലം ഏഴ് ഫാക്ടറികളാണ് ഏറ്റെടുത്തിരുന്നത്. ആ ഏഴ് ഫാക്ടറികളിൽ വളരെക്കുറച്ച് തൊഴിലാളികളേ ജോലി ചെയ്യുന്നുള്ളൂ. ബാക്കി പൂട്ടിക്കിടക്കുന്ന ഫാക്ടറികളും കാപ്പെക്സിന്റെയും കോർപ്പറേഷന്റേയും പുറമേയാണ്. അതങ്ങനെ കിടക്കുന്നു. അതങ്ങനെ കിടക്കുകയല്ലാതെ ആ തൊഴിലാളികൾക്ക് ഇനി രക്ഷ കിട്ടുകയില്ല. ഒരു ശ്മശാനത്തിന്റെ നിലയിലാണ് ഈ കശുവണ്ടി മേഖലയാകെ പോയി നോക്കിയാൽ കാണാൻ കഴിയുക. അതിനൊന്നും പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ റികവിസിഷൻ ചെയ്യുന്നതിന് അഞ്ചേ അഞ്ചു കൊല്ലത്തെ കാലയളവു വച്ചിട്ട് വീണ്ടും വീണ്ടും നീട്ടുന്നതിന് ഈ സഭ പാസ്സാക്കിക്കൊടുക്കുന്നതുകൊണ്ടു കശുവണ്ടി വ്യവസായ രംഗത്തിലെ കാതലായ പ്രശ്നങ്ങൾക്കൊന്നിനും തന്നെ പരിഹാരം ഉണ്ടാവുകയില്ല. പരിഹാരം ഉണ്ടാകണമെന്നുണ്ടെങ്കിൽ പണ്ട് ചെയ്തതുപോലെ തോട്ടണ്ടി ശേഖരിക്കുന്നതിൽ കുത്തക സംഭരണം പുനഃസ്ഥാപിക്കണം. പണ്ടു ചെയ്തതുപോലെ പുറത്തുനിന്നുമുള്ള ഇറക്കുമതി മുഴുവൻ ഗവൺമെന്റിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിൽ ആക്കിത്തീർക്കണം. ഫുള്ളായിട്ട് കാനലൈസ് ചെയ്യണം. അതിന്റെ ഡിസ്ട്രിബ്യൂഷൻ മുമ്പ് ചെയ്തിരുന്നതുപോലെതന്നെ ഓരോ ഫാക്ടറിയിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നടത്താൻ കഴിയണം. അതുപോലെ മറ്റാരും നടപ്പിലാക്കിയില്ലെങ്കിലും സർക്കാരിന്റെ ബോണസ് നിയമം ആയാലും ഇ.എസ്.ഐ. നിയമമായാലും മിനിമം വേജസ് നിയമമായാലും മറ്റ് ബന്ധപ്പെട്ട നിയമങ്ങളായാലും നടത്തിയേ തീരൂവെന്ന് നിഷ്കർഷിക്കുവാൻ കാപ്പെക്സിന് നിർദ്ദേശം കൊടുക്കുവാനും അവരതു പാലിക്കുന്നുണ്ടോയെന്നു പരിശോധിച്ച് അവരെക്കൊണ്ടു നടപ്പിലാക്കിക്കാനുമുള്ള ചുമതല സർക്കാർ ഏറ്റെടുക്കണം. അങ്ങനെ തൊഴിലാളികളെ തൃപ്തിപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ വ്യവസായത്തിലെ പ്രതിസന്ധി മാറ്റാൻ കഴിയുകയുള്ളൂ. അത് സർക്കാർ ആലോചിക്കണം, എന്ന് പറഞ്ഞുകൊണ്ട് ഈ ബില്ല് പൊതുജനാഭിപ്രായത്തിനു വിടണം എന്നുള്ള ഉപക്ഷേപം ഞാൻ പ്രസ്സു ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ ബിൽ പൊതുവിൽ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഇതിന്റെ മൂലനിയമം ഈ സഭയിൽ ചർച്ച ചെയ്ത അവസരത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം അന്ന് ഉന്നയിച്ചിരുന്നു. ഈ വ്യവസായത്തിന്റെ സങ്കീർണ്ണതകൂം പരിഗണിച്ച് അതിന്റെ നിലനിൽപ്പിനുവേണ്ടി ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ക്രമീകരണങ്ങളും നിലനിറുത്തി ഫലപ്രദമായ പ്രവർത്തനത്തിലൂടെ മുന്നോട്ടു പോകാൻ സാധിക്കണം. അങ്ങനെയാണെന്നുണ്ടെങ്കിൽ മാത്രമേ ഈ കോർപ്പറേഷനെ നമുക്കു നിലനിറുത്താൻ കഴിയൂ. ഇതായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

അന്ന് ഉന്നയിച്ചിരുന്ന ഒരു കാര്യം. ഈ സഭയിൽ അംഗീകാരമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും അംഗീകരിച്ച ഒരു പൊതുനയമാണത്. 1967 മുതൽ അംഗീകരിച്ച ഒരു നയമാണ്. മാതൃകാപരമായി നടത്തപ്പെടുന്ന പൊതുമേഖല ഒരു ഭാഗത്തും നിയന്ത്രണങ്ങൾക്ക് വിധേയമായി നടത്തപ്പെടുന്ന സ്വകാര്യമേഖല മറുഭാഗത്തും. ഈ വ്യവസായത്തിന്റെ സങ്കീർണ്ണതകൾ കണക്കിലെടുത്ത് നടപ്പാക്കാനുള്ള ഒരു നയമാണ് അംഗീകരിച്ചിരുന്നത്. പൊതുമേഖലയെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിൽ പ്രശ്നങ്ങൾ ഉണ്ട്. സ്വകാര്യ മേഖലയിൽ തൊഴിലാളി അവകാശം ചോദിക്കുന്നതിന്റെ ഫലമായോ, വ്യവസായ രംഗത്തു വ്യവസായികൾ തമ്മിൽ നടത്തുന്ന മൽസരങ്ങളുടെ ഫലമായോ, ഫാക്ടറികൾ അടച്ചിട്ട് തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതാവുകയും അതുമൂലം സാമൂഹ്യപ്രശ്നങ്ങളും മറ്റു പ്രശ്നങ്ങളും ഉണ്ടാകുകയും ചെയ്യുന്ന സന്ദർഭത്തിൽ ആ ഫാക്ടറികൾ ഏറ്റെടുത്തു നടത്താൻ പൊതുമേഖലയ്ക്ക് കഴിയണം, അങ്ങനെ ക്രമാനുഗതമായി പൊതുമേഖല വികസിപ്പിച്ച് ഈ വ്യവസായം കാര്യക്ഷമമായി നടത്താൻ കഴിയണം. അതിന് ഗവൺമെൻറിന്റെ നിയന്ത്രണം ഈ വ്യവസായത്തെ സംബന്ധിച്ച് ആവശ്യമാണ്. ഗവൺമെൻറിന്റെ പരിരക്ഷ ആവശ്യമാണ്. അതാണ് കാതലായ പ്രശ്നം. ഇപ്പോൾ ഇപ്പുറത്തും കുറേ കക്ഷികളുണ്ട്. അപ്പുറത്തും കുറേ കക്ഷികളുണ്ട്. എന്നാൽ എല്ലാ കക്ഷികളും ഓരോ കാലത്ത് അംഗീകരിച്ച പൊതുനയമാണ് ഞാൻ നേരത്തെ പറഞ്ഞത്. മാതൃകാപരമായി നടത്തുന്ന ഒരു പൊതുമേഖല, നിയന്ത്രിച്ചു നടത്തുന്ന ഒരു സ്വകാര്യ മേഖല അതാണ് ഈ നയത്തിന്റെ കാതൽ. ഇപ്പോൾ സ്വകാര്യ മേഖലയിലെ നിയന്ത്രണങ്ങളാകെ ഗവൺമെൻറ് എടുത്തു കളഞ്ഞിരിക്കുന്നു. സർവ്വത്ര സ്വാതന്ത്ര്യം അവർക്കു കൊടുത്തിരിക്കുന്നു. അങ്ങനെ വ്യവസായ ഡിപ്പാർട്ടുമെൻറ് കോർപ്പറേഷനുണ്ടാക്കാൻ എടുത്ത തീരുമാനം, അതിന് ഗവൺമെൻറിനെ പ്രേരിപ്പിച്ച സാഹചര്യം ഇന്നില്ല. അതുപോലെ തന്നെ സ്വകാര്യ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും മറ്റു അവകാശങ്ങളും, തൊഴിലും, തൊഴിൽ സൗകര്യങ്ങളുമൊക്കെ കൊടുത്ത് നടത്തുന്നതിനുള്ള എല്ലാ വ്യവസ്ഥകളും ഇല്ലാതായിരിക്കുന്നു. ഇന്നിപ്പോൾ സ്വകാര്യ മേഖലയ്ക്ക് സർവ്വത്ര സ്വാതന്ത്ര്യം കൊടുത്തിരിക്കുന്നു. ആ സ്വാതന്ത്ര്യം അനുവദിച്ചതിനുശേഷം ഇപ്പോൾ കോർപ്പറേഷന്റെ നിലനിൽപ്പ് തന്നെ അസാദ്ധ്യമായിരിക്കുന്നു എന്നുള്ളതാണ് വസ്തുത. ഈ നിയമം മൂലം നേരത്തെ ഏറ്റെടുത്ത 34 ഫാക്ടറികളിൽ 2 ഫാക്ടറികൾ തിരിച്ചുവിട്ടു കൊടുക്കുന്നതിനുള്ള കോടതി വിധികളുമായിട്ട് വന്നിട്ടുണ്ട്. വ്യവസായികൾ. അങ്ങനെ കൊടുക്കാതിരിക്കാനുള്ള ഒരു നിയമമാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. ഇപ്പോൾതന്നെ നിലവിലുള്ള വാടക ഫാക്ടറികൾ, കോർപ്പറേഷന്റെ സ്വന്തമായ 9 ഫാക്ടറികൾ ഒഴിച്ചുള്ളവ നിലനിർത്താനുള്ള ഒരുനിയമത്തിന്റെ പ്രേരണയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്. എന്നാൽ കഴിഞ്ഞ നാലഞ്ചു വർഷമായി ഈ കോർപ്പറേഷനെന്നു പറയുന്ന സ്ഥാപനം വികസിച്ചിട്ടില്ല. കൂടുതലായി ഒരു ഫാക്ടറിയും എടുത്തിട്ടില്ല. ഇതിനിടയിൽ സ്വകാര്യ മേഖലയ്ക്കും പൊതുമേഖലയ്ക്കും ഇടയിൽ ഒരു സഹകരണ മേഖല കൊണ്ടുവന്നിട്ടുണ്ട്. അതേപ്പറ്റി ഒരു നിയമം നാളെ വരുന്നുണ്ട്. നാളെ അതിനെപ്പറ്റി സംസാരിക്കാൻ സന്ദർഭം കിട്ടുകയാണെങ്കിൽ സംസാരിക്കാമെന്ന് വിചാരിക്കുന്നു. ഇങ്ങനെ സ്വകാര്യമേഖലയ്ക്കും പൊതുമേഖലയ്ക്കും ഇടയിൽ ഒരു സഹകരണമേഖല ആവശ്യമില്ലാത്തതാണെന്ന് അന്ന് ഞങ്ങൾ പറഞ്ഞു. അപ്പോൾ ഗവൺമെൻറിനു വലിയ നിർബന്ധം ഒരു സഹകരണമേഖല ആവശ്യമാണെന്ന്. ഇന്നത്തെ ഐക്യ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യമുന്നണിക്ക് അക്കാര്യത്തിൽ നിർബന്ധമുണ്ടായിരുന്നു. ശരി, ആയിക്കോട്ടെ, അതൊരു പരീക്ഷണം എന്നുള്ള നിലയിൽ നോക്കാനും അതു വിജയിപ്പിക്കാനും ഞങ്ങളും സഹകരിക്കാമെന്നു സമ്മതിച്ചു. എന്നാൽ ഇന്നിപ്പോഴും മനസ്സിലാകുന്നത് പൊതുമേഖലയിലും സഹകരണ മേഖലയിലും വ്യവസായാടിസ്ഥാനത്തിൽ നിലനിൽക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും തൊഴിലാളികൾക്ക് കിട്ടാതാകത്തക്ക സാഹചര്യങ്ങളും ഉണ്ടാക്കുകയെന്നതാണ്. ഈ വ്യവസായത്തിൽ സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട യാതൊരു ആനുകൂല്യങ്ങളും കൊടുക്കുന്നില്ല. കൂലി കൊടുക്കുന്നില്ല. ജോലി വ്യവസ്ഥകളിൽ കൃത്രിമമായി മാറ്റങ്ങൾ വരുത്തുന്നു. തൊഴിലാളികളെ ദ്രോഹിക്കുന്നു. പണ്ടുകാലത്തു നിലവിലിരുന്ന സകല കൊള്ളകളും ചെയ്തുകളളത്തൂക്കം, കൂലിയിൽ വെട്ടിപ്പ് ഇതൊക്കെ നടക്കുന്നു. ഏറെക്കുറെ സ്വകാര്യ മേഖലയോട് ചായ്വുള്ള ഒന്നാക്കി സഹകരണ മേഖലയെ പ്രവർത്തിപ്പിക്കുകയെന്നുള്ളതാണ് ഗവൺമെൻറിൻെറ നയം. പൊതുമേഖലയാണെങ്കിൽ നേരത്തെ പറഞ്ഞതുപോലെ അതിൻെറ ആരംഭം മുതൽ, 1969 മുതൽ, ഈ കഴിഞ്ഞ വർഷം വരെ വ്യാവസായിക അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ള സകല തീരുമാനങ്ങളും കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്. നിയമപരമായി എല്ലാ ആനുകൂല്യങ്ങളും ആ സ്ഥാപനത്തിൽ തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ട്. എന്നാൽ ഈ വർഷം ഗവൺമെൻറിൻെറ പ്രത്യേകമായ നിർദ്ദേശം അനുസരിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ ഉണ്ടാക്കിയിട്ടുള്ള തീരുമാനം—ബോണസ്, കാഷ്യൂ കോർപ്പറേഷൻ നടപ്പാക്കിയിട്ടില്ല. ഗവൺമെൻറ് നൽകിയ ബോണസ് ഡയറക്ടീവുണ്ട്. അതിനകത്തുനിന്നു മാത്രമേ ബോണസ് കൊടുക്കാവൂ എന്നാണ് നിർദ്ദേശം. ആ ഡയറക്ടീവ് അനുസരിച്ച് ആണെന്നും അല്ലെന്നും പറയാവുന്ന തരത്തിൽ ഒരു താൽക്കാലിക ഒത്തുതീർപ്പ് ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുമ്പോൾ വ്യവസായ അടിസ്ഥാനത്തിൽ കൊടുത്ത ബോണസ് കൊടുക്കാതെയിരിക്കുന്നതിൻെറ ഫലമായി ശമ്പളത്തിൽ തിരിച്ചു പിടിക്കേണ്ടിവരും. സ്വാഭാവികമായി അവിടെയും പ്രശ്നങ്ങൾ ഉണ്ടാകും. ഇത് വേറൊരു അപകടം ഈ രാജ്യത്തു ക്ഷണിച്ചു വരുത്തലാണ്. ഗവൺമെൻറ് ഒരു മാതൃകാ വ്യവസായി ആയിരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നത് ഗവൺമെൻറ് ആണ്; വിശേഷിച്ച് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ്. എനിക്ക് വ്യവസായ മന്ത്രിയോട് പറയാനുള്ളത് ഈ രാജ്യത്ത് വളരെ വർഷക്കാലമായി നമ്മൾ വളർത്തിയെടുത്തിട്ടുള്ള ചില ആരോഗ്യകരമായ പ്രവണതകൾ, അതിൻെറ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള ചില നേട്ടങ്ങൾ ഉണ്ട്; വ്യവസായ ബന്ധങ്ങളിലും വ്യാവസായിക രംഗത്തും. ഇന്നിപ്പോഴും സ്ഥാനത്തും അസ്ഥാനത്തും ഐക്യജനാധിപത്യ മുണർന്നി ഒരു അവകാശവാദം ഉന്നയിക്കുന്നുണ്ട്. ഇവിടെ പണിമുടക്കുമൂലം നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട് എന്നതാണത്. ഇത് ഒരു ദിവസം രാവിലെ ഉണ്ടായതാണോ? ശ്രീ. കെ. ശിവദാസൻ കൊല്ലത്തുനിന്നിറങ്ങി തിരുവനന്തപുരത്തുവന്ന് ഇവിടെ മെഡിക്കൽ കോളേജിൻെറ ഇപ്പുറത്തുള്ള ഒരു വീട്ടിൽ താമസിച്ച് ആദിത്യനെക്കണ്ട് തൊഴുതപ്പോൾ ഉണ്ടായ ഒരു സംഭവമാണോ ഇത്? അല്ല. അതേപ്പോലെ ശ്രീ. അഹമ്മദ് സാഹിബ് വ്യവസായ വകുപ്പിൻെറ ചുമതല ഏറ്റശേഷം പള്ളിയിൽപ്പോയി നമസ്ക്കരിച്ചതിൻെറ ഫലമായി കിട്ടിയതാണോയിത്? അല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, വളരെ വർഷക്കാലമായി നമ്മുടെ രാജ്യത്ത് നമ്മൾ വളർത്തിയെടുത്ത ചില സംവിധാനങ്ങളുണ്ട്. ആ സംവിധാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വ്യവസായ ബന്ധ സമിതികൾ.

1 p. m.] ദീർഘകാല കരാറുകളാണ് മറ്റൊന്ന്. വ്യാവസായികാടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ച് നടപ്പാക്കലാണ് വേറൊരു പ്രധാന കാര്യം. ഈ മൂന്ന് കാര്യങ്ങൾകൊണ്ടാണ് നമ്മുടെ രാജ്യത്ത് ആരോഗ്യകരമായ ഒരു തൊഴിലാളി—മുതലാളി ബന്ധം നിലനിൽക്കുന്നത്. അതിന്റെ ഫലമായിട്ട് പണിമുടക്കുകളോ മറ്റു തൊഴിൽ കുഴപ്പങ്ങളോ കുറഞ്ഞുവരുന്നു. 1965–ൽ ആണ് പേമെന്റ് ഓഫ് ബോണസ് ആക്ട് ആദ്യമായി ഒരു ഓർഡിനൻസായി വന്നത്. അതിനുമുമ്പ് ഈ രാജ്യത്ത് ലേബർ അപ്പലേറ്റ് ട്രൈബ്യൂണൽ ഫോർമുല എന്ന ഒന്ന് ഉണ്ടായിരുന്നു. അത് സുപ്രീംകോടതിയുടെ അംഗീകാരത്തോടുകൂടിയാണ് നിലവിലിരുന്നത്. ലാഭമില്ലെങ്കിൽ ബോണസ് കൊടുക്കേണ്ട. എന്നാൽ കശുവണ്ടി വ്യവസായത്തിലും, കൈത്തറി വ്യവസായത്തിലും, കയർ വ്യവസായത്തിലും അതുപോലുള്ള മറ്റു വ്യവസായങ്ങളിലുമെല്ലാം ലാഭ—നഷ്ടത്തിന്റെ അടിസ്ഥാനത്തിലല്ലാതെ വ്യാവസായികാടിസ്ഥാനത്തിലാണ് അക്കാലത്തും ബോണസ് തീരുമാനിച്ചിട്ടുള്ളത്, തൊഴിലാളികൾക്ക് ബോണസ് കിട്ടിയിട്ടുള്ളത്. ബോണസ് ലാഭ—നഷ്ട അടിസ്ഥാനത്തിലല്ല, മാറിവയ്ക്കപ്പെട്ട കൂലിയെന്നുള്ള അടിസ്ഥാനത്തിലാണ് തീരുമാനിക്കേണ്ടതെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തി വ്യവസായ രംഗത്ത് നിരന്തരമായി നടത്തിയ നിരവധി പ്രക്ഷോഭണങ്ങളുടേയും സമരങ്ങളുടേയും ഫലമായിട്ടാണ് പേമെന്റ് ഓഫ് ബോണസ് ആക്ടിന് രൂപം നൽകാൻ ഗവൺമെന്റ് നിർബന്ധിതമായത്. പേമെന്റ് ഓഫ് ബോണസ് ആക്ട് വന്നതിനുശേഷവും കേരളത്തിലെ മിക്ക വ്യവസായങ്ങളിലും, വ്യാവസായികാടിസ്ഥാനത്തിൽ ആണ് പ്രധാനമായും ബോണസ് തീരുമാനിക്കുന്നത്. കശുവണ്ടിവ്യവസായം അതിലൊന്നാണ്. എല്ലാ കാലത്തും വ്യാവസായികാടിസ്ഥാനത്തിലാണ് ബോണസ് തീരുമാനിച്ചിട്ടുള്ളത്. പൊതുമേഖലയായാലും, സഹകരണമേഖലയായാലും, സ്വകാര്യമേഖലയായാലും തൊഴിലാളികൾക്ക് ആ തീരുമാനമനുസരിച്ച് ബോണസ് കൊടുക്കണം, ഇതുവരെ എല്ലാ വർഷവും അങ്ങിനെ കൊടുത്തിട്ടുമുണ്ട്. എന്നാൽ ഇപ്പോൾ ഈ വർഷം തൊട്ട് വ്യാവസായികാടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചും സഹകരണമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ചും ബാധകമല്ലായെന്നൊരു നിലപാടാണ് എടുത്തിട്ടുള്ളത്. അപ്പോൾ പേമെന്റ് ഓഫ് ബോണസ് ആക്ട് അനുസരിച്ച് മാത്രം ബോണസ് കൊടുത്താൽ മതി എന്ന് വന്നാൽ കശുവണ്ടിവ്യവസായത്തിലെ, പ്ലാന്റേഷൻ വ്യവസായത്തിലെ, കയർ വ്യവസായത്തിലെ, ചെറുകിട വ്യവസായികൾ, ഇടത്തരം വ്യവസായികൾ, വൻകിട വ്യവസായികൾ ഇവരൊക്കെ ഓരോ വ്യവസായിയുടേയും ലാഭ—നഷ്ടം കണക്കാക്കി പേമെന്റ് ഓഫ് ബോണസ് ആക്ടിലെ ഫോർമുലയനുസരിച്ച് അലോക്കബിൾ സർപ്ലസ് തിട്ടപ്പെടുത്തി മാത്രമേ ബോണസ് കൊടുക്കൂയെന്നു വന്നാൽ ഈ രാജ്യത്ത് വലിയ അസമാധാനവും സമരങ്ങളും ഉണ്ടാകുമെന്നതിന് യാതൊരു സംശയവുമില്ല. നമ്മുടെ രാജ്യത്ത് ബോണസ് വാങ്ങുന്ന നൂറ് തൊഴിലാളികളിൽ 90 തൊഴിലാളികളും പേമെന്റ് ഓഫ് ബോണസ് ആക്ട് അനുസരിച്ച് അലോക്കബിൾ സർപ്ലസ് തിട്ടപ്പെടുത്തി ബോണസ് വാങ്ങുന്നവരല്ല. ഏറെക്കുറെ വ്യവസായങ്ങളുടെ പൊതുവായ സ്ഥിതി പരിഗണിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബോണസ് വാങ്ങുന്നവരാണ്. ഞാനീപ്പറഞ്ഞത്, ഇതിൽനിന്ന് ഒരു മാറ്റം വ്യവസായ ഡിപ്പാർട്ടുമെന്റും ഗവൺമെന്റും വരുത്താൻ ശ്രമിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കാനാണ്. ഗവൺമെന്റ് ഒരു ഡയറക്ടീവ് ഉണ്ടാക്കിയിട്ടുണ്ട്. ആ ഡയറക്ടീവ് അടിസ്ഥാനപരമായ പിശകുകൾ ഉള്ളതാണ്. അതിന്റെ ഭവിഷ്യത്ത് എന്താണെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഡയറക്ടീവിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾക്ക് യാതൊരു പരിഗണനയും നൽകിയിട്ടില്ലായെന്നുള്ളത് ശ്രദ്ധേയമാണ്. നഷ്ടമാണുണ്ടാകുന്നതെങ്കിൽ എട്ടും മൂന്നിലൊന്നും അനുസരിച്ചും ലാഭമാണുണ്ടാകുന്നതെങ്കിൽ ആക്ടിലെ അലോക്കബിൾ സർപ്ലസ് അനുസരിച്ചും കൊടുക്കേണ്ടതേ കൊടുക്കാവൂ എന്നും മാക്സിമം ഇരുപതു ശതമാനത്തിൽ കൂടുതൽ കൊടുക്കരുതെന്നുമാണ് ഡയറക്റ്റീവിൽ നിർദ്ദേശിച്ചിട്ടുള്ളത്. മുൻ വർഷത്തിൽ ബോണസ്സായി കൊടുത്തിട്ടുള്ള തുക ഈ വർഷം പേമെന്റ് ഓഫ് ബോണസ് അനുസരിച്ച് കൊടുക്കേണ്ടതിനേക്കാൾ എന്തെങ്കിലും കൂടുതൽ കൊടുത്തിട്ടുണ്ടെങ്കിൽ അത് ഇപ്പോഴത്തേയ്ക്ക് കൊടുക്കാനും നിർദ്ദേശമുണ്ട്. ഗവൺമെന്റിന്റെ നിർദ്ദേശം പൊതുവിൽ ഇതൊക്കെയാണ്. ചുരുക്കിപ്പറഞ്ഞാൽ, പേമെന്റ് ഓഫ് ബോണസ് ആക്ട് അനുസരിച്ചു മാത്രമേ നമ്മുടെ രാജ്യത്തെ വ്യവസായ തൊഴിലാളികൾക്ക് ബോണസ്സിന് അർഹതയുള്ളൂ. അങ്ങനെ മാത്രമേ ബോണസ് കൊടുക്കാവൂ എന്നുള്ള ഒരു സ്ഥിതി വരുത്താൻ ശ്രമിക്കുന്നു. വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തീരുമാനങ്ങൾ നടപ്പിലാക്കണമെന്നുള്ള കീഴ്വഴക്കം വർഷങ്ങളായി നിലവിലിരിക്കുന്നു. ഐ.ആർ.സി. കളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബോണസ് കിട്ടണമെന്നുള്ളതും കൊടുക്കണമെന്നുള്ളതും അംഗീകൃത കീഴ്വഴക്കമാണ്. തൊഴിലാളി—മുതലാളി ബന്ധത്തിൽ ശതാബ്ദങ്ങളുടെ പഴക്കമുള്ള ഏർപ്പാടുകളാണിവ. വ്യവസായ ബന്ധ സമിതികളുടെ തീരുമാനങ്ങളുടേയും കൂടിയാലോചനകളുടേയും ഫലമായുണ്ടാകുന്ന എഗ്രിമെന്റുകളുടേയും ഒക്കെ ഫലമായി വളർന്നു വന്നിട്ടുള്ള ആരോഗ്യകരമായ ബന്ധം വ്യവസായസമാധാനം ആകെ തകർക്കുന്ന ഒരു നയം ഇന്ന് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്, അത് കശുവണ്ടി വികസന കോർപ്പറേഷനിൽ പ്രാവർത്തികമാക്കാൻ നിർഭാഗ്യവശാൽ ഗവൺമെന്റ് ശ്രമിക്കുന്നു. അതുകൊണ്ട് ദോഷമേ ഉണ്ടാകുകയുള്ളൂ. കശുവണ്ടി കോർപ്പറേഷൻ രൂപീകരിച്ച കാലത്ത് അത് ഒരു മാതൃകാ സ്ഥാപനമായി നിലനിർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. ആ തീരുമാനം. എല്ലാ ആനുകൂല്യങ്ങളും, വ്യവസായത്തിൽ നിലവിലുള്ളതും നിയമപരമായിട്ടുമുള്ള സകല അവകാശങ്ങളും, കൊടുത്ത് നടത്തുന്ന ഒരു സ്ഥാപനം, സ്വകാര്യ മേഖലയ്ക്ക് മാതൃകകാട്ടത്തക്കനിലയിൽ നടത്തുന്ന ഒരു പൊതുമേഖലാ സ്ഥാപനം, ഇതായിരുന്നു ഈ പൊതുമേഖലയെ സംബന്ധിച്ച് ഗവൺമെന്റ് അംഗീകരിച്ചിരുന്ന നയം. ആ നയത്തിൽനിന്ന് വളരെ പുറകോട്ടു പോയി കശുവണ്ടി കോർപ്പറേഷന്റെ നിലനിൽപ്പിനു തന്നെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഈ രീതിയിൽ പോയാൽ ഇതെത്രകാലം നിലനിൽക്കുമെന്നുള്ളതിനെക്കുറിച്ച് സംശയമുണ്ട്.

സഹകരണമേഖലയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. നാളെ അതിനെക്കുറിച്ചൊരു ബില്ല് വരുന്നുണ്ട്. അതിനെക്കുറിച്ച് നാളെ സംസാരിക്കാവുന്നതാണ്. അതുകൊണ്ട് എനിക്ക് ഗവൺമെന്റിനോട്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്, നേരത്തെ അംഗീകരിച്ച് നിലനിറുത്തിയിരിക്കുന്ന നയത്തിൽ വരുത്തിയിട്ടുള്ള മാറ്റം ഗവൺമെൻറ് ഉപേക്ഷിക്കണം എന്നാണ്. പഴയ നയം പുനഃസ്ഥാപിക്കണം എന്നാണ്. അതിൽ വളരെ പ്രധാനപ്പെട്ട കാര്യം നാടൻ തോട്ടണ്ടി സംഭരണം ഏർപ്പെടുത്തുകയെന്നുള്ളതും, കേന്ദ്രഗവൺമെൻറ് നേരത്തെ നിലനിർത്തിയിരുന്നതും 1980—ൽ എടുത്തു കളഞ്ഞതുമായ കാനലൈസേഷൻ പുനഃസ്ഥാപിക്കണമെന്നുള്ളതുമാണ്. എന്നിട്ട് കോട്ടാ സമ്പ്രദായം ഏർപ്പെടുത്തണമെന്നുള്ളതാണ്. അങ്ങനെ നമ്മുടെ നാട്ടിൽ സംഭരിക്കുന്ന തോട്ടണ്ടി കോട്ടാ അടിസ്ഥാനത്തിൽ രജിസ്റ്റേർഡ് ഫാക്ടറികളിൽ, റഗുലർ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ജോലി കിട്ടത്തക്കവണ്ണം വിതരണം ചെയ്യണം. തൊഴിലാളികൾക്ക് നിയമപ്രകാരം കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും കൊടുത്തു നടത്തുക, അങ്ങനെ നടത്തുന്നതിന് ഫാക്ടറി ഉടമകൾ വിസമ്മതിക്കുന്നുവെങ്കിൽ ആ ഫാക്ടറികൾ ഏറ്റെടുത്ത് കോർപ്പറേഷനെക്കൊണ്ട് നടത്തിക്കുക, അല്ലെങ്കിൽ അത് അകപയർ ചെയ്ത് കാപ്പെക്സിനെക്കൊണ്ടോ അതുപോലുള്ള ഏതെങ്കിലും ഏജൻസികളെക്കൊണ്ടോ നടത്തിക്കുകയെന്നുള്ളതാണ്. പക്ഷേ മാതൃകാപരമായി നടത്തുന്ന സ്ഥാപനങ്ങൾ ആയിരിക്കണം കോർപ്പറേഷനായാലും, കാപ്പെക്സായാലും. സ്വകാര്യമേഖലയെ നിയന്ത്രിക്കുകയും വേണം. അങ്ങനെ നിയന്ത്രിക്കാതെ അവർക്ക് സർവ്വതന്ത്ര സ്വാതന്ത്ര്യം കൊടുത്ത്, കൂലി കൊടുത്തില്ലെങ്കിലും നടപടിയില്ല, നിയമം ലംഘിച്ചാലും നടപടിയില്ല എന്ന സ്ഥിതി വന്നുകൂടാ.

സർ, ഈ നിയമത്തിന്റെ മൂല നിയമം അവതരിപ്പിക്കുമ്പോൾ അതിന്റെ ഉദ്ദേശലക്ഷ്യത്തിൽ പറഞ്ഞിട്ടുള്ളത് ഗവൺമെൻറ് വിസ്മരിക്കുന്നുണ്ടോയെന്ന് സംശയം തോന്നുന്നു. പ്രോസസ്സ് ചെയ്യുന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക്, ഫാക്ടറികൾ ദീർഘകാലമായി അടച്ചിട്ടതിന്റെ ഫലമായി തൊഴിലില്ലായ്മയും പട്ടിണിയുമുണ്ടാകുന്നു. അവർക്ക് വളരെയധികം വിഷമങ്ങളുണ്ടാക്കുന്നു. ആ വിഷമങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കോർപ്പറേഷനുകൾ ഉണ്ടാക്കുകയും വ്യവസായികൾ സമ്മതിച്ചോ മറ്റു തരത്തിലോ ഫാക്ടറികൾ ഏറ്റെടുത്ത് നടത്താൻ വ്യവസ്ഥകളുണ്ടാക്കി. അങ്ങനെയുള്ള ഫാക്ടറികൾ ഒരു ഘട്ടം കഴിയുമ്പോൾ സ്വകാര്യ വ്യവസായികൾ അവ തിരിച്ചേറ്റെടുത്ത് മറ്റു സ്വകാര്യ വ്യക്തികൾക്ക് വിൽക്കുകയോ മറ്റു തരത്തിൽ കൂടുതൽ പാട്ടത്തിന് കൊടുക്കുകയോ ചെയ്യുന്ന നടപടി ഒഴിവാക്കാൻ വേണ്ടിയാണ് ഈ നിയമം. സ്വകാര്യ മേഖലയിൽ തൊഴിലാളികൾക്ക് തൊഴിലില്ലായ്മയും കൂടുതൽ വിഷമവും ഉണ്ടാക്കുന്ന തരത്തിൽ ഫാക്ടറികൾ അടച്ചിട്ടാൽ ആ ഫാക്ടറികൾ ഏറ്റെടുത്ത് നടത്തി അവർക്ക് സംരക്ഷണം നൽകാനായി, ആ ഫാക്ടറികൾ ഏറ്റെടുക്കാൻ നാളെ ചർച്ചചെയ്യുന്ന അകപസിഷൻ ആക്ടിലെ ഭേദഗതിയും ഈ രംഗത്ത് ക്രമീകരണങ്ങൾക്കും പരിരക്ഷയ്ക്കുമായി കൊണ്ടുവന്നിട്ടുള്ള നിയമമാണ്. മൂലനിയമത്തെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ ഒരുകാര്യം ചൂണ്ടിക്കാണിച്ചിരുന്നു. ഈ വ്യവസായം ലാഭകരമായി നടത്താൻ സാധിക്കും, നമ്മുടെ രാജ്യത്തെ അനുഭവം അതാണ്. ക്രമീകരണങ്ങളും നിയന്ത്രണങ്ങളും നിലനിർത്തിയാൽ വളരെ കാര്യക്ഷമമായി ഈ വ്യവസായം നടത്താൻ സാധിക്കും. കശുവണ്ടി വ്യവസായം ദേശസാൽക്കരിക്കുകയെന്നുള്ള ഒരു വാദം അന്ന് ഉന്നയിച്ചിരുന്നു. അതുപോലെ ഇംപോർട്ട് കാനലൈസേഷൻ നടത്തി ഇവിടത്തെ നാടൻ തോട്ടണ്ടി സംഭരിച്ച് രണ്ടുംകൂടി കോട്ടാ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും വ്യവസ്ഥകൾക്ക് വിധേയമായി നടത്തുകയും ചെയ്യാൻ സാധിച്ചാൽ വളരെ ലാഭകരമാക്കി ഈ വ്യവസായം നടത്താൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ വ്യവസായം ദേശസാൽക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ട സമയംകഴിഞ്ഞിരിക്കുന്നുവെന്നാണ് എന്റെ ഇപ്പോഴത്തെ അഭിപ്രായം. ഈ നിയന്ത്രണങ്ങളും ക്രമീകരണങ്ങളുമൊക്കെ വേണമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിന്റെ അടിസ്ഥാനത്തിൽ നല്ലതുപോലെ നടത്താൻ സാധിക്കും. പരമ്പരാഗതവ്യവസായങ്ങളിലെ പ്രമുഖമായ കശുവണ്ടി വ്യവസായവും അതിലെ തൊഴിലാളികളും രക്ഷപ്പെടും.

സർ, ഒരു വ്യവസായിയുടെ കാര്യം ഞാൻ പറയാം. കെ.ജി.എൻ. എന്നാണ് അദ്ദേഹം ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്. എല്ലാ കാലത്തും ഈ വ്യവസായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സകല ആനുകൂല്യങ്ങളും അവകാശങ്ങളും പണ്ടുമുതലേ കൊടുത്ത് നടത്തുന്ന ഒരു വ്യവസായിയാണ്- സ്വകാര്യ വ്യവസായി. അദ്ദേഹം ഇന്നും രംഗത്ത് നിലനിൽക്കുന്നു. നഷ്ടമുണ്ടായിട്ടില്ല. തന്റെ ഫാക്ടറികൾ ലാഭകരമായി നടത്തുന്നുയെന്ന് അദ്ദേഹം തന്നെ കോൺഫറൻസിൽ പറയാറുണ്ട്. കോർപ്പറേഷന്റെ ഇതുവരെയുള്ള പ്രവർത്തനം ലാഭകരമാണ്. ഒന്നു രണ്ടു സന്ദർഭങ്ങളൊഴിച്ചാൽ 1978—ൽ എല്ലാ വ്യവസായികളും അവരുടെ ഫാക്ടറികൾ അടച്ചിട്ട് ഗവൺമെന്റിനെതിരെ, ഗവൺമെന്റിന്റെ നയത്തിനെതിരെയുദ്ധ പ്രഖ്യാപനം നടത്തി. ആ അവസരത്തിൽ ആണ് ഫാക്ടറികളെല്ലാം കോർപ്പറേഷൻ ഏറെറടുത്ത് നടത്താൻ ഗവൺമെന്റ് നിർദ്ദേശിച്ചത്. ശ്രീ. പി.കെ.വി. യുടെ മന്ത്രിസഭയുടെ കാലത്ത് 1978—ൽ 99 ഫാക്ടറികൾ കോർപ്പറേഷൻ ഏറെറടുത്തു. അതിന്റെ ഫലമായി കുറച്ച് നഷ്ടമുണ്ടായി. 10—12 കോടി രൂപയുടെ നഷ്ടമുണ്ടായി. മുതലാളിമാർ ആകെ സംഘടിതമായി നടത്തിയ ഈ വെല്ലുവിളി, എതിർപ്പ് നേരിടാൻ, നടത്തിയ ശ്രമത്തിന്റെ ഫലമായാണീ നഷ്ടമുണ്ടായത്. അതിന്റെ പലിശയും കുടിശ്ശികയും എല്ലാം കൂടി ചേർന്ന് ഒരു തുകയാണ് ഞാൻ പറഞ്ഞത്. അത് ഇപ്പോൾ ഇക്വിറ്റി ഷെയറായി ഗവൺമെന്റ് കൺവർട്ട് ചെയ്തിട്ടുണ്ട്.

സർ, കശുവണ്ടി വ്യവസായം ദേശസാൽക്കരിക്കണമെന്നാണ് എന്റെ അഭിപ്രായം. സ്വകാര്യ വ്യവസായികളും നടത്തുന്ന കഴുത്തറുപ്പൻ മൽസരവും തൊഴിലാളികളെ ദ്രോഹിക്കുന്ന നടപടികളും അവസാനിപ്പിക്കണം. അവരെ ഈ രംഗത്തു നിന്ന് പിരിച്ചയയ്ക്കാൻ കഴിഞ്ഞാലേ അത് നടക്കുകയുള്ളൂ. ഈ വ്യവസായം ദേശസാൽക്കരിക്കണം എന്നാണ് എന്റെ അഭിപ്രായം.

ഡോക്ടർ കെ.സി. ജോസഫ്: ഈ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ക്ലോഷർ മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ക്ലോഷർ മോഷൻ അംഗീകരിക്കണമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഈ ചെറിയ ഒരു ഭേഗതി നിയമത്തെ സംബന്ധിച്ച് കുറെയധികം ചർച്ചകളും നടന്നു. ഈ ചർച്ചയിൽ ചില ബഹുമാനപ്പെട്ട അംഗങ്ങളും പല നല്ല നിർദ്ദേശങ്ങളും മുമ്പോട്ടു വയ്ക്കുകയുണ്ടായി. അതേ അവസരം സംസ്ഥാന ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങളുടെ നേരെ കൈക്കൊള്ളുന്ന നിലപാടിനെ വിമർശിച്ചും ചില ബഹുമാനപ്പെട്ട മെമ്പർമാർ ചിലതെല്ലാം പറയുകയുണ്ടായി. അവ ഓരോന്നിലേയ്ക്കും ഞാൻ കടന്നു പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, സംസ്ഥാന ഗവൺമെൻറിൻെറ നയം ഇതിനു മുമ്പും ഈ സഭയിൽ അർത്ഥശങ്കയ്ക്കിടയില്ലാതെ പ്രഖ്യാപിച്ചിട്ടുണ്ട്. കൈത്തറി, കയർ, പനമ്പ്, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ നേരെ ഈ ഗവൺമെൻറ് അനുഭാവപൂർവ്വമായ നയമാണ് കൈക്കൊണ്ടിട്ടുള്ളത്. കൈത്തറിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ചില മെമ്പർമാർ ചില പരാമർശങ്ങം നടത്തി. എനിക്ക് അവരോട് പറയാനുള്ളത്, കഴിഞ്ഞ 6–ാം പദ്ധതിക്കാലത്ത് കൈത്തറിക്ക് ഉംക്കൊള്ളിച്ചത് 14.30 കോടി രൂപയാണെങ്കിൽ ആ പദ്ധതിക്കാലത്ത് ഗവൺമെൻറ് ചെലവഴിച്ചത് 20.62 കോടി രൂപയായിരുന്നു. അതുപോലെ തന്നെ ക്രെഡിറ്റ് സെയിൽസിൻെറ കാര്യത്തിലും കൈത്തറി രംഗത്ത് സംസ്ഥാന ഗവൺമെൻറ് ഒരു പുതിയ നയം ആവിഷ്ക്കരിക്കുകയും അതിൻെറ ഫലമായി ഹാൻറക്സ് പോലെയുള്ള സ്ഥാപനങ്ങൾക്ക് കുറെയധികം റിലീഫ് കിട്ടുകയും ചെയ്തു.

അതുപോലെതന്നെ കയറിൻെറ കാര്യം. നമുക്ക് തൊണ്ട് ലഭ്യമാകുന്നതിന് പല വിഷമതകളും ഉണ്ട്. പച്ചത്തൊണ്ടിന് വില വർദ്ധിച്ചു. അതുകൊണ്ട് കേര കർഷകർക്ക് ഗുണം കിട്ടി. അതുപോലെ തന്നെ കഴിഞ്ഞ ആണ്ടുകളുമായി താരതമ്യപ്പെടുത്തുമ്പോം നമുക്ക് കൂടുതൽ തൊണ്ട് സംഭരിക്കാൻ സാധിച്ചു. 1973 ന് ശേഷം ആദ്യമായി കേന്ദ്ര ഗവൺമെൻറ് കയർ വികസന പദ്ധതിക്ക് പണം നൽകി. അതുപോലെതന്നെ നമ്മുടെ പനമ്പ് വ്യവസായത്തിലെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങം നൽകി. ഇതൊക്കെ നൽകിയത് ഈ പരമ്പരാഗത വ്യവസായങ്ങൾക്കു നേരെ സംസ്ഥാന ഗവൺമെൻറ് അനുവർത്തിക്കുന്ന ക്രിയാത്മകവും പ്രോൽസാഹനജനകവുമായ നയത്തിൻെറ ഫലമായിട്ടാണ്.

ഈ ബില്ലിനെ സംബന്ധിച്ച് നടന്ന ചർച്ചയിൽ കശുവണ്ടി വികസനകോർപ്പറേഷൻെറ പ്രവർത്തനത്തെ സംബന്ധിച്ച് വൈവിദ്ധ്യമാർന്ന കുറെ അഭിപ്രായങ്ങം പറഞ്ഞുകേട്ടു. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു, തൊഴിലാളികൾക്ക് ആനുകൂല്യങ്ങം കിട്ടുന്നില്ല; തൊഴിലാളികൾക്ക് എന്തുകൊണ്ട് പ്രതിഫലം നൽകുന്നില്ലായെന്നൊക്കെ. എനിക്ക് മനസ്സിലാകുന്നില്ല, അദ്ദേഹം എന്താണ് ഉദ്ദേശിച്ചതെന്ന്. ഈ റിക്യുസിഷൻ ആക്ട് പ്രകാരം വളരെക്കാലമായി കോർപ്പറേഷൻ ഏറെറടുത്തു നടത്തിവരുന്ന ഫാക്ടറികം, മാറിയ സന്ദർഭത്തിൽ തട്ടിയെടുക്കണമെന്ന് അതിൻെറ ഉടമകം ആഗ്രഹിക്കുമ്പോം, അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കാൻ ഈ ഭേദഗതി ഉപകരിക്കും. മാത്രമല്ല അതിന് തടസ്സം നിന്നുകൊണ്ട് ഒരു പൊതു മേഖലാ സ്ഥാപനമായ കോർപ്പറേഷന് അവ തുടർന്ന് നടത്താനുള്ള അവസരം കൂടി നൽകുന്നു ഇത്. അങ്ങനെ ചെയ്യുമ്പോം ഈ ഉടമകൾക്ക് ആകെ ലഭിക്കുന്നത് വാടക—പാട്ടമാണ്. ഈ വ്യവസ്ഥയ്ക്കെതിരായി രണ്ടു മുതലാളിമാർ കോടതിയിൽ പോയി. ഒരു മുതലാളി—കശുവണ്ടി ഫാക്ടറി മുതലാളി—കൊട്ടാരക്കര സബ് കോടതിയിൽ ഫയൽ ചെയ്ത കേസ് അടുത്ത കാലത്താണ് ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ വന്നത്. മുതലാളിമാർ പറയുന്നത് ഇത് ശരിയല്ല, ഞങ്ങളോട് തൽക്കാലത്തേയ്ക്ക് വാങ്ങിയതാണ്, പാട്ടക്കാലാവധി കഴിഞ്ഞാൽ അത് തിരിച്ച് തരേണ്ടതാണ്, ഗവൺമെൻറ് ഈ നിയമം കൊണ്ടുവന്നതുകൊണ്ട് വീണ്ടും കൊടുക്കണമെന്ന് പറയുന്നത് ശരിയല്ല; എന്നിങ്ങനെയാണ്. കീഴ്ക്കോടതി പറയുന്നത് അത് തിരിച്ച് കൊടുക്കണമെന്നാണ്. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. നിയമപരിരക്ഷ അവർക്കു ലഭിച്ചു. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് ജോലി സ്ഥിരത കിട്ടാനും, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിരക്ഷിക്കുവാനും, മുതലാളിമാർക്ക് അത് തിരിച്ച് കിട്ടാതിരിക്കുവാനും ഉള്ള നിയമത്തെ, തൊഴിലാളി വിരുദ്ധ നിയമമാണെന്ന് പറഞ്ഞാൽ, മൂല നിയമം അവതരിപ്പിച്ചപ്പോൾ അതിനെ അനുകൂലിച്ച ശ്രീ. വർക്കല രാധാകൃഷ്ണന്റെ സഹപ്രവർത്തകൻമാരായ ശ്രീ. എം.പി. കുര്യനെയും ശ്രീ. പി. കരുണാകരനെയും അപഹസിക്കുന്നതാണെന്നേ എനിക്കു പറയാനുള്ളൂ. അതുകൊണ്ട് അദ്ദേഹം പറയുന്ന കോമ്പൻസേഷൻ കൊടുക്കുന്നത് തെറ്റാണ്, കോമ്പൻസേഷൻ കൊടുക്കരുതെന്നാണ് ഗവൺമെന്റിന്റെ നയം. കോമ്പൻസേഷൻ അല്ല കൊടുക്കുന്നത്. വാടകയാണ് കൊടുക്കുന്നത്. അതുകൊണ്ട് അദ്ദേഹം ഇവിടെ പറഞ്ഞത് അപ്രസക്തമാണ്. തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്ന ഒരു നിയമത്തെ സംബന്ധിച്ച് തൊഴിലാളികൾക്ക് ദോഷം ചെയ്യുന്നുയെന്ന് അദ്ദേഹം പറഞ്ഞത് എന്തായാലും ഈ ബില്ലിന്റെ എല്ലാ ഭാഗങ്ങളും പഠിച്ചിട്ടാണോയെന്ന കാര്യത്തിലേ എനിക്ക് സംശയമുള്ളൂ. മറ്റൊന്ന് , കശുവണ്ടി വികസന കോർപ്പറേഷനെ സംബന്ധിച്ച ചില വസ്തുതകൾ.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് വലിയ റെന്റാണ് ഗവൺമെന്റ് ഫിക്സ് ചെയ്ത് വരുന്നത്. ട്രൈബ്യൂണൽ മുഖാന്തിരം, കോമ്പൻസേഷനോളം തുല്യമാണ്. പ്രവർത്തന രഹിതമാക്കി മനഃപ്പൂർവ്വം ഇട്ടിരുന്ന കാലത്തെ തൊഴിലാളികളുടെ അവകാശപ്പെട്ട വേതനം ഇൻസ്റ്റാൾമെന്റായിട്ടെങ്കിലും നിങ്ങൾക്കു റെക്കവർചെയ്തു കൂടേ?

ശ്രീ. ഇ. അഹമ്മദ്: സർ, തൊഴിലാളികളുടെ അവകാശം ഇവിടെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. ഈ ഫാക്ടറികൾ വളരെക്കാലം മുമ്പ് കോർപ്പറേഷനെ പാട്ട വ്യവസ്ഥയിൽ മുതലാളിമാർ ഏൽപ്പിച്ചതാണ്. ഈ തൊഴിലാളികൾക്ക് ഇപ്പോൾ കോർപ്പറേഷൻ ജോലി കൊടുക്കുന്നു; അവർ കോർപ്പറേഷന്റെ ജോലിക്കാരാണ്. ആ പാട്ട വ്യവസ്ഥയുടെ കാലാവധി കഴിയുമ്പോൾ തങ്ങൾക്ക് വേണമെന്ന് മുതലാളിമാർ ആവശ്യപ്പെടുകയും അങ്ങനെ മുതലാളിമാർ അത് തിരിച്ച് എടുക്കുകയും ചെയ്താൽ അവർ അത് വേറെ സ്വകാര്യ വ്യക്തികളേയോ മറ്റോ ഏൽപ്പിക്കും. തൊഴിലാളികൾക്ക് നഷ്ടം വരും. അതുകൊണ്ട് അത് കോർപ്പറേഷന്റെ കീഴിൽ തന്നെയായിരിക്കണം. അവർക്ക് ആകെയുള്ളത് വെറും റെന്റ് മാത്രമാണെന്ന വ്യവസ്ഥയാണ്. പിന്നെ എവിടേയാണ് തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നഷ്ടപ്പെടുന്നത്?

മറ്റൊന്ന്, ഈ റെന്റിനെ സംബന്ധിച്ചിടത്തോളം ആണ്. ട്രൈബ്യൂണൽ വ്യവസ്ഥ, ഒറിജിനൽ ബില്ലിൽ വച്ചത് വല്ല ഡിസ്പ്യൂട്ടും ഉണ്ടാകുകയാണെങ്കിൽ റഫർ ചെയ്യാനാണ്. ഈ ഡിസ്പ്യൂട്ടിന് അവർ പോയത് കോടതിയിലാണ്. കോടതി കോർപ്പറേഷനെതിരായി, ഗവൺമെന്റിനെതിരായി വിധി പറഞ്ഞപ്പോൾ കോർപ്പറേഷൻ ഹൈക്കോടതിയിൽ പോവുകയും നിയമത്തിന്റെ പരിരക്ഷ വാങ്ങുകയും ചെയ്തു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതിൽ തൊഴിലാളികളുടെ പ്രശ്നമൊന്നും വരില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയിലുള്ള മറ്റുള്ളവരും ഇതിനെ സ്വാഗതം ചെയ്തത്.

മറ്റൊന്ന് കശുവണ്ടി വികസന കോർപ്പറേഷനെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട ഉണ്ണി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇവിടെ ഇൻഡസ്ട്രീ—വൈസ്, ഒരു സെറ്റിൽമെന്റ് ഉണ്ടാക്കണം എന്ന കാര്യം പരാമർശിച്ചു. വാസ്തവത്തിൽ തൊഴിലാളികൾക്ക് ബോണസ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ ഇൻഡസ്ട്രീ—വൈസ് ഡിസിഷനുണ്ടാക്കാറുണ്ട് എന്ന് ഞാൻ പറയുന്നില്ല. പക്ഷെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് ചില വ്യക്തമായ തീരുമാനങ്ങൾ എടുത്തു. നമ്മുടെ പല പൊതുമേഖലാ സ്ഥാപനങ്ങളിലും പലപ്പോഴും അതിന് ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. അത് വിവിധങ്ങളായ കാരണങ്ങൾ കൊണ്ടാണ്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. പക്ഷേ ഗവൺമെൻറിന്റെ ഉടമയിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര ഗവൺമെൻറിന്റെ പേമെൻറ് ഓഫ് ബോണസ് ആക്ട് പ്രകാരം തന്നെ ബോണസ് കൊടുക്കണമെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചു. അതേ അവസരം കശുവണ്ടി വികസന കോർപ്പറേഷന്റെ കാര്യം എന്താണ്? ഈ ഗവൺമെൻറ് കശുവണ്ടി വികസന കോർപ്പറേഷനെ എന്നും സഹായിക്കണമെന്നതാണ് വസ്തുത.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ വ്യവസായത്തിൽ, ബോണസ് ഉണ്ടായ കാലം മുതൽ—രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുള്ള കാലം മുതൽ ബോണസ് സുണ്ട്—അതാത് വ്യവസായത്തിലുള്ള എല്ലാ വ്യവസായികളും , എല്ലാ കമ്പനികളും, ആ തീരുമാനമനുസരിച്ച് ബോണസ് കൊടുത്തിരുന്നു. കോർപ്പറേഷൻ ഉണ്ടായതിനുശേഷം കഴിഞ്ഞ വർഷംവരെ കൊടുത്തിരുന്നു. ഇപ്പോൾ അതിന് മാറ്റം വരുത്തുന്നത് ശരിയല്ല. വ്യാവസായികാടിസ്ഥാനത്തിലുള്ള തീരുമാനം നടപ്പാക്കാതെ വന്നാൽ ബുദ്ധിമുട്ടുണ്ടാകും. ഇതുവരെ ഈ വ്യവസായത്തിൽ അംഗീകരിച്ചിരിക്കുന്ന കീഴ്വഴക്കം ലംഘിക്കുകയല്ലേ ചെയ്യുന്നത്?

ശ്രീ. ഇ. അഹമ്മദ്: ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഒട്ടുവളരെ വ്യവസായങ്ങളെ കണക്കിലെടുക്കണം. കശുവണ്ടി വ്യവസായം, കൈത്തറിവ്യവസായം, ടെക്സ്റ്റയിൽ വ്യവസായം ഇങ്ങനെ ഓരോ രംഗത്തേയും നോക്കണം. ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ശ്രീ. ഉണ്ണി ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെൻറ് തീരുമാനമെടുക്കാനുണ്ടായ പ്രധാന കാരണം കശുവണ്ടി വികസന കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതിയാണ്. 31-3-1984—ൽ മൊത്തം ലോൺ തുകയായ പതിനെട്ടുകോടി ഇരുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തിയൊൻപതിനായിരം രൂപയും അതിന്റെ പലിശയായ പത്തുകോടി നാൽപ്പതുലക്ഷത്തി എൺപതിനായിരം രൂപയും കൂടി ചേർത്ത് 28,66,29000 രൂപ കടമായിട്ട് ഉണ്ടായിരുന്നു. ഇത്രയും വലിയ തുക കടബാദ്ധ്യതയുള്ള കോർപ്പറേഷന് ഒരു ബാങ്കിൽ നിന്നും സഹായം ലഭിക്കാത്ത ചുറ്റുപാടിൽ ഗവൺമെൻറ് 28,66,00,000 രൂപ ഇക്വിറ്റിയായി മാറ്റുകയാണ് ചെയ്തത്. ഒന്നരക്കോടിരൂപ മാത്രം ഉണ്ടായിരുന്ന കോർപ്പറേഷന് സാമ്പത്തിക സഹായം കൊടുക്കാൻ സാമ്പത്തിക സ്ഥാപനങ്ങൾ വിസമ്മതിച്ച സാഹചര്യത്തിൽ ഇത്രയും തുക ഇക്വിറ്റിയായിട്ട് മാറിയത് കോർപ്പറേഷന്റെ പ്രവർത്തനത്തെ സഹായിക്കാൻവേണ്ടിയാണ്. അതേത്തുടർന്ന് കേന്ദ്രഗവൺമെൻറിൽനിന്നും മൂന്നു കോടിരൂപ കൂടി വാങ്ങിച്ചു. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി ഇനിയും ചോർന്നുപോകാതെ, തകർന്നുപോകാതെ, തളർന്നുപോകാതെ പിടിച്ചു നിറുത്തണം. കാരണം 34 ഫാക്ടറികളിലുള്ള 32,000 തൊഴിലാളികളെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്.

കശുവണ്ടി വ്യവസായത്തിലെ മറ്റു ചില കാര്യങ്ങളെപ്പറ്റി ശ്രീ. ഉണ്ണി ചൂണ്ടിക്കാണിച്ചു. കുത്തകസംരേണം വേണ്ടെന്നുവച്ച നയപരിപാടിയിൽനിന്നും ഇപ്പോൾ പുറകോട്ട് പോകാൻ ഗവൺമെൻറ് ഒരുക്കമല്ലെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് അദ്ദേഹത്തോട് പറയാനുള്ളത്. കശുമാവ് കർഷകനെ സംബന്ധിച്ചിടത്തോളം തോട്ടണ്ടിക്ക് ഈ പ്രാവശ്യം ലഭിച്ച വില ഒട്ടും കുറവല്ല. പത്തും പതിനൊന്നും രൂപ അവർക്ക് ലഭിച്ചിരുന്നു. കശുവണ്ടിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതൽ ജോലി ലഭ്യമാക്കാനുള്ള നടപടി സംസ്ഥാന ഗവൺമെൻറ് ചെയ്യുന്നുമുണ്ട്. 1982–83 ൽ കശുവണ്ടി വികസന കോർപ്പറേഷൻ എഴുപത് ദിവസവും 1983–ൽ 76 ദിവസവും 1934–ൽ 103 ദിവസവും ജോലികൊടുത്തതായിട്ട് എനിക്ക് വിവരം ലഭിച്ചിട്ടുണ്ട്. 1985 ജൂൺവരെ 19 ദിവസവും സെപ്റ്റംബറിൽ രണ്ട് ദിവസവും പ്രവർത്തി കൊടുത്തു. കൂടുതൽ ദിവസം തൊഴിൽ കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ ജോലി കൊടുക്കാനാവശ്യമായ തോട്ടണ്ടി ലഭിക്കുമെന്നുള്ള ഉദ്ദേശത്തിൽ കിട്ടാവുന്നിടത്തുനിന്നെല്ലാം വാങ്ങിക്കുന്നതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കുത്തക സംഭരണമെന്നുള്ളത് ഇനി ആവശ്യമില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കാനാണ് സംസ്ഥാന ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം കശുവണ്ടിവികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമായി ക്രമീകരിച്ചുകൊണ്ട് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കിട്ടാൻ ഗവൺമെൻറ് ശ്രമിക്കുകയാണ്.

കൂട്ടത്തിൽ മറ്റു പലതും ഇവിടെ പരാമർശിക്കുകയുണ്ടായി. അത് കാപ്പെക്സിനെ സംബന്ധിച്ചിടത്തോളമാണ്. അതിനെ സംബന്ധിച്ച ഒരു ബില്ല് നാളെ ഈ സഭയിൽ വരുന്നതുകൊണ്ട് മുൻകൂട്ടി ഒന്നും മറുപടി പറയണമെന്ന് ആഗ്രഹിക്കുന്നില്ല. എന്നാലും പല രീതിയിലുള്ള ദുരുദ്ദേശപരമായ പരാമർശനം ഈ സഭയിൽ ഉണ്ടായതിൽ എനിക്ക് സങ്കടമുണ്ട്. ബോണസ്സിനെ സംബന്ധിച്ച് പറയുമ്പോൾ ബോണസ് എത്ര കൊടുക്കാമെന്നതിന് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഒരു ഗൈഡ് ലൈൻ ഉണ്ട്. അതിൽ ഗവൺമെൻറ് ഉറച്ചു നിൽക്കുകയാണ്. കാപ്പെക്സ് പുനഃസംഘടിപ്പിച്ചതിനെക്കുറിച്ച് ദുരുദ്ദേശപരമായി ആരോപിച്ചു. കാപ്പെക്സ് എന്നുള്ള ബോഡി റീസ്ട്രക്ച്ചർ ചെയ്യണമെന്ന തീരുമാനം വളരെമുമ്പുതന്നെ ഗവൺമെൻറ് എടുത്തതാണ്. ശ്രീ. കൃഷ്ണകുമാറും ഞാനും ശത്രുക്കളാണോ സുഹൃത്തുക്കളാണോയെന്ന് ശ്രീ. സുരേന്ദ്രനാഥ് ചോദിച്ചു. ഞങ്ങൾ സുഹൃത്തുക്കളാണ്. ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. ഗവൺമെൻറിന്റെ തീരുമാനമനുസരിച്ചുള്ള നടപടി വന്നപ്പോൾ അതിന് പല വ്യാഖ്യാനങ്ങളും നൽകുകയാണ്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കാപ്പെക്സ് പൊതുമേഖലാ വിഭാഗത്തിൽ വളരെ പ്രശംസനീയമായ രീതിയിൽ സേവനം നടത്തുന്നതുകൊണ്ട് അതിനെ നല്ലനിലയിൽ നടത്തണമെന്ന് ഉദ്ദേശിച്ച് റീസ്ട്രക്ച്ചർ ചെയ്യാൻ തീരുമാനിച്ചു.

ശ്രീ. ആർ. എസ്. ഉണ്ണി: കാപ്പെക്സ് നടത്തുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് അവരുടെ സേവന വ്യവസ്ഥകളിൽ മാറ്റം വരുത്തി, കൂലി കുറയ്ക്കണമെന്ന നിർദ്ദേശം ഗവൺമെൻറ് കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: കശുവണ്ടിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പതിനായിരം രൂപവരെ ലഭിക്കുന്നുണ്ട്. അത് കാപ്പെക്സിലെ തൊഴിലാളികൾക്കും ലഭിക്കും. കശുവണ്ടി കോർപ്പറേഷനും കാപ്പെക്സുമായിട്ട് വ്യത്യാസമുണ്ട്. കാപ്പെക്സ് സഹകരണ മേഖലയിലുള്ളതാണ്. കാപ്പെക്സിലെ തൊഴിലാളിതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഉടമസ്ഥനും. അവിടത്തെ ജീവനക്കാരന് അതിന്റെ മാനേജുമെന്റിൽ ഉത്തരവാദിത്വമുണ്ട്. അങ്ങനെ ഉത്തരവാദിത്വമുള്ളതുകൊണ്ട് കോർപ്പറേഷനിലെ തൊഴിലാളികളും, കാപ്പെക്സിന്റെ നേട്ടത്തിലും കോട്ടത്തിലും ലാഭത്തിലും നഷ്ടത്തിലുമെല്ലാം ഭാഗഭാക്കാണ്. തൊഴിലാളിക്കുകൂടി പങ്കാളിത്തമുള്ള മാനേജുമെന്റാണ്. കാപ്പെക്സ് വന്ന സാഹചര്യംകൂടി നമ്മൾ കണക്കിലെടുക്കണം. 34 ഫാക്ടറികൾ കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷനുണ്ട്. കാഷ്യൂകോർപ്പറേഷന് കൂടുതൽ ഭാരം വച്ചുകൊടുക്കുന്നത് സാദ്ധ്യമല്ലാത്തതുകൊണ്ട്, നഷ്ടമുണ്ടാക്കുന്ന പ്രക്രിയ ഇല്ലാതാക്കാൻവേണ്ടി സഹകരണാടിസ്ഥാനത്തിൽ, തൊഴിലാളികൾക്കുകൂടി പങ്കാളിത്തം കൊടുത്തുകൊണ്ട് ഒരു സ്ഥാപനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചതിന്റേയും ആ നയം നടപ്പാക്കിയതിന്റേയും ഫലമായിട്ടാണ് കാപ്പെക്സ് വന്നിട്ടുള്ളത്. കാപ്പെക്സിലെ തൊഴിലാളിയെസംബന്ധിച്ച് ആ ഒരു ചുറ്റുപാട് വിസ്മരിച്ചുകൂടാ.

അതുപോലെ ഇവിടെ നടന്ന ചർച്ചയിൽ പലരും പലതും പറഞ്ഞു. ശരിയത്തിനെക്കുറിച്ച് പറഞ്ഞു, കള്ള് കച്ചവടത്തെക്കുറിച്ച് പറഞ്ഞു. സൂര്യനു താഴെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. എനിക്ക് അറിഞ്ഞുകൂടാ ഞാൻ എങ്ങനെയാണ് കള്ളു കച്ചവടവുമായി ബന്ധപ്പെട്ടതെന്ന്. മുമ്പ് വ്യവസായമന്ത്രിയായിരുന്ന ടി.വി. തോമസ്സിന്റെ കാലത്ത് നടന്നുവന്നത് ഇപ്പോഴും നടക്കുന്നുവെന്നുള്ളതേയുള്ളൂ. ഏതായാലും ഒരുകാര്യം മാത്രമേ പറയാനുള്ളൂ. ഈ വ്യവസായത്തെ സാരമായി ബാധിക്കുന്ന ഇത്തരം കാര്യങ്ങളിൽ ഏറ്റവും നല്ല ഒരു വീക്ഷണമാണ് ഗവൺമെന്റിനുള്ളത്. 'വായിൽ വന്നത് കോതയ്ക്ക് പാട്ട്' എന്ന് പറഞ്ഞതുപോലെ ചില മെമ്പർമാർ ചില പരാമർശങ്ങൾ നടത്തി. അതിന് മറുപടി അർഹിക്കാത്തതുകൊണ്ട് ഞാൻ മറുപടി പറയുന്നില്ല. ഈ നിയമം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള എന്റെ പ്രമേയത്തോട് അനുകൂലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി.കെ. രാജൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

1985 ലെ കേരള കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ഭേദഗതി ബിൽ വ്യവസായവും ധാതുക്കളും എന്ന 4–ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റി IV–ന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 സെപ്റ്റംബർ 10–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.29 ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly